ഉത്തരം.

(എ) പരാതി ലഭിച്ചു.

(ബി) വേണ്ട അന്വേഷണം നടത്തി. പരാതി അവാസ്തവമാണെന്ന് അറിയുന്നു. അവർതന്നെ കെട്ടിടം പൊളിച്ചതാണ്.

CALLING ATTENTION UNDER RULE 66:

മി. സ്പീക്കർ: ശ്രീമതി കുസുമം ജോസഫ്, ശ്രീമതി പി. ആർ. കുറുപ്പ് എന്നിവരുടെ ....

(സഭയിൽ കൂട്ടച്ചിരി)

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: സർ, ഞങ്ങളും ചിരിച്ചുപോയി. ഈയിടെ ചിലപ്പോൾ പുരുഷന്മാർ പെരുമാറുന്നതുപോലെ സ്ത്രീകളായി മാറുന്നതായി കേട്ടിട്ടുണ്ട്. അങ്ങനെ പറഞ്ഞുപോയതാണോ എന്നു വിചാരിച്ചാൽ മതി.

9 a. m.

മി. സ്പീക്കർ: ഞാൻ 'ശ്രീമതി കുറുപ്പ്' എന്നാണോ പറഞ്ഞത്? എങ്കിൽ I am sorry.

ശ്രീ. ജോസഫ് ചാഴിക്കാടൻ: കുമാരി പി. ആർ. കുറുപ്പ് എന്നു പറഞ്ഞാൽ മതി.

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇവർ റൂൾ 66 അനുസരിച്ചു നോട്ടീസ് തന്നിട്ടുണ്ട്. അതു രണ്ടും ഞാൻ അനുവദിക്കുന്നില്ല.

THE KERALA EDUCATION RULES.

Chapter XXI—(*contd.*)

Mr. Speaker: Yesterday Shri George Joseph Podippara was speaking when the House rose.

Shri George Joseph Podippara: എനിക്ക് പറയാൻ ഉള്ളതെല്ലാം ഇന്നലെ പറഞ്ഞുകഴിഞ്ഞു.

Mr. Speaker: Then, Shri Hassan Gani can now speak.

ശ്രീ. കെ. ഹസ്സൻ ഗനി: സർ, ഈ വകുപ്പ് പള്ളിക്കൂടങ്ങളിലെ നിയമനകാര്യങ്ങളെ സംബന്ധിക്കുന്നതായതുകൊണ്ട് ഇതുസംബന്ധിച്ച് രണ്ടു വാക്ക പറയേണ്ടതുണ്ട് അവശ്യസമുദായത്തിലെ ഒരംഗമായ എന്റെ കർത്തവ്യമാണെന്നു കരുതുന്നു. പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേനെ നിയമിക്കുവാനുണ്ടെങ്കിൽ തന്നെ ഇരുപത്തിഅഞ്ചു പേരുടെ ഒരു ലിസ്റ്റ് സമർപ്പിക്കണമെന്നും, ആ ലിസ്റ്റിൽനിന്നും പ്രൈവറ്റ്സ്കൂളിലേയ്ക്ക് ആവശ്യമുള്ള അദ്ധ്യാപകന്മാരെ എടുത്തതിനുശേഷം ബാക്കിവരുന്ന ഉദ്യോഗാർത്ഥികളെ ഒരു കൊല്ലത്തിനിടയിൽ ഉണ്ടാകുവാനിടയുള്ള ഒഴിവുകളിൽ നിയമിക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ ഒരു കൊല്ലത്തിനിടയിൽ അത്രയുംദൂരെ വേക്കൻസികൾ വരുകയില്ലെന്നതന്നെ വിചാരിക്കാം. പ്രൈവറ്റ്സ്കൂളുകളെ സംബന്ധിച്ചിടത്തോളം, അദ്ധ്യാപകന്മാരുടെ നിയമനകാര്യങ്ങളിൽ, മാനേജരന്മാർക്ക പൂർണ്ണ അധികാരം നൽകണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നുണ്ടെങ്കിലും അതിന്റെ അടിസ്ഥാനത്തിലാണെന്നു, പ്രൈവറ്റ്സ്കൂളിലെ നിയമനങ്ങൾ, ഏതു മതത്തിലോ, അല്ലെങ്കിൽ സമുദായത്തിലോ ഉൾപ്പെട്ടതാണോ, ആ സ്കൂളുകൾ ഏങ്കിൽ, ആ മതത്തിനോ അല്ലെങ്കിൽ സമുദായത്തിനോ മുൻഗണന നൽകിയായിരിക്കുമെന്നുള്ളതുകൊണ്ട് അവശ്യസമുദായങ്ങളുടെ കാര്യത്തിൽ അവിടെ കൂടി പരുങ്ങലുണ്ടാകുമെന്നുള്ളതു തീർച്ചയാണ്. അതുകൊണ്ട് ആ ലിസ്റ്റിൽ ബാക്കിവരുന്നവരെയെല്ലാം തന്നെ ഗവണ്മെൻറ് സ്കൂളുകളിൽ നിയമിക്കേണ്ടതാവശ്യമാണ്. ചുരുക്കിപ്പറഞ്ഞാൽ, പബ്ലിക് സർവ്വീസ് കമ്മിഷൻ നൽകുന്ന ലിസ്റ്റിൽനിന്നും പ്രൈവറ്റ് സ്കൂളിലേയ്ക്കാവശ്യമുള്ള അദ്ധ്യാപകരെ നിയമിച്ചുകഴിഞ്ഞതിനുശേഷം, ബാക്കിവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

അധ്യാപകരെ ഗവണ്മെന്റ് സ്കൂളിൽ നിയമിക്കുന്നപക്ഷം, അവശസമുദായങ്ങളുടെ താൽപ്പര്യവും സംരക്ഷിക്കപ്പെടും. ഗവണ്മെന്റ് സ്കൂളുകളിൽ നിയമനം നടത്തിക്കഴിഞ്ഞശേഷവും ലിസ്റ്റിൽ ബാക്കിവന്നാൽ, അടുത്തകൊല്ലത്തേക്ക് അവരെത്തന്നെ നിയമിക്കുകയോ, അല്ലെങ്കിൽ അവരെക്കൂടി നിയമിക്കത്തക്കവണ്ണം പുതിയ ലിസ്റ്റ് തയാറാക്കുകയോ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. പ്രൈവറ്റ് സ്കൂളിലെ നിയമനംകൊണ്ട് ഏതെങ്കിലും അവശസമുദായത്തിന് നിയമനം കിട്ടാതെവന്നാൽ, അതു നികത്തേണ്ടതാണ്.

പ്രൈവറ്റ് സ്കൂളുകളിലെ നിയമനം സർക്കാർ സ്കൂളുകളിലെ നിയമനം അല്ലെന്നും, അതു സ്റ്റേറ്റ് സർവ്വീസ് ആകുകയില്ലെന്നും, ഒരു വാദം ഇവിടെ ഉന്നയിക്കുകയുണ്ടായി. പ്രൈവറ്റ് സ്കൂളുകളിലെ നിയമനം സ്റ്റേറ്റ് സർവ്വീസായി ഗണിക്കുന്നതു തെറ്റാണോ അല്ലയോ എന്നെനിക്ക് നിശ്ചയമില്ല എന്നാൽ, അതു തെറ്റാണെന്നു ഒരു കോടതി നിശ്ചയിക്കുന്നതുവരെ പ്രൈവറ്റ് സ്കൂളുകളിൽ നിയമിക്കപ്പെടുന്ന അധ്യാപകന്മാർ സ്റ്റേറ്റ് സർവ്വീസിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാരായിത്തന്നെ പരിഗണിക്കപ്പെടണമെന്നാണ് എന്റെ അഭിപ്രായം. കാരണം, ഗവണ്മെന്റാണ് അവർക്ക് ശമ്പളം കൊടുക്കുന്നതു്. പ്രൈവറ്റ് സ്കൂളിലേയും ഗവണ്മെന്റ് സ്കൂളിലേയും അധ്യാപകന്മാരുടെ ശമ്പളവ്യവസ്ഥയും സർവ്വീസ് കണ്ടിഷനും എല്ലാം ഒരുപോലെയാണ്. അവരുടെമേൽ ഗവണ്മെന്റിനു കൺട്രോളുണ്ട്. പ്രാവിഡന്റ് ഫണ്ട് ഏർപ്പെടുത്തുക തുടങ്ങിയ മറ്റാനുകൂല്യങ്ങളും പ്രൈവറ്റ് സ്കൂളധ്യാപകന്മാർക്ക് ലഭിക്കുന്നതിനുള്ള നടപടികളും ഗവണ്മെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പ്രൈവറ്റ്സ്കൂളധ്യാപകന്മാരേയും സ്റ്റേറ്റ് സർവ്വീസ് ഉദ്യോഗസ്ഥന്മാരായിത്തന്നെ പരിഗണിക്കാവുന്നതാണ്. എന്റെ ഈ അഭിപ്രായം തെറ്റായിരിക്കാം. ഒരുപക്ഷേ അതു ശരിയുമായിരിക്കാം. അങ്ങനെ ഒരു കോടതി വിധിക്കുന്നതുവരെ, അവരെ സർക്കാരുദ്യോഗസ്ഥന്മാരായി ഗണിക്കുന്നതിൽ തെറ്റില്ല.

കോൺഗ്രസ്സ് പക്ഷത്തുള്ളവർ റിസർവ്വേഷനെ സംബന്ധിച്ചിത്തോളം ഒരു പ്രത്യേക നയമാണ് കൈക്കൊള്ളുന്നതു്. കോൺഗ്രസ്സുകാർ സംവരണം ഏർപ്പെടുത്തുന്നതിനെതിരാണെന്നു രേഖകൾക്കുവേണ്ടിയിപ്പോൾ ചിലർ പറയുകയുണ്ടായി. വിദ്യാഭ്യാസ ആക്ടിന്റെ II-ാം വകുപ്പ് ഇവിടെ ചർച്ചയ്ക്കെടുത്തവസരത്തിൽ പ്രതിപക്ഷനേതാവു് ഇവിടെ അവതരിപ്പിച്ച ഭേദഗതിയിലേക്കു ഞാൻ ഈ സഭയുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. അന്നു ഭേദഗതി അവതരിപ്പിച്ചുകൊണ്ടദ്ദേഹം പ്രസ്താവിച്ചതു്, ഇവിടെ റിസർവേഷൻ അവശസമുദായങ്ങൾക്കു തീർച്ചയായും നൽകണമെന്നും, ആ റിസർവേഷൻ വ്യവസ്ഥ പ്രൈവറ്റ്സ്കൂൾ ടീച്ചേഴ്സിന്റെ നിയമനക്കാര്യത്തിൽ ശരിയായി പരിപാലിക്കപ്പെടുന്നില്ലെങ്കിൽ, അതുകൂടി കണക്കിലെടുത്തുകൊണ്ട് ലിസ്റ്റിൽ ബാക്കിവരുന്നയാളുകളിൽനിന്നു ഗവണ്മെന്റ് സ്കൂളുകളിലേയ്ക്കുള്ള നിയമനം നടത്തണമെന്നും അതാണ് പ്രതിപക്ഷനേതാവു് കൊണ്ടുവന്ന നിർദ്ദേശം. ആ നിർദ്ദേശത്തെ പി. എസ്സ്. പി. നേതാവു മുസ്ലീംലീഗ് നേതാവും അനുകൂലിച്ചതായും അറിയാം. ആ നിലയ്ക്കു കോൺഗ്രസ്സ് നേതാവു് സംവരണത്തിനെതിരായിരുന്നില്ലെന്നുള്ളതു് പകൽപോലെ വ്യക്തമാണ്.

ശ്രീ. ടി. അബ്ദുറഹ്മാൻ: യോഗ്യതയുള്ളവരെയെല്ലാം ചേർത്തു് ഒരു ലിസ്റ്റും തയാറാക്കണമെന്നും, ആ ലിസ്റ്റിൽനിന്നും ഇഷ്ടമുള്ളവരെ മാനേജരന്മാർക്കു നിയമിക്കാമെന്നും പറഞ്ഞാൽ, അവിടെ റിസർവേഷൻ വരുമോ?

[Shri K. M. George in the Chair.]

ശ്രീ. കെ. ഹസ്സൻ ഗനി: മാനേജരന്മാർക്കിഷ്ടമുണ്ടെങ്കിൽ റിസർവേഷൻ വ്യവസ്ഥകൂടി നോക്കാം. അഥവാ നോക്കുന്നില്ലെങ്കിൽ ഗവണ്മെന്റ് സ്കൂൾ നിയമനത്തിൽ അതിന്റെ കുറവു പരിഹരിക്കേണ്ടതാണ്.

ശ്രീ. പി. ടി. ചാക്കോ: എന്റെ ആ ഭേദഗതി വായിച്ചുനോക്കിയാൽ മന്ത്രിയുടെ ഈ സംശയം നീങ്ങുന്നതാണ്. എല്ലായോഗ്യതയുള്ള ആളുകളേയും ലിസ്റ്റിൽ എടുക്കണമെന്നും ഇഷ്ടമുള്ളവരെ മാനേജർ നിയമിക്കണമെന്നും, അതു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

മനസ്സിൽവച്ചുകൊണ്ട് ഗവണ്മെൻറ് സ്കൂളുകളിലേക്കുള്ള അദ്ധ്യാപകന്മാരെ നിയമിക്കപ്പെട്ടുമ്പോൾ ഒരു വെയിറേജ് കൊടുത്തുകൊണ്ട് റിസർവ്വേഷൻറെ മാനദണ്ഡം സൃഷ്ടിക്കപ്പെടാവുന്നതാണെന്നും, ആണ് ആ ഭേദഗതിയിൽ ഞാൻ ഉന്നയിക്കുന്ന വാദം. ഇന്നലെ മുഖ്യമന്ത്രി ഡൽഹിയിൽവച്ചു ചെയ്ത പ്രസ്താവനയിലും ഈ തത്വം സ്വീകരിക്കപ്പെട്ടിട്ടുള്ളതായി കാണാം.

ശ്രീ. കെ. ഹസ്സൻ ഗനി: പ്രതിപക്ഷനേതാവ് അന്ന് ഉന്നയിച്ച വാദം അത്തരത്തിലുള്ളതായിരുന്നു. 1957 ആഗസ്റ്റ് 31-ാംതീയതിയായിരുന്നു ഇങ്ങനെയൊരു വാദഗതി ഈ സഭയിൽ കൊണ്ടുവന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ്: അമ്പതോ അതില്ലെങ്കിൽ മുപ്പതോ ശതമാനം ജാസ്തിമാർക്കുള്ള ഒരു ലിസ്റ്റും എടുക്കുന്നു. അതിൽ മുപ്പതു ശതമാനമാണ് പിന്നോക്കസമുദായക്കാർക്കായി നീക്കിവയ്ക്കുന്നതെന്നും വിചാരിക്കുക. അവസാനം ഈ മുപ്പതു ശതമാനം വരുന്നതുവരെ ഗവണ്മെൻറ് സർവ്വീസിലേക്ക് അദ്ധ്യാപകന്മാരെ അവശസമുദായ വിഭാഗത്തിൽനിന്നും നിയമിക്കണമെന്നാണോ പറയുന്നത്?

ശ്രീ. കെ. ഹസ്സൻഗനി: പബ്ലിക് സർവ്വീസ് കമ്മീഷൻ ആണല്ലോ ഗവണ്മെൻറ് സ്കൂളിലേക്കുള്ള നിയമനം നടത്തുന്നത്. അഡ്വർസ് വെരണതത്വത്തെക്കുടി അടിസ്ഥാനമാക്കി നിയമനം നടത്തേണ്ടതാണ്.

ശ്രീ. കെ ആർ. നാരായണൻ: പബ്ലിക് സർവ്വീസ് കമ്മിഷൻ ഒരു ലിസ്റ്റ് എടുത്തുകഴിഞ്ഞാൽ ആ ലിസ്റ്റിലുള്ള ആളുകളെ മുഴുവൻ നിയമിച്ചുകഴിഞ്ഞതിനുശേഷമേ രണ്ടാമതൊരു ലിസ്റ്റ് എടുക്കുവൂ എന്നു വന്നാൽ, ഈ കുഴപ്പം പരിഹരിക്കാൻ സാധിക്കുകയില്ലേ?

ശ്രീ. കെ ഹസ്സൻ ഗനി: സാധിക്കുന്നതാണ്.

ശ്രീ പി ഗോവിന്ദപ്പിള്ള: അങ്ങനെ ചെയ്താൽ, ഈ വ്യവസ്ഥ അനന്തമായി നീണ്ടുപോകുന്നതല്ലേ; അങ്ങനെ നീണ്ടുപോയാൽ, അതു ശരിയായിരിക്കുമോ?

ശ്രീ. കെ. ഹസ്സൻ ഗനി: ഞാൻ അതിനെപ്പറ്റി പറയാൻ പോവുകയാണ്. ഈ വ്യവസ്ഥ അനന്തമായി നീണ്ടുപോകണമെന്നു ഞാൻ പറയുന്നില്ല. ഈ രാജ്യത്തെ അവശസമുദായങ്ങൾക്ക് അവർഹിക്കുന്നതിന് 75 ശതമാനം ഉദ്യോഗങ്ങളെങ്കിലും ലഭിച്ചിട്ടുണ്ടെന്നു കണ്ടാൽ തീർച്ചയായും റിസർവേഷൻ എടുത്തു കളയാവുന്നതാണ് എന്നാണ് ഇന്നത്തെ സ്ഥിതി അതല്ല. മുസ്ലിം സമുദായത്തേയും ഈഴവസമുദായത്തേയും സംബന്ധിച്ചു പറഞ്ഞാൽ, സർക്കാർ സർവ്വീസ് നിയമനകാര്യത്തിൽ ഇന്നും അവർ പിന്നോക്കംതന്നെ നിലകൊള്ളുകയാണ്. അവരുടെ കണക്കിൻപ്രകാരമുള്ളതിൽ 75 ശതമാനം ഉദ്യോഗങ്ങളെങ്കിലും ലഭിക്കുന്ന അക്കാലത്തു റിസർവ്വേഷൻ എടുത്താലും വിരോധമില്ല. അപ്പോൾ ഞങ്ങൾക്കുവാദിക്കാം, നിയമനകാര്യത്തിൽ കുറെ ഭേദപ്പെട്ട ഒരു നില ഞങ്ങൾക്കു ലഭിച്ചിട്ടുണ്ട്, ഇനിയും ഭേദപ്പെട്ടുകൊള്ളും. എന്ന്.

ശ്രീ വി. ആർ കൃഷ്ണയ്യർ: ആകെയുള്ള ലിസ്റ്റിൽ നിന്നും പ്രൈവറ്റ് സ്കൂളിലേയ്ക്കായാലും, ഗവണ്മെൻറ് സ്കൂളിലേയ്ക്കായാലും നിയമനം നടത്തുന്നതുകൊണ്ട് പിന്നോക്കസമുദായക്കാർക്ക് നിയമനങ്ങൾ മുടങ്ങിപ്പോകുകയില്ലേ?

ശ്രീ. കെ. ഹസ്സൻ ഗനി: എങ്ങനെയാണ് മുടങ്ങുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. വി ആർ. കൃഷ്ണയ്യർ: അഞ്ഞൂറ് ആളുകളെ പ്രൈവറ്റ് സ്കൂളുകളിലേക്കും, അഞ്ഞൂറ് ആളുകളെ ഗവണ്മെൻറ് സ്കൂളുകളിലേക്കും നിയമിച്ചുവെന്നു വിചാരിക്കുക. പ്രൈവറ്റ് സ്കൂളുകളിലെ നിയമനം മാനേജരുടെ ഇഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

പോലെ നടത്തുകയും, അതോടൊപ്പം സംവരണവ്യവസ്ഥ അനുസരിച്ച് ഗവണ്മെൻറ് സ്കൂളുകളിലെ നിയമനം നടത്തുകയും ചെയ്യുമ്പോൾ ന്യായമായി അവശ സമുദായക്കാർക്ക് സംവരണ വ്യവസ്ഥയനുസരിച്ച് ലഭിക്കേണ്ട നിയമനങ്ങളുടെ എണ്ണം കുറഞ്ഞുപോകുകയില്ലേ, എന്നാണ് ചോദിച്ചത്.

ശ്രീ. കെ. ഹസ്സൻ ഗനി: ഗവണ്മെൻറ് സ്കൂളുകളിലെ നിയമനക്കാര്യത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. അവിടെ പൊതുവെയുള്ള ലിസ്റ്റിൽനിന്നും പ്രൈവറ്റ് സ്കൂളുകളിലെ നിയമനം നടത്തികഴിഞ്ഞതിനുശേഷം ബാക്കിയുള്ള നിയമനത്തിൽ പിന്നോക്കസമുദായക്കാർക്ക് ലഭിക്കേണ്ട സംവരണ ശതമാനം കൂടി ലഭിക്കത്തക്ക നിലയിൽ നിയമനം നടത്തിയാൽ കുഴപ്പം പരിഹരിക്കാൻ കഴിയും.

ശ്രീ. പി. ടി. ചാക്കോ: ഗവണ്മെൻറ് സ്കൂളുകളിലെ നിയമനത്തിൽ പ്രൈവറ്റ് സ്കൂളുകളിലെ നിയമനം കൂടി കണക്കിലെടുത്തുകൊണ്ട് പിന്നോക്കസമുദായക്കാർക്ക് സംവരണ വ്യവസ്ഥയനുസരിച്ച് കിട്ടാതെവരുന്നതെങ്കിൽ അതുകൂടി പരിഹരിച്ചു നിയമനം നടത്തിയാൽ മതിയാകുകയില്ലെ?

ശ്രീ പി ഗോവിന്ദപ്പിള്ള: അങ്ങനെ ചെയ്യുമ്പോൾ, ഗവണ്മെൻറ് സ്കൂളുകൾ മുഴുവൻ.....

Chairman: Mr. Govinda Pillai, what is this? Are you asking the question to the Leader of the Opposition? He was asking a question to the hon. Member who was in possession of the House.

ശ്രീ കെ. ഹസ്സൻ ഗനി: അങ്ങനെ ചെയ്താൽ റിസർവ്വേഷനെ ഒരിക്കലും ബാധിക്കുകയില്ല. റിസർവേഷൻ എടുത്തുകളയണം എന്നല്ല ഞാൻ പറയുന്നത്. 1950 നു ശേഷവും റിസർവേഷൻ ഇവിടെ നിലനില്ക്കുന്നുണ്ട്. മുസ്ലീം സമുദായവും, ഈഴവസമുദായവും മറ്റും വിദ്യാഭ്യാസകാര്യത്തിൽ വളരെപിന്നോക്കം നില്ക്കുന്നതുകൊണ്ട് ഉദ്യോഗനിയമനകാര്യത്തിൽ അവർക്ക് പ്രത്യേക പരിഗണന നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി റിസർവേഷൻ വച്ചിരിക്കുകയാണ്. ഇന്ന് വാസ്തവത്തിൽ ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഈ റിസർവേഷൻ വ്യവസ്ഥകൊണ്ടും, മതിയാകുന്നില്ലെന്നാണ് കാണുന്നത്. ഇന്നുവരെ നിയമനങ്ങൾ നടത്തിയിട്ടുള്ള ഒരു കണക്കെടുക്കുകയാണെങ്കിൽ, പിന്നോക്കസമുദായങ്ങൾക്ക് നീതിപൂർവ്വം ലഭിക്കുന്ന നിയമനങ്ങൾ തന്നെ ഇതുവരെ ലഭിച്ചിട്ടില്ലെന്നു കാണാവുന്നതാണ്.

മുസ്ലീംസമുദായത്തെ സംബന്ധിച്ചിടത്തോളവും മറ്റു അവശ സമുദായങ്ങളെ സംബന്ധിടത്തോളവും അവർഹിക്കുന്ന പരിഗണന നൽകപ്പെടണമെങ്കിൽ സംവരണം കുറെക്കാലത്തേക്കുകൂടി തുടരേണ്ടതുതന്നെ മതിയാകയുള്ളൂ. പ്രൈവറ്റ് സ്കൂളുകളിൽ പ്രാതിനിധ്യമായി അതാതു സമുദായത്തിൽപ്പെട്ടവർക്കും ഉദ്യോഗം കൊടുത്തു കഴിഞ്ഞാൽ മറ്റുള്ള സമുദായങ്ങളിൽപ്പെട്ടവർക്ക് ഉദ്യോഗങ്ങളും കിട്ടിയെന്നു വരികയില്ല. മുസ്ലീംസമുദായത്തിനും മറ്റു പിന്നോക്കസമുദായങ്ങൾക്കും സ്കൂളുകളുടെ എണ്ണം വളരെ ഇച്ഛമാണ്. ആ സ്കൂളുകളിൽ അവരെ നിയമിച്ചുതുടങ്ങുന്നതിനും ഫാക്കി പിന്നെയും വളരെ കുടുതൽ വരും. അങ്ങനെ വരുമ്പോൾ ബാക്കിവരുന്നവരെ ഗവണ്മെൻറ് സ്കൂളുകളിൽ എടുക്കുകയും, അതിൽപ്പിന്നെയും ബാക്കി വരികയാണെങ്കിൽ അവരെ അടുത്തകൊല്ലത്തെ ലിസ്റ്റിൽ പെടുത്തുകയും വേണം. അങ്ങനെ ചെയ്തു കഴിഞ്ഞാൽ തന്നെ മുമ്പ് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ളവരെ നിയമിച്ചുകഴിഞ്ഞെങ്കിൽ മാത്രമേ, രണ്ടാമത്തെ ലിസ്റ്റിൽപ്പെട്ടവരെ എടുക്കാൻ പാടുള്ളൂ എന്നുമാണ് ഞാൻ പറയുന്നത്. മുമ്പ് ഇവിടെ ഹബീബുള്ളാ മിവാനായിരുന്ന കാലത്തു് ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങൾ നൽകിയിരുന്നു. പക്ഷേ, അതിനുശേഷം നാക്സിൻെറ റിപ്പോർട്ട് വരികയും, അതിൽ റിസർവേഷൻ അംഗീകരിക്കുകയും ചെയ്തിരുന്നു. ആ റിസർവേഷൻ ഇന്നും ശരിയായി പാലിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഹസ്സൻ ഗനി]

വരികയാണ്. ആ റിസർവേഷൻ യാതൊരു തകരാറും വരാതെ ഇപ്പോഴും പാലിക്കണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ. തോപ്പിൽ രാമ്മുരൻ പിള്ള: സർ, ഒരു ചോദ്യം. വളരെ വ്യക്തമായിട്ടുള്ള രണ്ട് അഭിപ്രായങ്ങളാണ് ഇപ്പോൾ വന്നത്. ഒന്ന്, യോഗ്യതയുള്ളവരെ മുഴുവൻ ലിസ്റ്റിൽപ്പെടുത്തിയിട്ട് അതിൽനിന്നും മാനേജുക്കൾ ഇഷ്ടമുള്ളവരെ നിയമിക്കണമെന്നാണ്. മറ്റൊന്നു് ഈ ബില്ലിൽ പറയുന്ന വ്യവസ്ഥ. ഇതിൽ ഏതു് അഭിപ്രായത്തോടാണ് കസ്റ്റീംലിഗ് പാർട്ടിയുടെ ഉപനേതാവു് യോജിക്കുന്നു?

ശ്രീ. കെ ഹസ്സൻ ഗനി: സംവരണം തുടരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്.

ശ്രീ തോപ്പിൽ രാമ്മുരൻ പിള്ള: എന്റെ ചോദ്യം വളരെ വ്യക്തമാണ്. യോഗ്യതയുള്ളവരുടെയെല്ലാം ഒരു ലിസ്റ്റുണ്ടാക്കി അതിൽനിന്നും ആളുകളെ നിയമിക്കണമെന്നുള്ള അഭിപ്രായം വന്നു. മറ്റൊന്നു് ഈ പാനലിൽനിന്നും നിയമിക്കണമെന്നാണ്. ഇതിൽ ഏതു് അഭിപ്രായത്തോടാണ് യോജിക്കുന്നതു്?

ശ്രീ. കെ. ഹസ്സൻ ഗനി: പിന്നോക്കസമുദായങ്ങൾക്ക് ഗവണ്മെന്റ് നിശ്ചയിച്ചിട്ടുള്ള അവരുടെ റിസർവേഷൻ വ്യവസ്ഥയനുസരിച്ച് ഈ ഉദ്യോഗങ്ങൾ കൊടുത്താൽ തകരാറുകളൊന്നും വരികയില്ല.

ശ്രീ. കെ. ആർ. നാരായണൻ: ലിസ്റ്റിൽ രപ്പെടുത്തിയാലും, അൻപതിൽ പത്തു് എന്നുള്ള അടിസ്ഥാനത്തിൽ നിങ്ങൾക്ക് കിട്ടിയാൽ മതിയെന്നല്ലേ നിങ്ങളുടെ അഭിപ്രായം?

ശ്രീ. കെ. ഹസ്സൻ ഗനി: അതെ.

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ വാദപ്രതിവാദവേളയിൽ സംവരണത്തെ സംബന്ധിച്ചും 11-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളെ സംബന്ധിച്ചും ചില അശുഭകരമായ പരാമർശനങ്ങളും ഉണ്ടായതുകൊണ്ടാണ് ഞാൻ സംസാരിക്കണമെന്ന ഉദ്ദേശിക്കുന്നതു്. സർ, ഈ രാഗത്തുനിന്നും വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതു് എല്ലാ കമ്മ്യൂണിറ്റിയിലെയും അദ്ധ്യാപകന്മാരെയും, അദ്ധ്യാപകന്മാരായി ജോലിക്കാൻ ഗവണ്മെന്റും പ്രിപ്പറേഷൻ ചെയ്തിരിക്കുന്ന കാൻഡിഡേറ്റുകളെയും, ലിസ്റ്റിൽപ്പെടുത്തണമെന്നുള്ളതാണ്. അങ്ങനെ ലിസ്റ്റിൽ രപ്പെടുത്തിക്കഴിഞ്ഞാൽ ഈ വകുപ്പിൽ പറയുന്ന മാതിരിയുള്ള സംവരണവ്യവസ്ഥയുടെ യാതൊരു ഹാനിയും സംഭവിക്കുന്നതല്ല എന്നും വളരെ വ്യക്തമാണ് ഈ ലിസ്റ്റിൽ അദ്ധ്യാപകന്മാരായി വരാൻ യോഗ്യതയുള്ള എല്ലാവരേയും രപ്പെടുത്തണം എന്നു പറയുന്നതു സ്വകാര്യമാനേജുമെന്റുകൾക്ക് അവർ ആഗ്രഹിക്കുന്ന ആളുകളെ നിയമിക്കാനുള്ള സൗകര്യം പൂർണ്ണമായി ലഭിക്കുന്നതിനു വേണ്ടിയാണ്. ആ സ്വാതന്ത്ര്യം ഇന്നത്തെ നിലയിൽ അവശ്യമാണ്. സ്വകാര്യമാനേജുമെന്റുകളെ നിരുത്സാഹപ്പെടുത്തുന്ന ഈ വ്യവസ്ഥ ഇതിൽനിന്നും എടുത്തുകളയേണ്ടതാണ്. ഗവണ്മെന്റിന്റെ നയംമൂലം സ്വകാര്യമാനേജുമെന്റുകൾ നടത്തുന്ന സ്കൂളുകളെ പ്രോത്സാഹിപ്പിച്ചാലേ ഈ രാജ്യത്തെ വിദ്യാഭ്യാസപുരോഗതിക്ക തടസ്സം കൂടാതെകണ്ടിരിക്കൂ എന്നു വിശ്വസിക്കുന്നുണ്ടെങ്കിൽ ഈ രാജ്യത്തെ സ്വകാര്യവിദ്യാലയങ്ങളുടെ മാനേജുമെന്റുകളെ ബഹു: മന്ത്രി പറയുന്നതുപോലെ മുക്കുകയറിട്ടു പിടിക്കുന്നതു് ആശാസ്യമായിരിക്കുകയില്ല.

ശ്രീ. തോപ്പിൽ രാമ്മുരൻ പിള്ള: സർ, ഒരു സംശയം ചോദിക്കുകയാണ്: ഇന്നത്തെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമമനുസരിച്ച് ഒരാറാ സമുദായത്തിൽനിന്നു മാത്രം ഉള്ള ആളുകളെ അല്ലാതെ ഈ വലിയ ലിസ്റ്റിൽനിന്നും മറ്റാക്കും കൊടുക്കാനൊക്കുകയില്ല. അതായതു് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഈ നിയമനവ്യവസ്ഥയനുസരിച്ച് ആണെന്നു വരികിൽ ഒരു വലിയ

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽ ധാരാളം ആളുകൾ ഉണ്ടായിരിക്കെ എല്ലാ സമുദായപ്രതിനിധികൾക്കും പ്രൈവറ്റ് സ്കൂളുകളിൽ നിയമനം കൊടുക്കാനാകുമോ? ഇന്നു് യോഗ്യതയുള്ള എല്ലാ ആളുകളേയും ലിസ്റ്റിൽപ്പെടുത്തിയാൽ അതൊന്നു മനസ്സിലാക്കിത്തരുമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതെല്ലാം മനസ്സിലായില്ല എന്നുള്ള വിചാരം വേണ്ട. സർ, ആ ലിസ്റ്റിൽനിന്നും ഏതെങ്കിലും പ്രത്യേക സമുദായത്തിൽപ്പെട്ട അദ്ധ്യാപകന്മാരെ പ്രൈവറ്റ്സ്കൂളുകളിൽ എടുത്തുകഴിഞ്ഞാൽ ആ ലിസ്റ്റിൽ ആ സമുദായത്തിൽപ്പെട്ട എത്ര ആളുകളെ എടുത്തു എന്നു നോക്കണം. അതിന്റെ ശതമാനം കണക്കാക്കി പിന്നീടെടുക്കുന്ന ലിസ്റ്റിൽ അത്രയും ശതമാനം കുറച്ചേടുത്തു അതിൽ മറ്റു സമുദായങ്ങൾക്കു് കൂടുന്ന ശതമാനം സക്കാർസ്കൂളുകളിൽ പൂർത്തിയാക്കണം.

ശ്രീ. തോപ്പിൽ മാസ്കരൻ പിള്ള: പബ്ലിക്സർവ്വീസ്കമ്മിഷൻ ചട്ടമനുസരിച്ചു് അങ്ങനെ ചെയ്യാൻ സാധ്യമാകുമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതിനു യാതൊരു തരക്കേടുമില്ല. സെലക്ഷൻ ചെയ്യുമ്പോഴാണു് ഓരോ സമുദായത്തിനും ഇത്രയേറെ എന്നു പറഞ്ഞു സെലക്ഷൻ ചെയ്യുന്നതു്. പക്ഷേ അതിനുമുമ്പേതന്നെ എല്ലാ കാറ്റഗറിയിലെയ്ഡായ്ട്ടുള്ള ആളുകളുടേയും ലിസ്റ്റു പൂർത്തിയാക്കണം.

ശ്രീ. കെ. എ. ബാലൻ: ആ ലിസ്റ്റിൽ റിസർവ്വേഷൻ സ്വീകരിക്കണമെന്നുള്ളതാണോ അടിപ്രായം?

ശ്രീ. എ. എം. കല്യാണകൃഷ്ണൻ നായർ: സംസ്ഥാനത്തു യോഗ്യതയുള്ള ആളുകളുടെ ഒഴിവുകൾ ലിസ്റ്റു തയാറാക്കിയതിൽ പിന്നെ ഈ പബ്ലിക്സർവ്വീസു കമ്മിഷന്റെ ആവശ്യമുണ്ടോ?

ശ്രീ. കെ. എ. ബാലൻ: മാനേജ്മെന്റു സ്കൂളുകൾ ഏഴായിരം ഉണ്ടെന്നും സക്കാർ സ്കൂളുകൾ നാലായിരമേ ഉള്ളുവെന്നും ബഹു: മെമ്പർക്കറിയാമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതുകൊണ്ടു് തരക്കേടില്ല. ഇവിടത്തെ പിന്നോക്കസമുദായക്കാരുടെ കുറേ സ്കൂളുകളുണ്ടു്. അതുകൊണ്ടു് ആ സമുദായത്തിൽപ്പെട്ടവരെ കുറേയൊക്കെ അവിടെ നിയമിക്കാൻ സാധിക്കും. റിസർവ്വേഷൻ വേണ്ട എന്നുള്ള അർത്ഥത്തിലല്ല ഞാൻ സംസാരിക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു: ശ്രീമാൻ വിശ്വനാഥൻ പറഞ്ഞതുപോലെയുള്ള ഒരു നയം സ്വീകരിക്കുകയാണെങ്കിൽ ഗവണ്മെന്റു സ്കൂളുകളിൽ ഒട്ടുമുക്കാലും പിന്നോക്കസമുദായക്കാർ വന്നു എന്നു വന്നേയ്ക്കാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഏതെങ്കിലും സമുദായത്തിന്റെ ഓഹരി നിയമിക്കപ്പെടാതെ ആ ലിസ്റ്റിൽ വന്നിട്ടുണ്ടെങ്കിൽ അതു സക്കാർ സ്കൂളുകളിൽ നിയമിച്ചു് അതു പരിഹരിക്കണമെന്നുള്ളതാണു് ഈ മാന്യസുഹൃത്തു പറഞ്ഞതിന്റെ പൊരുൾ.

ശ്രീ. ഇ. പി. ഗോപാലൻ: മി. കുറുപ്പു പറഞ്ഞതിൽനിന്നും ഏതാനും പിന്നോക്കസമുദായത്തിൽപ്പെട്ട അദ്ധ്യാപകന്മാർക്കു് നിയമനം കിട്ടാതെയുണ്ടെങ്കിൽ അവരെ മുഴുവനും ഗവണ്മെന്റു സ്കൂളുകളിലേ നിയമിക്കാവൂ എന്നാണോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: പ്രൈവറ്റു സ്കൂളുകളിൽ പിന്നോക്കസമുദായത്തിൽപ്പെട്ടവരെ നിയമിക്കുകയില്ല എന്നുള്ള ധാരണ അങ്ങനെയാറും തെറ്റാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ: ലത്തീൻകത്തോലിക്കരും, മുസ്ലീംങ്ങളും ഇവ്ടെ ധാരാളം സ്കൂളുകൾ നടത്തുന്നുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ കെ. കെ. വിശ്വനാഥൻ: അതുകൊണ്ടുതന്നെ അങ്ങനെ ഒരു ധാരണയുടെ ആവശ്യമില്ല. എല്ലാ പ്രൈവറ്റ് സ്കൂളുകളിലും ഇന്നാമറ്റ വിഭാഗത്തിൽപ്പെട്ട ആളുകളെ നിയമിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. ആർ. ഗോവിന്ദൻ: ഇന്നു നമ്മുടെ സംസ്ഥാനത്തിൽ 7000 പ്രൈവറ്റ് സ്കൂളുകളുള്ളതിൽ ഒരൊറ്റ ഹരിജനും ജോലി നോക്കുന്നില്ല എന്നുള്ളതറിയാമോ?

ശ്രീ കെ കെ. വിശ്വനാഥൻ: അതു ശരിയല്ല. പല സ്ഥലങ്ങളിലും ജോലി നോക്കുന്നുണ്ട്.

ശ്രീ. കെ. എ. ബാലൻ: ലിസ്റ്റിൽ അഞ്ഞൂറുപേർ ഉണ്ടെന്നിരിക്കട്ടെ. അതിൽ നാന്നൂറുപേരെ പ്രൈവറ്റ് സ്കൂളുകളിൽ നിയമിച്ചു. ബാക്കി നൂറു പേർ ഉണ്ട്. അവരെ ഗവണ്മെൻറ് സ്കൂളുകളിൽ നിയമിക്കണമെന്നാണോ?

ശ്രീ കെ കെ വിശ്വനാഥൻ: എടുക്കാത്ത വിഭാഗങ്ങളിൽനിന്നും അതുകൂടി ഗവണ്മെൻറ് സ്കൂളുകളിൽ.....

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: ഞാൻ ഒന്നുകൂടി വ്യക്തമാക്കാം. അഞ്ഞൂറുപേരുള്ള ഒരു ലിസ്റ്റിൽനിന്നും നാന്നൂറുപേരെ പ്രൈവറ്റ് മാനേജ്മെൻറ് നിയമിച്ചു. പിന്നെ നൂറാളുകളുണ്ട് അവരെ ഗവണ്മെൻറ് സ്കൂളിലും നിയമിച്ചു. എങ്കിൽതന്നെ ഈ ആകെയുള്ളതിൻറെ നാലിലൊന്നേ ആകുന്നുള്ളൂ.

ശ്രീ. കെ. കെ വിശ്വനാഥൻ: അതുതന്നെയാണ് ഞാൻ നേരത്തെ പറഞ്ഞതു് മാനേജ്മെൻറ് അവരുടെ സമുദായത്തിൽ പെട്ടവരെമാത്രം എടുക്കും എന്നുപറയുന്നതു ശരിയല്ല. ഇതെല്ലാം സങ്കല്പത്തിൽനിന്നും പറയുകയാണ് യാഥാർത്ഥ്യങ്ങളുമായി യാതൊരു ബന്ധവുമില്ലാതെ കുറെ കാര്യങ്ങൾ സങ്കല്പിച്ച് ഈ കണക്കുകൾ എല്ലാം വളച്ചൊടിച്ച് കൊണ്ടുമാത്രമാണ് ഇവിടെ ഇങ്ങനെയെല്ലാം പറയുന്നതു്.

ശ്രീ. കെ ഏ ബാലൻ: ബഹുമാനപ്പെട്ട മെമ്പർ ഈ കണക്ക പരിശോധിച്ചിട്ടാണോ പറയുന്നതു്?

ശ്രീ. കെ. കെ. വിശ്വനാഥൻ: കണക്ക പരിശോധിച്ചു കൊണ്ടുതന്നെയാണ് പറയുന്നതു് ഈ രാജ്യത്തു പ്രൈവറ്റ് സ്കൂളുകളിൽ പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് നിയമനം വളരെ കുറച്ചുമാത്രമേ കിട്ടുകയുള്ളൂ, എന്നു പറയുന്നതു വെറും സങ്കല്പം മാത്രമാണ്. സർക്കാർ സ്കൂളുകളിൽ പല വിഭാഗത്തിൽപ്പെട്ടവർക്കും നിയമനം ഉറിക്കുന്നുണ്ട്. ഇന്നു മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്കൂളുകളുള്ളതുകൊണ്ട്.....

ശ്രീ. കെ. ഭാർഗ്ഗവൻ: ഇതുകൊണ്ട് പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളുകളിൽ റിസർവ്വേഷൻറ പൂർണ്ണ ഗുണം അവർക്ക് കിട്ടുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: കിട്ടിയിട്ടില്ലെങ്കിലും കുറയ്ക്കേണ്ടതില്ല. പിന്നാക്കസമുദായങ്ങളുടെ സ്കൂളുകളും ഈ രാജ്യത്തുള്ളതുകൊണ്ട്.....

ശ്രീ. കെ. ഭാർഗ്ഗവൻ: സ്കൂളുകളുടെ എണ്ണം പരിശോധിച്ചാൽ വളരെ കുറവായിരിക്കും എന്നറിയാമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: കുറവെന്നാണ്, എത്ര എന്നുള്ളതല്ല നാം പരിഗണിക്കേണ്ടതു്. അതു പരിഹരിക്കുന്നതിനാണ് ലിസ്റ്റിൻറ അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്തേക്കുകൂടി പരിഗണിക്കണം എന്നും പറയുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അതു പരിഹരിക്കാൻ സാധിക്കുമെന്നു . . . . . .

ശ്രീ. എം. നാരായണക്കുറുപ്പ്: അങ്ങനെ വരുമ്പോൾ പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകളെയാണ് ഈ സർക്കാർ സ്കൂളുകളിലേക്ക് നിയമിക്കപ്പെടേണ്ടിവരുന്നതെന്നു മെമ്പർക്കറിയാമോ ?

ശ്രീ. കെ. കെ. വിശ്വനാഥൻ : അങ്ങനെ വ്യവസ്ഥ ചെയ്യേണ്ടതായ ഒരു പരിതസ്ഥിതിയല്ല ഇപ്പോഴുള്ളതു്

സർ, ഏതായാലും ബഹുമാനപ്പെട്ട ഞങ്ങളുടെ നേതാവു വിദ്യാഭ്യാസബില്ലിന്റെ ചർച്ചാവേളയിൽ അതിനൊരു ഭേദഗതി വ്യക്തമായി ഇവിടെ ഉന്നയിച്ചിട്ടുള്ളതാണു്. അതു മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ടു്. അതു മറ്റൊരു പ്രശ്നം. പക്ഷേ അതു ഭേദഗതിരിക്കുന്ന ആളുകളും ഇതു വീണ്ടുകൂടെ ചോദ്യങ്ങളും ചോദിക്കുന്നതു് കാണുമ്പോൾ അവർ ഈ സംവരണത്തെപ്പറ്റി അങ്ങേയറ്റം അനുകൂലികളാണെന്നുള്ള ഒരു പ്രതീതി ജനിപ്പിക്കുന്നതാണു്. അതിനു സത്യവുമായി വല്ല ബന്ധവുമുണ്ടോ എന്നു് ഞാൻ ചോദിക്കുകയാണു്.

ശ്രീ. കെ. എ. ബാലൻ : സ്വയം ചോദിച്ചാൽ മതി.

ശ്രീ കെ. കെ വിശ്വനാഥൻ : കേൾക്കാൻ ക്ഷമയുണ്ടെങ്കിൽ അതു ഞാൻ പറഞ്ഞു തരാം.

ഈ ഗവണ്മെന്റു അധികാരത്തിൽ വന്നതിനുശേഷം 1957 ഏപ്രിൽ 9-ാം നു പബ്ലിക്കു സർവ്വീസു കമ്മീഷൻ കൺസൾട്ടേഷൻ ചട്ടങ്ങൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിൽ പബ്ലിക്കു സർവ്വീസു കമ്മീഷന്റെ പരിധിയിൽനിന്നും കുറെ ഉദ്യോഗങ്ങൾ എടുത്തു കളയുന്നവയായിരുന്നു. അതിനു പറഞ്ഞ കാരണം ഈ ചട്ടങ്ങൾ ഇവിടെ പ്രസിഡന്റിന്റെ ഭരണം ഉണ്ടായിരുന്ന കാലത്തു് ഉണ്ടാക്കിയതാണെന്നും തങ്ങൾ അറിയാതെ പ്രസിദ്ധപ്പെടുത്തിയതാണെന്നുമാണു്. അതു ശരിയാണെങ്കിൽ ഞാൻ ചോദിക്കുകയാണു് സംവരണത്തിൽ ഈ ഗവണ്മെന്റു വിശ്വസിച്ചിരുന്നെങ്കിൽ അങ്ങിനെ തെറ്റായി അവരുടെ കണ്ണിൽ പെടാതെ എത്ര ദിവസം അവർ വച്ചുകൊണ്ടിരുന്നു എന്നു് അതു മാറ്റുന്നതിനു് എത്ര ദിവസം വേണം എത്ര മണിക്കൂർ വേണം. ആളുകൾ അതേക്കുറിച്ചു് എന്താണു് പറയുന്നതെന്നു നോക്കി. അതിനുശേഷം ഈ രാജ്യത്തെ പത്രങ്ങൾ അതിനെതിരായി മുഖപ്രസംഗങ്ങൾ എഴുതി അതിനുദ്ദേഹം പറഞ്ഞു ഇതു് ഞങ്ങൾ ചെയ്തതേയല്ല ഞങ്ങൾ ഇതിനു് എതിരായിരുന്നു എന്നു്. കമ്മ്യൂണിസ്റ്റു് പാർട്ടിയും, മുഖ്യമന്ത്രിയും ഇതിനെതിരായിരുന്നെങ്കിൽ 24 മണിക്കൂറിനകം അതു ചട്ടങ്ങൾ മാറ്റി ഈ രാജ്യത്തെ സംവരണത്തെ സംരക്ഷിക്കുന്നായി ഇവിടുത്തെ മുഖ്യമന്ത്രിയും, കൃഷിമന്ത്രിയും മുന്നോട്ടു വരുമായിരുന്നു. അവർ 24-ാം നു വരെ കാത്തിരുന്നു. 25-ാം നുയാണു് സർ ഈ ചട്ടം മാറ്റിയതു്. ഈ മന്ത്രിസഭ ഉൽഘാടനം ചെയ്യപ്പെട്ടതിനുശേഷം അടുത്തായിത്തന്നെ സംവരണത്തെപ്പറ്റിയുള്ള ഈ ഗവണ്മെന്റിന്റെ നില ഇതുകൊണ്ടുതന്നെ എന്താണു് എന്നു വളരെ വ്യക്തമായി മനസിലാക്കാൻ കഴിഞ്ഞു. അതിനുശേഷമാണു് വിദ്യാഭ്യാസബില്ലു് വന്നതു്. അതിൽ ഈ സംവരണം സംബന്ധിച്ചുള്ള വ്യവസ്ഥ ഉണ്ടായിരുന്നില്ല.

വിദ്യാഭ്യാസബിൽ ഇവിടെ അവതരിപ്പിക്കുന്ന കാലത്തു് സംവരണത്തെപ്പറ്റിയുള്ള ചിന്തപോലുമുണ്ടായിരുന്നില്ല. വിദ്യാഭ്യാസബിൽ ഇവിടെ വന്നപ്പോൾ രാജ്യത്തുനിന്നും നടന്നിട്ടുള്ള പ്രസംഗങ്ങളും മറ്റും ശ്രദ്ധിച്ചിട്ടുള്ള വർക്കു് അതു ബോദ്ധ്യമാകും. ഏതായാലും 11-ാം കൂപ്പിൽ ഇന്നു പറയുന്ന സംവരണവ്യവസ്ഥ എങ്ങനെയാണു് സാദ്ധ്യമാക്കിയതെന്ന ചരിത്രത്തിലേക്കൊന്നു കണ്ണോടിക്കാൻ ഞാൻ ബഹുമാനപ്പെട്ട നിയമസഭാ സാമാജികന്മാരോടഭ്യർത്ഥിക്കുകയാണു്. ബില്ലിൽ സംവരണത്തെപ്പറ്റി ഒന്നുംതന്നെ പറഞ്ഞിട്ടില്ല. ഇപ്പോഴത്തെ ഈ നിയമത്തിൽ സംവരണം ചെയ്യാനുണ്ടായ സാഹചര്യമെന്താണു? ഈ കേരളത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റംവരെ വലിയൊരു പ്രക്ഷോഭണംതന്നെ കൊണ്ടുനടക്കുകയുണ്ടായി. അതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

തങ്ങളുടെ വാഗ്ദാനങ്ങളിൽ വിശ്വസിച്ചിരുന്ന ഒരു വിഭാഗം തങ്ങളിൽനിന്നും വിട്ടുമാറുമല്ലോ എന്നു കണ്ടപ്പോൾ അതു പ്രക്ഷോഭണംകൊണ്ടുകാറിനെ തടയാൻ തന്ത്രപരമായി 11-ാംവകുപ്പിൽ ഉൾപ്പെടുത്തിയ ഒരു വ്യവസ്ഥയാണിതെന്നു് ആലോചിച്ചാൽ മനസ്സിലാകും. അല്ലാതെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കോ മന്ത്രിസഭയ്ക്കോ ഉള്ള ആത്മാർത്ഥതകൊണ്ടു് ഈ സംവരണ വ്യവസ്ഥ എഴുതിച്ചേർത്തു എന്നു വിശ്വസിക്കാൻ യാതൊരു ന്യായവും കാണുന്നില്ല ഞാനിതു പറയുന്നതിനു് ഉപോൽബലകമായ മറെറാരു വസ്തുത ശ്രദ്ധേയമാണു്. സമുദായപ്രാതിനിധ്യത്തെപ്പററിയോ സംവരണവ്യവസ്ഥയെപ്പററിയോ കമ്മ്യൂണിസ്റ്റ് പാർട്ടിയോ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റോ ചിന്തിച്ചിരുന്നെങ്കിൽ അതു തുടരാനോ നിലനിർത്താനോ അവർ ആഗ്രഹിച്ചിരുന്നുവെങ്കിൽ 11-ാംവകുപ്പു് എർപ്പെടുത്തിയതിനുശേഷം ഈ രാജ്യത്തു് അഡ്മിനിസ്ട്രേറ്റീവു് റിഫാംസ് കമ്മിററി റിപ്പോർട്ടു വന്നപ്പോൾ എടുത്ത നിലപാടു സ്വീകരിക്കുകയില്ലായിരുന്നു അന്നു് അവർ സ്വീകരിച്ച നിലപാടു് നമുക്കെല്ലാവർക്കും അറിയാം. സഹകാര്യമേഖലകളിൽ അധ്യാപകന്മാർക്കു് സംവരണം കൊടുക്കണമെന്നു് പറഞ്ഞ വിദ്യാഭ്യാസമന്ത്രി പബ്ലിക്കു് സർവ്വീസിലെ സംവരണവ്യവസ്ഥ തകർക്കണമെന്നു് (....) എഴുതിവച്ച (....) അഡ്മിനിസ്ട്രേറ്റീവു് റിഫാംസ് കമ്മിററിയിലെ ഭൂരിഭാഗമായിരുന്ന മുഖ്യമന്ത്രി ആ കമ്മിററിയിലെ ഭൂരിഭാഗമായിരുന്നു. പ്രൈവറ സ്കൂളുകളിൽ പ്രാതിനിധ്യം ആവശ്യമാണെന്നും പ്രാതിനിധ്യം കൊടുക്കണമെന്നും പറഞ്ഞവർ പബ്ലിക്കു് സർവ്വീസിൽ പ്രാതിനിധ്യംപാടില്ലെന്നു് വ്യക്തമായി എഴുതിവച്ചതു് ആത്മാർത്ഥതയോടെയാണോ എന്നു ഞാൻ ചോദിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ: പ്രാതിനിധ്യം വേണ്ടെന്നാണോ എഴുതിവച്ചിട്ടുള്ളതു്?

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെതന്നെയാണു് എഴുതിയിട്ടുള്ളതു്. സാമ്പത്തികാടിസ്ഥാനത്തിൽ വേണമെന്നു പറഞ്ഞാൽ സമുദായത്തിന്റെ അടിസ്ഥാനത്തിലല്ല എന്നു മനസ്സിലാക്കാനുള്ള ബുദ്ധി എനിക്കുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ: സമുദായത്തിന്റെ അടിസ്ഥാനത്തിൽ വേണമെന്നു് പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: സാമ്പത്തികാടിസ്ഥാനത്തിൽ വേണമെന്നു പറഞ്ഞാൽ സാമുദായികാടിസ്ഥാനത്തിലാണെന്നു് മനസ്സിലാക്കാനുള്ള മണ്ഡ്യം എനിക്കില്ല.

പണക്കാരായ ഇരുപതുപേരുടെ മക്കൾക്കു മാത്രമല്ലേ ഇതുകൊണ്ടു ഗുണംകിട്ടു; പാവപ്പെട്ട ഇരുപതുപേർക്കു് സംവരണംകൊണ്ടു് എന്താണു് പ്രയോജനം എന്നു ചോദിച്ചുകൊണ്ടു് അക്കാര്യം പ്രസംഗത്തിൽ പുച്ഛിക്കുന്നതു കേട്ടു. ആ ഭാഗത്തുനിന്നുണ്ടായതു് ഞാൻ ഓർക്കുകയാണു്. ഇവിടെ പോലീസ്നായ്ക്കളെകൊണ്ടുവന്നതിനെപ്പററി ഒരു ചോദ്യത്തിനുത്തരം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മെമ്പർ രാജഗോപാലൻ നായർ പുച്ഛസ്വരത്തിൽ ചോദിച്ചു, അതും സമുദായാടിസ്ഥാനത്തിലാണോ എന്നു്. സർ, അതുകൊണ്ടു് ഈ കാര്യത്തെ സംബന്ധിച്ചു് ഇവരുടെ ആത്മാർത്ഥതയിൽ എനിക്കു വിശ്വാസമില്ല. അഡ്മിനിസ്ട്രേറ്റീവു് റിഫാംസ്കമ്മിററി റിപ്പോർട്ടിൽ സാമ്പത്തികാടിസ്ഥാനത്തിൽ ആനുകൂല്യം വേണമെന്നു പറയുന്നതിന്റെ അടിസ്ഥാനം ഈ രാജ്യത്തു് സാമുദായികാടിസ്ഥാനത്തിൽ സംവരണം പാടില്ല എന്നുള്ളതാണു്. സർ, ഈ രാജ്യത്തു സാമുദായികാടിസ്ഥാനത്തിൽ സംവരണം വേണോ വേണ്ടയോ എന്നുള്ള വിവാദം ഇന്നു നടന്നുകൊണ്ടിരിക്കുകയാണു്. സംവരണം വേണമെന്നു് ഇവിടത്തെ കാൺഗ്രസ്സ് പറഞ്ഞിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ്പാർട്ടി തൽക്കാലം അതു വേണമെന്നു പറയുന്നുണ്ടെങ്കിലും സംവരണം അവർ ഒരിക്കലും അനുവദിക്കുകയില്ല. തൽക്കാലം ഈ രാജ്യത്തെ ജനങ്ങളെ തെററിദ്ധരിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി, ഒരു വിഭാഗം ജനങ്ങളുടെ കണ്ണിൽ മണ്ണിടാൻവേണ്ടി, ഈ രാജ്യത്തു കുഴപ്പമുണ്ടാക്കാൻവേണ്ടി സ്വീകരിച്ചിരിക്കുന്ന അടവു മാത്രമാണു് എന്നു് രണ്ടു കൊല്ലക്കാലമായി ഈ ഗവണ്മെൻറു് എടുത്ത നടപടികളും സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണു്. അതുകൊണ്ടു് സംവരണത്തിൻറെ കാര്യം പറഞ്ഞുകൊണ്ടു് ആ ഭാഗത്തിരിക്കുന്നവരാരും അതു ഞെളിഞ്ഞുപറയേണ്ട ആവശ്യമില്ല. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ചരിത്രം അറിയാവുന്നവർക്കു് സംവരണത്തിനു് എതിരാണു് അവരെന്നറിയാം. അവരുടെ എത്രയോ പ്രസംഗങ്ങളും സഹോദരത്തെയും സാഹോദര്യത്തെയും എതിർത്തുകൊണ്ടുള്ളതു നാം കേട്ടിട്ടുള്ളതാണു്. അതുകൊണ്ടു് സംവരണവ്യവസ്ഥയെ ആത്മാർത്ഥമായി അവർ അനുകൂലിക്കുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാൻ ഞാൻ തയ്യാറില്ല. ഈ രാജ്യത്തെ കുറെയാളുകളെ കുറെനാളത്തേയ്ക്കു് തെറ്റിദ്ധരിപ്പിക്കാൻ അവർക്കു് കഴിയുമായിരിക്കും. ആ വഞ്ചന വളരെ താമസിയാതെ ജനങ്ങളും മനസ്സിലാക്കിക്കൊള്ളും. വഞ്ചന മനസ്സിലാക്കിക്കഴിഞ്ഞാൽ ജനരോഷം അവരുടെ നേരെ ആഞ്ഞടിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല വിദ്യാഭ്യാസപ്രക്ഷോഭണകാലത്തു് ഇവിടത്തെ ക്രിസ്ത്യാനികളെക്കുറിച്ചു് എല്ലാ ഹിന്ദുക്കളെയും അണിനിരത്താൻ ശ്രമിച്ചു എന്നു് ആ അണിനിരത്തിയ ഹിന്ദുക്കളിൽ എത്ര പേർ ഇന്നു ഇവരുടെ കൂടെയുണ്ടു്. അവർ ആ വഞ്ചന മനസ്സിലാക്കിക്കൊണ്ടു് ഇവരോടു ഇപ്പോൾ കയ്ക്കുകയാണു്. ഹിന്ദുസമുദായത്തിൽ ബാക്കിയുള്ളവരും ഈ വഞ്ചന മനസ്സിലാകുമ്പോൾ ഗവണ്മെൻറിനെതിരായി നീങ്ങുമെന്നുള്ളതിൽ എനിക്കു സംശയമില്ല. സർ, ഞാൻ ഒന്നു വളരെ വ്യക്തമായി പറയുകയാണു്. ആക്ഷേപങ്ങൾ ഉന്നയിച്ചതുകൊണ്ടുമാത്രമായില്ല. ഓരോ പാർട്ടിയുടേയും ചരിത്രം നോക്കണം. അല്ലാതെ ഈവക കാര്യങ്ങളെപ്പറ്റി പറയുന്നതു് അപകടകരമാണു്. ഞാൻ ആ ഭാഗത്തിരിക്കുന്ന സുഹൃത്തുക്കളോടു പറയുകയാണു്. സംവരണവ്യവസ്ഥയുടെകാര്യം പറഞ്ഞുകൊണ്ടു ഇങ്ങോട്ടാരും കല്ലെറിയേണ്ട. അതിനു നിങ്ങൾക്കു അർഹതയില്ല.

അഡ്മിനിസ്ട്രേറ്റീവു് കമ്മിറ്റിയുടെ സ്റ്റുപാർശ വന്നതിനുശേഷമാണു് ഈ കുഴപ്പങ്ങളെല്ലാം ഇവിടുണ്ടായതു്. ആ കമ്മിറ്റിയുടെ റിപ്പോർട്ടു വന്നില്ലായിരുന്നെങ്കിൽ ഈ കലങ്ങിയ അന്തരീക്ഷം ഇവിടെയുണ്ടാകുമായിരുന്നില്ല. സംവരണത്തെപ്പറ്റിയുള്ള പ്രക്ഷോഭണവുണ്ടാകുമായിരുന്നില്ല. ഭാഷാവകുപ്പിനെപ്പറ്റി പ്രക്ഷോഭണമുണ്ടാകുമായിരുന്നില്ല. മന:പൂർവ്വം കമ്മ്യൂണിസ്റ്റുപാർട്ടി അവരുടെ തത്പരസംഹിത അഡ്മിനിസ്ട്രേറ്റീവു് റിഫോംസ് കമ്മിറ്റി റിപ്പോർട്ടിൽ എഴുതിപ്പിടിപ്പിച്ചില്ലായിരുന്നെങ്കിൽ ഈ രാജ്യത്തു കാണുന്ന കോളിളക്കങ്ങളും സഹോദയവിദ്വേഷങ്ങളും ഇവിടെയുണ്ടാകുമായിരുന്നില്ല. അതുണ്ടാകാൻ പ്രധാനമായ കാരണം അഡ്മിനിസ്ട്രേറ്റീവു് റിഫോംസ് കമ്മിറ്റി റിപ്പോർട്ടാണു്. ഇങ്ങനെയുള്ള ഈ ഉത്സരങ്ങളുടേയും കുഴപ്പങ്ങളുടെയും ഉത്ഭവം അഡ്മിനിസ്ട്രേറ്റീവു് റിഫോംസ് കമ്മിറ്റി റിപ്പോർട്ടാണെന്നും അതിനു കാരണക്കാർ ഇന്നത്തെ മന്ത്രിസഭയാണെന്നും മനസ്സിലാക്കുമ്പോൾ ജനങ്ങളും ഗവണ്മെൻറിൻറെ വഞ്ചനാപരമായ നിലപാടിനെതിരായി നീങ്ങുമെന്നുള്ളതിനു യാതൊരു സംശയവുമില്ല ഈ രാജ്യത്തെ സമുദായങ്ങളെ തമ്മിലടിപ്പിച്ചുകൊണ്ടു് മുതലെടുപ്പിക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യം ഇവരും സ്വീകരിക്കുമെന്നു വിചാരിക്കുകയാണെങ്കിൽ അതു തെറ്റാണു്. ഇതിനെതിരായി ആരെങ്കിലും ശബ്ദമുയർത്തിയാൽ അവരുടെ നേരെ പല്ലിളിച്ചുകാട്ടിയിട്ടു കാര്യമില്ല. ഓരോരുത്തരും ഇതിനെപ്പറ്റി ആത്മാർത്ഥമായി പരിശോധിക്കണം. ആത്മാർത്ഥതയോടെ ഇതിനെ അനുകൂലിക്കുന്നതാരാണെന്നു നോക്കണം. ശ്രീ. അച്യുതമേനോനോടു് പറയുകയാണു്. അഡ്മിനിസ്ട്രേറ്റീവു് റിഫോംസ് റിപ്പോർട്ടിലെ പ്രസക്തഭാഗം ഞാൻ വായിക്കുകയാണു്. "We are, therefore, of the view that the benefit of the reservation for backward classes should be given to those individuals who fall below a prescribed economic level."

ശ്രീ. പി. ഗോവിന്ദപ്പിള്ള: അടുത്ത പേജിലെ രണ്ടാമത്തെ ഭാഗംകൂടെ വായിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള: അതു വായിക്കരുതു്, മോഷമാണു്.

ശ്രീ കെ. കെ. വിശ്വനാഥൻ: അതെല്ലാം വായിച്ചിട്ടുണ്ടു്. ആദ്യം മുതൽ അവസാനം വരെ വായിക്കാനും വിരോധമില്ല. ഈ റിപ്പോർട്ട് ഇവിടെയിരിക്കുന്ന പലരും ഞാനും വായിച്ചിട്ടുണ്ടു്. അതിലെ റക്കമെൻഡേഷൻ എന്താണു്? സാമ്പത്തികാടിസ്ഥാനത്തിൽ വേണമെന്നാണു്. അതിന്റെ അടിസ്ഥാനത്തിൽ പല സുഹൃത്തുക്കളും സംസാരിച്ചതു നിയമസഭയിലിരുന്നുകൊണ്ടു ഞാൻ കേട്ടതാണു്. ഇതു് ആ ഭാഗത്തുള്ളവരായാലും ഈ ഭാഗത്തുള്ളവരായാലും ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

കമ്മ്യൂണൈഡ് ടീച്ചേഴ്സിനെ ഉൾപ്പെടുത്തി ലിസ്റ്റുണ്ടാക്കുന്ന സമ്പ്രദായം സ്വീകരിച്ചു മാനേജ്മെന്റിനു നിയമിക്കാനുള്ള പരിപൂർണ്ണമായ അധികാരം കൊടുക്കണമെന്നും അങ്ങനെ സഹകാര്യമാനേജരന്മാർ നിയമിക്കുന്ന അദ്ധ്യാപകർ കഴിച്ചു് ബാക്കിയുള്ള അദ്ധ്യാപകലിസ്റ്റിൽ നിന്നും അവിടെ പ്രാതിനിദ്ധ്യം കിട്ടാത്ത വിഭാഗത്തിനു സക്കാർ സർവ്വീസിൽ നിയമനം കൊടുക്കണമെന്നും അപേക്ഷിക്കുന്നു.

ശ്രീ. എൻ രാജഗോപാലൻ നായർ: മുരുക്കത്തിൽ 11-ാംവകുപ്പു 21-ാം ചാപ്റ്ററിലെ ക്ലോസുകളെ പിൻതാങ്ങുന്നു എന്നാണോ അർത്ഥം?

ശ്രീ. കെ. കെ. വിശ്വനാഥൻ: കേട്ടില്ല.

ശ്രീ എൻ. രാജഗോപാലൻ നായർ: 21-ാംചാപ്റ്ററിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിലുള്ള ഗവണ്മെൻറു കൊണ്ടുവന്നിരിക്കുന്ന ക്ലോസുകളെ പിൻതാങ്ങുന്നോ എതിർക്കുന്നോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ ക്ലോസുകളെ എതിർക്കുകയാണു്. കാരണം കമ്മ്യൂണൈഡ്ടീച്ചേഴ്സിനെ ഉൾപ്പെടുത്തിതയാറാക്കുന്ന ലിസ്റ്റിൽ നിന്നും മാനേജർക്കു് ഇഷ്ടമുള്ളവരെ നിയമിക്കാൻ സ്വാതന്ത്ര്യമില്ലാത്തതുകൊണ്ടുതന്നെ.

ശ്രീ. സി. അച്യുതമേനോൻ: ശ്രീമാൻ നാരായണക്കുറുപ്പിന്റെ ചോദ്യത്തിനുത്തരമായി പറഞ്ഞു ഗവണ്മെൻറു സർവ്വീസിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർ മാത്രം വരാൻ സാദ്ധ്യതയുണ്ടെന്നു്.....

ശ്രീ. കെ. കെ. വിശ്വനാഥൻ: ഇവിടെ ഒരു സമുദായത്തിലുള്ളവർ മാത്രം തരിച്ചിട്ടുണ്ടു്. അതുകൊണ്ടു് അതൊരു വലിയ കാര്യമല്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, 11-ാംവകുപ്പിൽ ഏറ്റവും പ്രധാനമായി പറഞ്ഞിട്ടുള്ളതു് അദ്ധ്യാപകന്മാരുടെ നിയമനം പി എസ്. സി. തയാറാക്കുന്ന ഒരു പാനലിൽനിന്നു് വേണമെന്നാണു്. മിക്കവാറും സംവരണത്തത്വത്തോടു പ്രതിപക്ഷനേതാക്കന്മാരെല്ലാം യോജിക്കുന്നുണ്ടു്. കുതിരപ്രക്ഷോഭണത്തിൽ എന്താണു് പറയുന്നതെന്നറിഞ്ഞില്ല സംവരണത്തെ അവർ അനുകൂലിക്കുന്നില്ല എന്നു പറഞ്ഞു് അവരിൽ ഭിന്നിപ്പുണ്ടാക്കണമെന്നു യാതൊരാഗ്രഹവും ഞങ്ങൾക്കില്ല. പിന്നോക്കസമുദായക്കാർക്കു പരിരക്ഷ നൽകുന്നതിനുള്ള ബില്ലിനു് കമ്മ്യൂണിസ്റ്റു പാർട്ടിയുടേയും കോൺഗ്രസ്സിന്റെയും സോഷ്യലിസ്റ്റു പാർട്ടിയുടേയും മുസ്ലിംലീഗിന്റെയും എല്ലാം പിൻതുണ വേണമെന്നാണു് ആഗ്രഹിക്കുന്നതു്. ഇക്കാര്യത്തിൽ അവക്കുപോലും ഭിന്നിപ്പുണ്ടാകുന്നതു് ഞങ്ങൾക്കിഷ്ടമല്ല.

ശ്രീ. പി. ടി. ചാക്കോ: കോൺഗ്രസ്സിലെ ഭിന്നിപ്പുകാര്യം ഞങ്ങൾ തമ്മിൽ തീർത്തുകൊള്ളാം.

ശ്രീ. പി. ഗോവിന്ദപ്പിള്ള: കോൺഗ്രസ്സ് നേതാക്കന്മാർ തമ്മിലുള്ള നാടകം നിങ്ങൾ നടത്തു് വിദ്യാഭ്യാസബില്ലിനു് എതിരാണെന്നു പറഞ്ഞു് വഴക്കുണ്ടാക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: കോൺഗ്രസ്സ് പാർട്ടി ഈ ബില്ലിനെ മുഴുവൻ എതിർക്കുകയാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥനയനുസരിച്ചു് അദ്ദേഹത്തിന്റെ പാർട്ടിയുടെ അഭിപ്രായം ഏകീകരിക്കട്ടെ എന്നു ഞാൻ ആശംസിക്കുകയാണു്.

ശ്രീ തോപ്പിൽ ഭാസ്കരൻപിള്ള: ശ്രീ. കെ. ആർ. നാരായണനും, കെ. കെ. വിശ്വനാഥനും രാജി പിൻവലിച്ചതറിഞ്ഞില്ലേ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: 11-ാംവകുപ്പിൽ സംവരണം നടപ്പിലാക്കുന്ന കാര്യത്തെപ്പറ്റി ശ്രീ. വിശ്വനാഥൻ പറഞ്ഞു. വിദ്യാഭ്യാസബില്ലിനെതിരായ പ്രക്ഷോഭണത്തെ പരാജയപ്പെടുത്താൻവേണ്ടി ഒരു ഗ്രൂഢതന്ത്രത്തിന്റെ ഫലമായിട്ടാണു് 11-ാംവകുപ്പിൽ സംവരണം എഴുതിയതു് എന്നു പറഞ്ഞു.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഗ്രൂഢതന്ത്രം എന്നു ഞാൻ പറഞ്ഞില്ല. തന്ത്രപരമായി എന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ: പിന്നോക്കസമുദായങ്ങൾക്കു് സംവരണം നൽകുന്നതിനും മറ്റുമുള്ള പ്രയോജനം നഷ്ടപ്പെടുന്നതിനും എല്ലാ കക്ഷികളും യോജിക്കണമെന്നു പറഞ്ഞിരുന്നു. അങ്ങനെ യോജിക്കാൻ തയ്യാറാണു്. ആ നിലയിൽ ഈ രാജ്യത്തിലെ വിദ്യാഭ്യാസരംഗത്തു വളരെ അധികം അലോലമുണ്ടാക്കിയ ഈ നയം പിൻവലിക്കാൻ ഗവണ്മെന്റു തയ്യാറാണോ? അതിനു വേണ്ടി എല്ലാവരും യോജിക്കാൻ തയ്യാറാണോ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: കുറേ പ്രക്ഷോഭണം നടത്തുന്ന മന്ത്രത്തു പഞ്ചനാളത്തിന്റെ പ്രധാന എതിർപ്പു് സംവരണത്തിലാണു്.

ഉത്തരത്തിലിരിക്കുന്നതു് എടുക്കണം, കക്ഷത്തിലിരിക്കുന്നതു പോകയുമരുതു്; ഈ ഒരു നയമാണു് വിശ്വനാഥന്റെ പ്രസംഗത്തിൽ കണ്ടതു്. ഏതായാലും ഈ നയം ഇവിടെ കൊണ്ടുവന്നതു് കമ്മ്യൂണിസ്റ്റുപാർട്ടിയാണു്. അതു തന്ത്രമായാലും, അതിന്റെ ഉദ്ദേശമെന്തായാലും സംവരണതത്വം അംഗീകരിച്ചുകൊണ്ടു് ഇതു കൊണ്ടുവന്നതു് കമ്മ്യൂണിസ്റ്റുപാർട്ടിയാണു്. അതു തന്ത്രപരമായിട്ടാണെന്നു പറയേണ്ട ആവശ്യം ആ ഭാഗത്തിരിക്കുന്നവർക്കുണ്ടായിരിക്കും.

ശ്രീ. പി. ടി. ചാക്കോ: മന്ത്രിതന്നെ ഈ രാജ്യത്തു നടന്നും പലരോടും പറഞ്ഞു നിങ്ങളുടെ പിൻതുണ തന്നാൽ ഈ ബിൽ പ്രായോഗികമാക്കുകയില്ലെന്നു്. അതു മെമ്പർക്കറിയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അനധികൃതമായി, ധിക്കാരപരമായി ചെയ്യുന്ന ഇത്തരം പ്രസ്താവനയെ ഞാൻ എതിർക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: അധികൃതമായി, ധിക്കാരലേശമില്ലാതെ ഞാൻ പറയുകയാണു്, ചങ്ങനാശ്ശേരി മെത്രാന്റെ അരമനയിൽപോയി ഇക്കാര്യം സംസാരിച്ചിട്ടുണ്ടെന്നു തെളിയിക്കാൻ ഞാൻ തയ്യാറാണു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ചങ്ങനാശ്ശേരി മെത്രാനെ പോയി കാണുന്നതിനു് പ്രതിപക്ഷനേതാവിനുള്ളപോലെ തന്നെ ആ സമുദായത്തിലെ ഒരംഗമെന്ന നിലയിൽ എനിക്കും സ്വാതന്ത്ര്യമുണ്ടു്. അതു പ്രതിപക്ഷനേതാവിന്റെ കുത്തകയൊന്നുമല്ല. വളരെ പ്രാവശ്യം ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ടു്. ഇനിയും കാണും. അങ്ങനെ കാണുന്നതു് ഇത്തരം ഗ്രൂഢാലോചനകൾക്കാണെന്നു പറയുന്നതു് സ്വന്തം പാരമ്പര്യം കൊണ്ടായിരിക്കും. അതുകൊണ്ടു് ആ പ്രസ്താവനയെ ഞാൻ നിഷേധിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി ചാക്കോ: തെളിവുതരാമെന്നാണു പറഞ്ഞതു്. പാരമ്പര്യമെല്ലാം വിട്ടേക്കണം. അതുപ്പററി ഒരന്വേഷണം നടത്താമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: വഴിയെ പോകുന്ന ആളുകളോടു് സംസാരിച്ചുതീരു ജുഡിഷ്യൽ അന്വേഷണം നടത്തണമെന്നു പറയുന്ന വാദഗതി അംഗീകരിക്കാൻ വിഷമമുണ്ടു്. ആരെങ്കിലും എവിടെയെങ്കിലും എന്തെങ്കിലുമൊക്കെ തോന്നുന്നതു പറഞ്ഞാൽ ഉടനെ പരസ്യാന്വേഷണം നടത്തുന്ന പതിവില്ല.

ശ്രീ. പി. ടി. ചാക്കോ: ജുഡീഷ്യൽ അന്വേഷണമെന്നു കേട്ടാൽ മന്ത്രിമാർക്കു് ഞെട്ടലുണ്ടാകുമെന്നു് എനിക്കറിയാം.

[Mr. Speaker in the Chair]

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രൈവറ്റായി ആളുകളുമായി സംസാരിക്കുന്നതിനെ സംബന്ധിച്ചു് അന്വേഷണമൊന്നും ആവശ്യമില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഏതായാലും സംവരണത്തിനുവേണ്ടി ഇത്രയധികം ആവേശമുണ്ടെങ്കിൽ അതിനെതിരായി പ്രക്ഷോഭണം കൂട്ടുന്ന കോപ്പുനോട്ടും ചാണ്ടിയോടും അവരുടെ നേതാവായ മന്നത്തിനോടും ഇതു വീറു കാണിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ മുത്രം ഇത്ര ആവേശം കാണിക്കുന്ന വിശ്വനാഥനാണോ ശുദ്ധതന്ത്രം പ്രയോഗിക്കുന്നതു്, കമ്മ്യൂണിസ്റ്റു പാർട്ടിയാണോ എന്നു ഞാൻ ചോദിക്കുന്നു. കക്ഷത്തിലിരിക്കുന്നതു പോകുമെന്നതു് ഉത്തരത്തിലിരിക്കുന്നതു് എടുക്കുകയും വേണം എന്ന നയമാണെന്നു ഞാൻ പറഞ്ഞതു് അതാണു്. ശ്രീ കെ. കെ. വിശ്വനാഥൻ പറഞ്ഞതുപോലെ. എന്തോ അടവുനയമനുസരിച്ചാണു് കമ്മ്യൂണിസ്റ്റു പാർട്ടി ഇതു കൊണ്ടുവന്നതെന്നു് ഒരർത്ഥത്തിൽ ഞാനും യോജിക്കുന്നു. കമ്മ്യൂണിസ്റ്റു പാർട്ടി എന്തുദ്ദേശത്തോടെയാണു് ഇതു കൊണ്ടുവന്നതു്? ഇതു നടപ്പിലാക്കിയാൽ പിന്നാക്കസമുദായങ്ങൾക്കു് ക്ലിപ്തപ്പെടുത്തിയിട്ടുള്ള വ്യവസ്ഥ പ്രകാരം ഇന്നു കിട്ടുന്നതിൽ കൂടുതൽ ഉദ്യോഗം അദ്ധ്യാപകരംഗത്തു കിട്ടും. ജനാധിപത്യവാദികളും പിന്നാക്കസമുദായങ്ങളും അതുകൊണ്ടു തൃപ്തരാകുമെന്നു തീർച്ചയുണ്ടു്. അദ്ധ്യാപകനിയമനലിസ്റ്റിനെ സംബന്ധിച്ചുണ്ടു് തർക്കമുള്ളതു്. നിന്റെ ലിസ്റ്റായാലും യോഗ്യതയുള്ള ആളുകളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയാലും പിന്നാക്കസമുദായങ്ങൾക്കു് അവകാശം നഷ്ടപ്പെടുകയില്ലെന്നു സമർത്ഥിക്കുവാൻ വളരെ വിദഗ്ധമായി ശ്രമിച്ചു. 11000 സ്കൂളുകൾ ഉള്ളതിൽ ഏഴായിരവും പ്രൈവറ്റു സ്കൂളുകളാണു്. ഒരു കാര്യം വളരെ വ്യക്തമാണു്. ഗവണ്മെന്റു സർവ്വീസിൽ പോകേണ്ട അദ്ധ്യാപകരിൽ കൂടുതൽ പ്രൈവറ്റു വിദ്യാലയങ്ങളിൽ പോകും. അതുകൊണ്ടു് പ്രൈവറ്റു വിദ്യാലയങ്ങളിൽ പിന്നാക്കസമുദായക്കാർക്കു ഗവണ്മെന്റുദ്യോഗം മുഴുവൻ കൊടുത്താലും സാധ്യമല്ല. കൂടുപേരെ പ്രൈവറ്റു വിദ്യാലയങ്ങളിൽ നിയമിച്ചേക്കും എന്നുള്ള വിചാരത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ പിന്നാക്കസമുദായക്കാരും പട്ടികജാതിക്കാരും പ്രൈവറ്റു സ്കൂളിൽ നിയമിക്കപ്പെടുമെന്ന ഉപാധിസ്ഥാനത്തിൽ പിന്നാക്കസമുദായത്തിന്റെ അവകാശം സംരക്ഷിക്കപ്പെടുമെന്നു് കമ്മ്യൂണിസ്റ്റു പാർട്ടി വിശ്വസിക്കുന്നില്ല. ആയിരം ഉദ്യോഗം ഇത്ര ഭാഗുള്ളതുണ്ടാവുകയാണെങ്കിൽ പബ്ലിക്കു സർവ്വീസ് കമ്മീഷന്റെ വ്യവസ്ഥപ്രകാരം അവക്കു കിട്ടേണ്ട മുഴുവൻ ജോഹരിയും അവക്കു കിട്ടണം. അതു കിട്ടാതെ മറ്റാരെയും നിയമിച്ചുകൂടാ എന്നു കമ്മ്യൂണിസ്റ്റു പാർട്ടിക്കു നിർബ്ബന്ധമുണ്ടു്. നിന്റെ ലിസ്റ്റുണ്ടാക്കി മാനേജർക്കു നിയമിക്കാനുള്ള അവകാശം കൊടുത്താൽ രണ്ടു തകരാറുണ്ടാകും. അതു മാനേജരെ തൃപ്തിപ്പെടുത്താൻവേണ്ടിയല്ലാതെ അദ്ധ്യാപകരെ ഗുണപ്പെടുത്താനാകയില്ല. യോഗ്യതയുള്ള ആളുകളെ ഒരിക്കലും നിയമിക്കേണ്ടിവരികയില്ല. കൂടുതൽ മാർക്കു കിട്ടിയാലും ഒന്നാംക്ലാസ്സിൽ പാസായ ആരായാലും ശരി യോഗ്യതയുള്ളവർ പുറത്തു നിൽക്കുകയും മാനേജർക്കു് ഇഷ്ടമുള്ളവരെ നിയമിക്കുകയും ചെയ്യുമ്പോൾ വിദ്യാഭ്യാസപുരോഗതി തടയപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ: അങ്ങനെ നിയമനം നടത്തുന്നതുകൊണ്ടാണോ മാനേജ്മെൻറ നടത്തുന്ന സ്കൂളുകളിൽ വിജയശതമാനം കൂടുതൽ ഉണ്ടായിട്ടുള്ളത് ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഭൂരിപക്ഷം സ്കൂളുകളിലും വിജയശതമാനം കുറവാണ്. മറിച്ചും ഒന്നോ രണ്ടോ കണ്ടേക്കാം. ഏതായാലും പ്രൈവറേ സ്കൂളുകളിൽ വിജയശതമാനം കുറവും ഗവണ്മെൻറ സ്കൂളുകളിൽ കൂടുതലുമാണ്.

ശ്രീ. കെ. സി. എബ്രഹാം: കണക്കെടുത്തു നോക്കിയാൽ പ്രൈവറേ സ്കൂളുകളല്ലേ മെച്ചം?

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഒന്നോ രണ്ടോ കണ്ടേയ്ക്കും. ഭൂരിപക്ഷം മറിച്ചാണ്.

ശ്രീ. ടി. എ. തൊമ്മൻ: 1958-ലെ സ്കൂൾ ഫയിനൽ പരീക്ഷയുടെ റിസൾട്ട് പ്രൈവറേ സ്കൂളുകളിലേതിനേക്കാൾ 10 ശതമാനം കുറവായിരുന്നു ഗവണ്മെൻറ സ്കൂളുകളിൽ എന്ന് നിയമസഭയിൽ ഗവണ്മെൻറ ഭാഗത്തു നിന്നും ഉത്തരം പറഞ്ഞതു് എന്റെ സ്നേഹിതൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: കൈവിരലിലെണ്ണാൻ കണ്ടേക്കും. പക്ഷേ രണ്ടുശതമാനം ജയിച്ചവും മൂന്നു ശതമാനം തോറ്റിട്ടുള്ളതും ആണ് ഭൂരിപക്ഷം സ്കൂളുകളും. കണക്കു തരാൻ തയാറാണ്.

എതായാലും അദ്ധ്യാപകനിയമനത്തിൽ യോഗ്യതയുള്ള ആളുകളെ നിയമിക്കണമെന്നാഗ്രഹിക്കുന്നവെങ്കിൽ അനന്തമായ ഒരു നീണ്ട ലിസ്റ്റ് കൊടുത്തിട്ട് മാനേജർമാർക്ക് നിയമിക്കാൻ അധികാരം കൊടുക്കുന്നതു ശരിയല്ല. വേറൊരപകടമുള്ളതു് കൈക്കൂലി കൊടുക്കുകയെന്ന അപാകതയുണ്ടാകും. പണമുള്ളവർക്ക് മാത്രമേ നിയമനം കിട്ടാൻ സാദ്ധ്യതയുള്ളൂ. ഒരു നിയമനത്തിനു വലിയ തുകയും കൊടുക്കണമെന്ന അപഖ്യാതമായ സ്ഥിതി വിദ്യാഭ്യാസവകുപ്പിൽ വളർന്നുകയറിയിട്ടു വളരെക്കാലമായി. അതു കൂടുതലായി ബാധിക്കുന്നതു പിന്നോക്കസമുദായക്കാരെയായിരിക്കും. പട്ടികജാതിക്കാർ മുൻപും മാനേജ്മെൻറ സ്കൂളുകളിൽ നിയമനത്തിനർഹരായിരുന്നു. പക്ഷേ അവശ്യമായതു തുക കൊടുക്കാൻ അവർക്കു സാദ്ധ്യമല്ലായിരുന്നു. അതു കൊടുത്തിരുന്നെങ്കിൽ നായർക്കുവേണ്ടി വാദിക്കുന്ന മന്നം പോലും കൊടുക്കാൻ തയാറായിരുന്നു അവശ്യമുള്ള തുക സംഭാവന വാങ്ങിക്കൊണ്ടതെന്നെയാണ് ഇവരെല്ലാം നിയമിക്കാറുള്ളതും.

ശ്രീ. പി ടി. ചാക്കോ: ഈ സഭയിലില്ലാത്ത മന്നത്തിൻറെ പേരു് വലിച്ചിഴച്ചുകൊണ്ടുവരുന്നതു ശരിയാണോ ?

ശ്രീ. എം. നാരായണക്കുറുപ്പ്: മന്നത്തെപ്പറ്റി ഇത്തരം അഭിപ്രായഗതിയുണ്ടായതു് എന്നുമുതലാണ് ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: പുന്നപ്ര-വയലാർ സമരകാലം മുതൽ, അതിനു മുൻപും, ഈ രാജ്യത്തു കൂപകീയപ്രസ്ഥാനം വന്നപ്പോൾ മുതൽ, മന്നത്തെപ്പറ്റി കമ്മ്യൂണിസ്റ്റുപാർട്ടി പറഞ്ഞുപോരുന്ന അഭിപ്രായമാണിതു്. എം എൻ. ഗോവിന്ദൻ നായരും നരസിംഹയ്യരും നായരല്ലെന്നു പതിനഞ്ചു കൊല്ലം മുൻപേ പറഞ്ഞയാളാണു മന്നം.

ശ്രീ. പി ടി. ചാക്കോ: എം എൻ. ഗോവിന്ദൻനായർ എൻ. എസ്സ്. എസ്സ്.-ൻറെ കീഴിൽ ശമ്പളം പറ്റി ഉദ്യോഗം നോക്കിക്കൊണ്ടിരുന്നിട്ടുള്ളയാളാണെന്നു അറിയാമോ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: 1936-ൽ എൻ. എസ്സ്. എസ്സ്. സ്ഥാപിച്ചു കുറച്ചുകാലത്തിനുശേഷം എം. എൻ ഉണ്ടായിരുന്നെന്നു് അറിയാം.

ശ്രീ. സി. എ. മാത്യു: കരിങ്കാലി മന്ത്രിയെ കാണാൻ രാത്രികാലങ്ങളിൽ ശ്രീ ഗോവിന്ദപ്പിള്ള പോയിട്ടുണ്ടോ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: മന്ത്രിയെയല്ല ശ്രീ. സി. എ. മാത്യുവിനെയും കാണേണ്ടതായി വന്നേയ്ക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: പുതിയ നായന്മാർ നാട്ടിൽ കൂടുതലായിട്ടുണ്ടാകുന്ന വിവരം അറിയാമോ?

ശ്രീ കെ. ആർ. നാരായണൻ: ഞാൻ മുൻപു ചോദ്യം ചോദിക്കാൻ എഴുന്നേറ്റപ്പോൾ അനുവദിച്ചില്ല. അതിനുശേഷം അഞ്ചുപേരെ ചോദിക്കാൻ അനുവദിച്ചു. അതു് ആർഡറിലാണോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker: I do not want to convert this occasion as a question hour.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഒരു തകരാറു ഞാൻ പറഞ്ഞു. രണ്ടാമത്തെ തകരാറു് മാനേജ്മെന്റിനെ പ്രീണിപ്പിക്കാൻ സാധിക്കാത്ത പട്ടികജാതിക്കാർക്കും പിന്നോക്കസമുദായങ്ങൾക്കും ഇതുകൊണ്ടു പ്രയോജനമില്ല എന്നുള്ളതാണു്. പിന്നെ ശ്രീ. വിശ്വനാഥൻ പറയുന്ന സംവരണം, ഫലത്തിൽ, ലിസ്റ്റിൽ സംവരണം കാണും നിയമനത്തിൽ കാണുകയില്ല എന്നായിത്തീരും. ഒരു പക്ഷേ കുറെ ആളുകളെ പ്രൈവറ്റു സ്കൂളുകളിൽ നിയമിച്ചേക്കാം.

ശ്രീ. കെ കെ. വിശ്വനാഥൻ: സർ, ഒരു ചോദ്യം.

Mr. Speaker: Order, order.

Mr. Thomman, Mr. K. C. Abraham and others are persistently putting questions. The Leader of the Opposition has got greater rights than any other members of the House. That is why I allowed him to put the question. But later on ever so many members were putting so many questions. Shri K. R. Narayanan was perfectly right in feeling annoyed that he was not allowed to put questions when others were allowed to do so. Hereafter I am going to insist that no member should put questions except on matters of extreme importance.

10 A. M.] ശ്രീ. കെ. കെ. വിശ്വനാഥൻ: എന്റെ പേരു പറഞ്ഞതുകൊണ്ടു് ചോദ്യം ചോദിക്കാൻ എഴുന്നേറ്റതാണു്.

മി. സ്പീക്കർ: ഒരു പേരു പറഞ്ഞുപോയാൽ ഉടനെ ചോദ്യം ചോദിക്കണമെന്നുണ്ടോ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, അങ്ങനെയൊരു നീണ്ട ലിസ്റ്റു വന്നാൽ തീർച്ചയായും പിന്നാക്കസമുദായക്കാരുടെ അവകാശങ്ങൾ തികച്ചും സംരക്ഷിക്കപ്പെടുകയില്ല. ഇവിടെ മുന്നാലു തരത്തിൽ ഹൈപോത്തറിക്കലായിട്ടു് ചില്ലർ അഭിപ്രായങ്ങൾ പറഞ്ഞുകേട്ടു. കുറെ പിന്നാക്കസമുദായക്കാർക്കു് പ്രൈവറ്റു സ്കൂളുകളിൽ നിയമനം കിട്ടും, അതു കഴിഞ്ഞുള്ളതു് ഗവണ്മെന്റു സ്കൂളുകളിൽ കിട്ടും എന്നും മറ്റും പറയുന്നതുകൊണ്ടായില്ല. ഒരു ലിസ്റ്റു് മാനേജർമാർക്കു് സ്വതന്ത്രമായിട്ടു കൊടുത്താൽ മതി, എല്ലാം നടന്നുകൊള്ളുമെന്നു പറയുന്നതിനാണു ഞങ്ങൾക്കു യോജിക്കാൻ നിവൃത്തിയില്ല. പിന്നാക്കസമുദായത്തിനു കിട്ടാൻ അർഹതയുള്ള സ്റ്റാറ്റു മുഴുവൻ അവർക്കു കിട്ടിയിരിക്കണമെന്നുള്ള ഉദ്ദേശത്തിലാണു് ഈ തത്വം ഇവിടെ സ്വീകരിച്ചിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതു്. അതു നിശ്ചിത കാലാവധിക്കുള്ളിൽത്തന്നെ കിട്ടുകയും വേണം. ഇതാണു് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലക്ഷ്യം. അതു അഭിപ്രായത്തിൽ ഞങ്ങൾ ഉറച്ചു നില്ക്കുകയാണു്. ഈ സംവരണവ്യവസ്ഥ അടുത്ത കാലത്തു തന്നെ മാറ്റാനുള്ള ആലോചനയുണ്ടു്; റിഫാംസ്കമ്മിറ്റിയിൽ അതിനുവേണ്ട നിർദ്ദേശമുണ്ടു് എന്നെല്ലാം ചിലർ ചില പ്രചരണങ്ങൾ നടത്തുന്നുണ്ടു്. അതൊന്നും കേട്ടു് പിന്നാക്കസമുദായങ്ങൾ ഭയപ്പെട്ടിട്ടു കാര്യമില്ല. ഇവിടെ പറഞ്ഞ മറ്റൊരു പ്രധാന കാര്യം പി. എസ്സ്. സി. കൺസൾട്ടേഷൻ കാര്യമാണു്. ശ്രീ വിശ്വനാഥനും മറ്റും പറയാൻ പാടില്ലാത്ത വീല കുറഞ്ഞ ചില അഭിപ്രായങ്ങളാണു് അതിനപ്പുറം ഇവിടെ പറഞ്ഞുകേട്ടതു്. അഡ്മിനിസ്ട്രേഷൻ റിഫാംസ്കമ്മിറ്റി റിപ്പോർട്ടിൽ പിന്നാക്കസമുദായങ്ങളുടെ സംവരണം തുടരണമെന്നതന്നെയാണു് പറഞ്ഞിട്ടുള്ളതു്. എന്നാൽ, ഇന്നുള്ള സമുദായങ്ങളിൽ പണക്കാരും, വിദ്യാഭ്യാസംകൊണ്ടും മറ്റും വളരെ ഉയർച്ച നേടിയിട്ടുള്ളവരും ഉണ്ടെങ്കിൽ അവക്കുകൂടി ഈ ആനുകൂല്യം നൽകേണ്ടതുണ്ടോ എന്നൊരു പ്രശ്നംകൂടി ചർച്ചാവിഷയമാക്കുകയും പണക്കാരും പാവപ്പെട്ടവരും എന്നുള്ള അടിസ്ഥാനത്തിൽവേണം സമുദായങ്ങളുടെ മുന്നാക്കസ്ഥിതിയും, പിന്നാക്കസ്ഥിതിയും പരിഗണിക്കണമെന്നുമുള്ള അഭിപ്രായഗതി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് പാർട്ടി, സ്വതന്ത്ര സമത്വവാദത്തിന്റെ അടിസ്ഥാനത്തിൽ, ഏതു സമുദായത്തിൽപ്പെട്ടവരായാലും പാവപ്പെട്ടവരെ ഉയർത്താനുള്ള ശ്രമമാണു് നടത്തുന്നതു്. ആ ലക്ഷ്യത്തെ മുൻനിറുത്തി സാമ്പത്തികമായി മാത്രം പിന്നാക്കംനില്ക്കുന്നവർക്കു് ഇന്നുള്ള ആനുകൂല്യം നൽകിയാൽ പോരേ എന്ന അഭിപ്രായം ചർച്ചാവിഷയമായതിൽ അത്ഭുതപ്പെടാനില്ല. പക്ഷേ, ഇന്നത്തെ നിലയിൽ സംവരണം തുടരണമെന്നു കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടു്.

സർ, ശ്രീ വിശ്വനാഥൻ വായിക്കാൻ അറച്ച ആ ഭാഗം, റിഫാംസ് കമ്മിറ്റി റിപ്പോർട്ടിലെ 98-ാമത്തെ പേജിലെ ഒരു ഭാഗം, ഞാൻ വായിക്കട്ടെ—

"The concession should therefore be given only to those who are really poor.....in the communities now described as backward."

ഇതുതന്നെയും ശരിയാണു്. ഇന്നുള്ള പിന്നാക്കസമുദായക്കാരിൽത്തന്നെ വിദ്യാഭ്യാസത്തിലും, സാമ്പത്തികനിലയിലും മുന്നാക്കം നില്ക്കുന്നവരെ ആ സമുദായത്തിൽപ്പെട്ട പാവപ്പെട്ടവരെപ്പോലെ എല്ലാ ആനുകൂല്യങ്ങളും നൽകി സംരക്ഷിക്കണമോ എന്നുള്ള ഒരു പ്രശ്നം ഉന്നയിച്ചിട്ടുള്ളതു ശരിയാണു്. അതെല്ലാം ഇവിടെ പറഞ്ഞതുപോലെ ഭരണകക്ഷിയുടെ, പിന്നാക്കസമുദായ താൽപ്പര്യത്തോടുള്ള എതിർമനോഭാവമായിട്ടു് ചിത്രീകരിക്കുന്നതു ശരിയല്ല. തീർച്ചയായും ഇതൊരു ചിന്താഗതി നമുക്ക ആലോചനാവിഷയമാക്കേണ്ടതുണ്ടു്. പിന്നാക്കസമുദായത്തിൽത്തന്നെയുള്ള സാമ്പത്തികമായി നല്ലവരുമാനമുള്ളവർ, രണ്ടായിരവും, മൂവായിരവും രൂപ ശമ്പളമുള്ളവർ, ബിസിനസ്സുമൂലവും മറ്റും നല്ല ആദായമാർഗ്ഗമുള്ളവർ.....അവക്കെല്ലാം അവരുടെ സമുദായത്തിലെ ഏറ്റവും പാവപ്പെട്ടവക്കു നൽകുന്ന ആനുകൂല്യങ്ങളും നൽകണമോ, മറ്റു സമുദായങ്ങളിൽത്തന്നെ വളരെ പാവപ്പെട്ട ആളുകൾ ഉള്ളപ്പോൾ അവക്കുകൂടി ജീവിതനിലവാരം ഉയർത്താനുള്ള കർത്തവ്യം ഈ നാട്ടിലെ ഗവണ്മെന്റിനല്ലേ, എന്നുകൂടി നാം ആലോചിക്കേണ്ടതാണു്. ഏതായാലും കുറെക്കാലത്തേക്കുകൂടി പിന്നാക്കസമുദായങ്ങൾക്കു സംവരണം നിലനിറുത്തണമെന്നുള്ള തീരുമാനത്തിലാണു് കമ്മിറ്റി എത്തിച്ചേർന്നിട്ടുള്ളതു്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം കമ്മിറ്റിയുടെ റിപ്പോർട്ടു വളരെ ആത്മാർത്ഥതയോടുകൂടി പരിശോധിച്ചിട്ടുണ്ടെന്നു് അതു വായിച്ചുനോക്കിയാൽ അറിയാം.

Page 97, para 3 of the Administrative Reforms Committee Report:

"On account of these, it has been suggested by some that the criteria for backwardness should be economic rather than

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

those based merely on communities. This suggestion looks attractive. But apart from the fact that over 80 per cent of our people should be considered to be economically backward it ignores the historical fact that economic backwardness in our country, has in most cases, been the concomitant and result of social backwardness."

സർ, ഇതിൽ കാര്യം വളരെ വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ട്. ഇന്നത്തെ പരിതഃസ്ഥിതിയിൽ പണക്കാരും പാവപ്പെട്ടവരും അവർ ഏതു സമുദായത്തിൽ പെട്ടവരായാലും, ചരിത്രപരമായി, സാമൂഹ്യമായി വന്നുചേർന്നിട്ടുള്ള ഈ അവശത, ഒന്നാകെ മാറുവാൻ പിന്നാക്കസമുദായത്തിൽത്തന്നെ സാമ്പത്തിക ശേഷിയുള്ളവരെക്കൂടി ഈവക സൗജന്യങ്ങൾക്കു് അർഹരാക്കുന്നതുകൊണ്ടു സാധിക്കുമോ, അതിൽ ഒരു മാറ്റം വരുത്തേണ്ടകാര്യം ചിന്താർഹമല്ലേ എന്നാണു് കമ്മിറ്റി റിപ്പോർട്ടിൽനിന്നും നമുക്കു പ്രകടമാകുന്നതു്.

ശ്രീ. പി. ടി. ചാക്കോ: രണ്ടു വാദഗതികളും അതിൽ ഉന്നയിച്ചിട്ടുണ്ട്. അതിൽ കമ്മിറ്റിയുടെ ശുപാർശ എന്താണെന്നു പറയാമോ?

ശ്രീ പി. ഗോവിന്ദപ്പിള്ള: പിന്നാക്കസമുദായങ്ങൾക്കു സംവരണം തുടരണമെന്നാണു്.

സർ, പിന്നാക്കസമുദായങ്ങളുടെ സംവരണം സംബന്ധിച്ചു വളരെ വ്യക്തമായ ഒരു നിലപാടാണു് കമ്മ്യൂണിസ്റ്റു പാർട്ടിക്കുള്ളതു്. ആ നിലപാടിനു ഇതുവരെ മാറ്റം വന്നിട്ടില്ല. ശ്രീ. പി. ടി. ചാക്കോ ആഗ്രഹിക്കുന്നതുപോലെ അദ്ദേഹത്തിന്റെ പാർട്ടിയും ഈ കാര്യത്തിൽ ഒന്നിച്ചു നിൽക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുകയാണു്. സർ, ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളമെങ്കിലും ഭരണകക്ഷിയും, പ്രതിപക്ഷങ്ങളും, ഈ നാട്ടിലെ ജനങ്ങളും ഒന്നിച്ചുനില്ക്കുവാൻ സംഗതിവരട്ടെ എന്നുള്ള അഭിലാഷത്തോടെ ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, വിദ്യാഭ്യാസനിയമത്തിന്റെ 11-ാംവകുപ്പിനെ സംബന്ധിച്ച ചർച്ചയാണു് ഇവിടെ നടക്കുന്നതു്. ശ്രീ. കെ. കെ. വിശ്വനാഥൻ ഇതിനെ എതിർക്കാൻ ഇടയായതു് ഖേദകരമായിപ്പോയി. അങ്ങനെ എതിർക്കാൻവേണ്ടി അദ്ദേഹം ചില കാരണങ്ങൾ കണ്ടുപിടിക്കാൻ ഒരു ശ്രമവും നടത്തിയിരിക്കുന്നു. ആ കാര്യത്തെസംബന്ധിച്ചു ഞാൻ കൂടുതൽ പറയണമെന്നു് ആഗ്രഹിക്കുന്നില്ല.

സർ, ഭരണഘടനയിലെ 16 (4)-ാം ആർട്ടിക്കിളും, ആർട്ടിക്കിൾ 355-ാം അനുസരിച്ചാണു് ഈ ഗവണ്മെന്റു ഈ റൂൾ അംഗീകരിച്ചിട്ടുള്ളതു്. ആവശ്യമുള്ള വേക്കൻസികൾക്കു് പി. എസ്സ്. സി. ഒരു ലിസ്റ്റു തയ്യാറാക്കുകയും, ആ ലിസ്റ്റിൽനിന്നും മാനേജർമാർക്കു് ഇഷ്ടമുള്ളവരെ അദ്ധ്യാപകരായി നിയമിക്കുകയും ചെയ്യുക എന്നതാണു് ഇതിലെ പ്രൊവിഷൻ. ഈ ലിസ്റ്റിൽനിന്നു തന്നെയായിരിക്കും ഗവണ്മെന്റു സ്കൂളുകളിലും നിയമനം നടത്തുക. അതാണു് ഇതിലെ പ്രധാനപ്പെട്ട വ്യവസ്ഥ. അതിനെയാണു് ആത്മാർത്ഥതയുടേയും, ആത്മാർത്ഥത ഇല്ലായ്മയുടെയും പേരിൽ പലരും എതിർത്തതു്. ഇതിനെ എതിർക്കുന്നവർ പലവിധത്തിലുള്ള പല പരിപാടികളും ഇതിനകം ആസൂത്രണം ചെയ്തിട്ടുണ്ടു്; ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്. രഹസ്യമായി പലതും നടക്കുന്നുണ്ടു്. പഴയ വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ ചിലർ കൂറുമാറിയും, അതിന്റെ അറ്റത്തു മെഴുകുതിരിയുമായി വന്നതുപോലെ, ചിലർ നല്ല വടികളും തയ്യാറാക്കുന്നതായി കേൾക്കുന്നു. അങ്ങനെ വടികളും തയ്യാറാക്കുന്നവരുടെ കൂട്ടത്തിൽ പല രാഷ്ട്രീയകക്ഷികളും ഉൾപ്പെട്ടിട്ടുള്ളതായും അറിയുന്നു. ആ ആളുകൾ തിരിച്ചുവന്നു് നിയമസഭയ്ക്കകത്തും പുറത്തും വാദിക്കുകയാണു്, കമ്മ്യൂണിസ്റ്റു പാർട്ടിക്കു് ഈ കാര്യത്തിൽ ആത്മാർത്ഥതയില്ലെന്നു്. ഇതൊന്നു പ്രത്യേകിച്ചു മറുപടി അർഹിക്കുന്ന വാദങ്ങളല്ല. കമ്മ്യൂണിസ്റ്റുപാർട്ടി ഈ റൂൾ അവതരിപ്പിച്ചതിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്തുകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്റെ സ്നേഹിതൻ ശ്രീ. വിശ്വനാഥൻ പ്രസംഗിക്കുന്നതു കേട്ട. ആത്മാർത്ഥതയെക്കുറിച്ചു് പ്രസംഗിക്കുമ്പോൾ ചില കാര്യങ്ങളും നാം പരിഗണിക്കണം. ഈ നിയമത്തിനെതിരായി ഇന്നു നമ്മുടെ രാജ്യത്തു ഒരു പ്രക്ഷോഭണം ആരംഭിച്ചിരിക്കുകയാണു്. പ്രക്ഷോഭണം ആരംഭിച്ചതുതന്നെ ഒരു പ്രത്യേക രീതിയിലായിരുന്നു. ഈ നാട്ടിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ ഇന്നു വർദ്ധിച്ചിട്ടുണ്ടു്. അതിനു് കുഴിയന്നിടത്താണു് പരിഹാരംകാണേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്. ഇന്നത്തെ പ്രക്ഷോഭണക്കാർ അവരുടെ പ്രക്ഷോഭണത്തിനു് ആളെക്കൂട്ടാൻ തൊഴിലില്ലാത്ത യുവാക്കന്മാരെ ആഹ്വാനം ചെയ്തുകൊണ്ടാണു് അവരുടെ പ്ലാൻ ആരംഭിച്ചതു്. ഇന്നു പഠിച്ചു ചെറുപ്പക്കാർക്കു പണി കിട്ടാത്തതു്, പിന്നാക്കസമുദായങ്ങൾക്കു സംവരണം നിലനിർത്തുന്നതുകൊണ്ടാണെന്നും, അങ്ങനെ സംവരണം നിലനിർത്തുന്നതു് ഇന്നത്തെ ഗവണ്മെൻറാണെന്നും, അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കു ഉദ്യോഗം വേണമെങ്കിൽ, സംവരണം നിർത്തലാക്കണമെന്നും, അതു നിർത്തലാക്കാൻ ഇന്നത്തെ ഗവണ്മെൻറിനെ പറഞ്ഞയച്ചാൽ മാത്രമേ സാധിക്കുകയുള്ളുവെന്നും ഇല്ലുപ്പ്സാവഹമായ ഒരു പ്രചരണത്തോടുകൂടിയാണു് ഈ പ്രക്ഷോഭണം ആരംഭിച്ചിരിക്കുന്നതു്. അതു് ഇന്നു് ഒരു അശ്വമേധയാഗമായി മാറിയിരിക്കുകയാണു്. അതുകഴിഞ്ഞു്, സെക്രട്ടറിയേറ്റു പിടിച്ചടക്കണമെന്നും, പതിനായിരത്തോളം പെണ്ണുങ്ങൾതന്നെ ഇങ്ങോട്ടു യാത്രയാകാൻപോകുന്നുവെന്നും കേൾക്കുന്നു. സ്വരസന്നാഹത്തോടുകൂടി ഒരു സംഘം ആളുകൾ സെക്രട്ടറിയേറ്റു പിടിച്ചടക്കി, മന്ത്രിമാരെ കൂട്ടത്തോടെ പൂജപ്പുര ജയിലിൽ അടയ്ക്കാൻ ആലോചനയുള്ളതായും കേൾവിയുണ്ടു്! ആത്മാർത്ഥതയുടെ കാര്യം പറയുന്ന ശ്രീ. കെ. കെ. വിശ്വനാഥൻറെ പാർട്ടി, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് കേരള ഘടകം, തിരുവനന്തപുരത്തു ഒരു യോഗംചേർന്നു് ഈ പ്രക്ഷോഭണത്തെപ്പറ്റി ഒരു തീരുമാനം എടുത്തു; അതിനെ സഹായിക്കാൻ. അതിനുശേഷം അഖിലേൻഡ്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ ഒരു യോഗം ന്യൂഡൽഹിയിൽകൂടി ഒരു തീരുമാനം എടുത്തു. എന്താണു് ആ തീരുമാനം? കോൺഗ്രസ്സ് ഒരു രാഷ്ട്രീയപാർട്ടി എന്ന നിലയിൽ ഈ പ്രക്ഷോഭണത്തിൽ പങ്കെടുക്കയില്ല. എന്നാൽ മാനേജരന്മാരായ കോൺഗ്രസ്സുകാർ ഉണ്ടെങ്കിൽ അവർക്കു് ഇഷ്ടം പോലെ ചെയ്യാം; പ്രക്ഷോഭിക്കാം. ഇതെന്തൊരു ആത്മാർത്ഥതയാണെന്നു ശ്രീ. വിശ്വനാഥൻതന്നെ പറയണം. ഈ നാട്ടിലെ ലക്ഷോപലക്ഷം പിന്നാക്കസമുദായാംഗങ്ങൾക്കു നിലവിലുള്ള സംവരണത്തിൻറെ പേരിൽ ഇന്നു നടക്കുന്ന പ്രക്ഷോഭണത്തിൽ കോൺഗ്രസ്സു് പങ്കെടുക്കരുതു്; പക്ഷേ, കോൺഗ്രസ്സുകാരായ മനേജരന്മാർക്കു പങ്കെടുക്കാം. അതുപോലെ അസംബ്ലിയിൽ ഇന്നു ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാർഷികബന്ധബില്ലിൻറെ കാര്യം വരുമ്പോൾ, കോൺഗ്രസ്സു നേതൃത്വം പറയും കോൺഗ്രസ്സുകാർ അതിൽ ഒരു രാഷ്ട്രീയകക്ഷിയെന്ന നിലയിൽ പങ്കെടുക്കരുതു്; എന്നാൽ ജന്മികളായ കോൺഗ്രസ്സുകാർക്കു അതിനെ പ്രതിഷേധിക്കാം എന്നു്. വ്യവസായബന്ധബില്ലിനെ കോൺഗ്രസ്സു് എതിർക്കയില്ല. കോൺഗ്രസ്സുകാരായ മുതലാളിമാർക്കു് അതിനെതിരായി സമരം ചെയ്യാം. അങ്ങനെ ജന്മിമാരായ കോൺഗ്രസ്സുകാർക്കും, മാനേജരന്മാരായ കോൺഗ്രസ്സുകാർക്കും, മുതലാളിമാരായ കോൺഗ്രസ്സുകാർക്കും ഓരോ അവസരം വരുമ്പോൾ കോൺഗ്രസ്സുനേതൃത്വത്തിൻറെ പൊതു തീരുമാനത്തിനെതിരായി ഓരോ നിലപാടു സ്വീകരിക്കാം. ഇതു ആത്മാർത്ഥതയാണു്; ഈ കൂട്ടരാണു് മറ്റുള്ളവരുടെ ആത്മാർത്ഥതയെ ചൂണ്ടിക്കാട്ടി ചോദ്യം ചെയ്യുന്നതു്. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ തീരുമാനവും, താല്പര്യവും പിന്നാക്കസമുദായങ്ങൾക്കു് സംവരണം നിലനിർത്തണമെന്നാണു് എന്നാൽ എക്കാലത്തേയ്ക്കും ഇതു നിലനിർത്തേണ്ടതാണെന്നു പാർട്ടി വിശ്വസിക്കുന്നില്ല. കഴിയുന്നതും വേഗം അതു അവസാനിപ്പിക്കണമെന്നുള്ളതാണു് പാർട്ടിയുടെ ആഗ്രഹം. സംവരണം അവസാനിപ്പിക്കുക എന്നു പറഞ്ഞാൽ പാവപ്പെട്ടവരുടെ നില കഴിയുന്നതും വേഗം ഉയർത്തുക എന്നുള്ളതാണു്. എല്ലാ സമുദായത്തിലെയും പാവപ്പെട്ടവരുടെ നില ഉയർത്തുക എന്നുള്ളതാണു് പാർട്ടിയുടെ

[ശ്രീ. എൻ രാജഗോപാലൻ നായർ]

ലക്ഷ്യം. അതിനുവേണ്ടിയുള്ള ശ്രമം മറ്റു മാർഗ്ഗങ്ങളിൽക്കൂടി ചെയ്യാതെ, ഭൂനിയമത്തിന്റെ പേരിൽ കുറേ പറഞ്ഞും, വിദ്യാഭ്യാസബില്ലിന്റെ കാര്യം പറഞ്ഞും, സംവരണത്തെച്ചൊല്ലിയും അഭ്യസ്തവിദ്യരായ യുവാക്കന്മാരെ പറഞ്ഞു തെറ്റിച്ചു് അനാവശ്യമായ പ്രക്ഷോഭണം ഉണ്ടാക്കാൻ നാട്ടുനീളെ നടക്കുന്ന ശ്രമം ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ശ്രീ. വിശ്വനാഥന്റെ കാൺഗ്രസ്സുപാർട്ടിയുടെ പ്രവർത്തകരാണു് ഈ പ്രക്ഷോഭണത്തിന്റെ പങ്കാളികളായി നടക്കുന്നതു്? കാൺഗ്രസ്സിന്റെ ഔദ്യോഗിക സ്ഥാനത്തുള്ള വർഷപാലും ഇതിൽ പങ്കെടുക്കുന്നതായി ശ്രീ. വിശ്വനാഥനും അറിവുള്ളതല്ലേ?

ശ്രീ. കെ. കെ. വിശ്വനാഥൻ: ഞാൻ അതിനെ നിഷേധിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ശ്രീ. കളത്തിൽ വേലായുധൻ നായർ കാൺഗ്രസ്സിന്റെ ഔദ്യോഗികസ്ഥാനത്തുള്ള ആളല്ലേ? ശ്രീമതി തങ്കമ്മ മാലിക് ആരാണു്? അവർ കാൺഗ്രസ്സിന്റെ ഒരു ഔദ്യോഗിക പ്രവർത്തകയാണെന്നാണു് എന്റെ അറിവു്. കാൺഗ്രസ്സു് എം. എൽ. എ. മാരായിരുന്ന സർവ്വശ്രീ ചെറിയാൻ കാപ്പൻ, കെ. എം. ചാണ്ടി എന്നിവർ ഈ സമരത്തിൽ പങ്കാളികളല്ലേ? അവർ കാൺഗ്രസ്സുകാർ അല്ലാതാകുമോ?

ശ്രീ കെ. കെ. വിശ്വനാഥൻ: ഈ പറഞ്ഞ ആളുകളും കാൺഗ്രസ്സിന്റെ ഔദ്യോഗികസ്ഥാനങ്ങളിലുള്ളവരല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ശ്രീമതി തങ്കമ്മ മാലിക് കേരള വ്യവസായവകുപ്പിലെ ഒരു എക്സിക്യൂട്ടീവ് മെമ്പറാണെന്നാണു് എന്റെ അറിവു്.

പോകട്ടെ, ശ്രീമാൻ പി. എസ്സു്. ജോർജ്ജു്, അദ്ദേഹം കെ. പി. സി. സി. യുടെ ട്രഷറർ അതെന്നാണു പത്രങ്ങളിൽ പറയുന്നതു്. മി. വിശ്വനാഥൻ അതുനിഷേധിക്കുമോ എന്നെനക്കറിഞ്ഞുകൂടാ. മി. വിശ്വനാഥനു വേറെ കെ. പി. സി. സി. ഉണ്ടു കാം. പി. എസ്സു്. ജോർജ്ജു് വിദ്യാഭ്യാസത്തിനെതിരായി പ്രക്ഷോഭണം നടത്തുകയാണു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: കെ. പി. സി. സി. എക്സിക്യൂട്ടീവിൽ പെട്ട ഒരാൾ, ഒരു ഡോക്ടറുള്ളപ്പോൾ, പ്രക്ഷോഭണം നയിക്കുന്നതിനുവേണ്ടി സംഘടിപ്പിച്ചിട്ടുള്ള വാളന്റിയേഴ്സിന്റെ കൂപ്പു്റനാണെന്നറിയാമോ?

ശ്രീ. എൻ രാജഗോപാലൻ നായർ: അറിയാം, അദ്ദേഹം വാളന്റിയർ കൂപ്പു്റനാണു്. എന്തിനു മി. വിശ്വനാഥന്റെ പിന്നിലിരിക്കുന്ന മാധവൻ ഗോപിനാഥപിള്ളയുടെ കാര്യമെടുക്കുക, പലയിടത്തും കൂടുന്ന യോഗങ്ങളിൽ സെക്രട്ടറിയേറ്റിൽ യാതൊരുതിരക്കുമില്ലെങ്കിൽ പിടിച്ചുകെട്ടുന്നതിനും അക്രമം നടത്തുന്നതിനും ജനങ്ങൾക്കു് ആഹ്വാനം കൊടുക്കുന്നതിനും കൂടുന്ന യോഗത്തിൽ മി. വിശ്വനാഥന്റെ പിന്നിലിരിക്കുന്ന ഗോപിനാഥപിള്ള സഹകരിക്കുകയും പ്രസംഗിക്കുകയും പ്രക്ഷോഭിക്കുകയും ചെയ്യുന്നു. വിശ്വനാഥനു നിഷേധിക്കാമോ എന്നു ഞാൻ ചോദിക്കുകയാണു്. ഇങ്ങനെ അനേകം ആളുകളുടെ പേരുപറയാം. ഇങ്ങനെ കാൺഗ്രസ്സിൽപ്പെട്ട അനേകം ആളുകളും ഗവണ്മെന്റിനെതിരായി ഇടഞ്ഞുനിന്നു ഈ പ്രക്ഷോഭണത്തിൽ സഹകരിക്കുന്നുണ്ടു്. എന്നിട്ടു മി. വിശ്വനാഥൻ കമ്മ്യൂണിസ്റ്റുകാരോടു ചോദിക്കുകയാണു നിങ്ങൾക്കു് ആത്മാർത്ഥതയുണ്ടോ എന്നു്. ഞങ്ങളുടെ പാർട്ടിയുടെനയം ഇന്നതാണെന്നു് അസന്നിഗ്ദ്ധമായിഇവിടെ പ്രഖ്യാപിക്കുവാൻ ഞാനാഗ്രഹിക്കുന്നു സാമൂഹ്യനായി പിന്നോക്കംനിൽക്കുന്ന എല്ലാവരെയും ഉയർത്തിക്കൊണ്ടുവരണം. അവർക്കു മറ്റുള്ളവരോടൊപ്പം ഉയരുവാനുള്ള പരിതഃസ്ഥിതിയുണ്ടാകണം. അവർ മറ്റുള്ളവരോടൊപ്പം ഉയർന്നുവരുന്നതുവരെ ഗവണ്മെന്റിൽനിന്നു നേരിട്ടു ശമ്പളം കൊടുക്കുന്ന സ്ഥാനത്തുകൂടി, കുറെക്കാലംകൂടി അവർക്കു് റിസർവേഷൻ കൊടുക്കണമെന്നു കമ്മ്യൂണിസ്റ്റു് പാർട്ടി ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. വിശ്വനാഥന്റെ പ്രസംഗത്തിന്റെ ആദ്യഭാഗം ഞാൻ കേട്ടില്ല. എന്റെ പേർക്കുടി അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ പറയുകയുണ്ടായി. ഏതു കാര്യങ്ങൾവന്നാലും അതിന്റെ ജാതി തിരിച്ചുള്ള പട്ടിക നിങ്ങൾക്ക് അറിയണം അതിനു ഞാനും, കമ്മ്യൂണിസ്റ്റ് പാർട്ടിയും ആഗ്രഹിക്കുന്നില്ല. സമുദായത്തിന്റെ പേർ എല്ലാകാര്യങ്ങളിൽനിന്നും മാറ്റുവാനുള്ള ശ്രമമാണ ഞങ്ങൾ ചെയ്യുന്നത്. നിങ്ങളതിനു തയാറുണ്ടോ? തയാറുണ്ടെങ്കിൽ നിങ്ങളിനു സഹകരിച്ചിട്ടുള്ളതിനിടയിലെ മാറണം. ശ്രീ. മന്നത്തു പദ്മനാഭന്റെ നായർസമുദായത്തിലെ കുറെ ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ഈ ഗവണ്മെന്റിനെതിരായി ഒരു പ്രക്ഷോഭണം നടത്തുവാൻ പോകുകയാണ്. അങ്ങനെ നായർ സമുദായത്തിലെ കുറെ ആളുകളും ജന്മിമാരും മാനേജരന്മാരും, പിന്തിരിപ്പൻ മാരും നടത്തുന്ന പ്രക്ഷോഭണത്തെ സഹായിക്കുവാൻ ശ്രമിക്കുന്ന ഒരു പാർട്ടിയാണ് വിശ്വനാഥന്റെ പാർട്ടി. ഈ പ്രക്ഷോഭണത്തിൽ സഹകരിച്ച നായർ സമുദായത്തിലെ കുറെ ആളുകളെപിടിച്ചെടുക്കാമോ എന്നാണ അവർ നോക്കുന്നത്. ഇൻഡ്യൻനാഷണൽ കോൺഗ്രസ്സ് നായർസമുദായത്തിലെ കുറെ ആളുകളെ പിടിച്ചു പ്രക്ഷോഭണമുണ്ടാക്കി അതിനു നിന്നു മുതലെടുക്കാൻ നോക്കുകയാണ്. അതുപോലെ ഇതുപോലെയും പിടിച്ചു കുഴപ്പമുണ്ടാക്കി മുതലെടുക്കുവാൻ നോക്കുകയാണ്. ഇങ്ങനെ എല്ലാവരെയും പിടിച്ചു സ്വന്തം കൂട്ടയിൽ ആക്കുവാനുള്ള ഇടപ്പ്സാഹസമായ, വഞ്ചനാപരമായ ഒരു നിലപാടാണ ഇൻഡ്യൻനാഷണൽ കോൺഗ്രസ്സ് എടുത്തിരിക്കുന്നത്. എന്നിട്ട ഞങ്ങളോട് ചോദിക്കുകയാണ് നിങ്ങൾക്ക ആത്മാർത്ഥതയുണ്ടോ എന്ന്. എത്രകാലം പിന്നോക്കാവസ്ഥനിലനിൽക്കുമാ, അത്രയുംകാലം ഈ സംവരണ സംമ്പ്രദായം നിലനിൽക്കണമെന്ന കമ്മ്യൂണിസ്റ്റ് പാർട്ടി അസന്നിഗ്ദ്ധമായി ആഗ്രഹിക്കുന്ന അതിനെ പിൻതാങ്ങുവാൻ നിങ്ങൾ തയാറാണോ? വ്യവസ്ഥാപിതമായി അധികാരത്തിലുവന്ന ഒരു പാർട്ടിയാണ ഇങ്ങനെ ആഗ്രഹിക്കുന്നത്. ആ പാർട്ടിയുടെ അഭിപ്രായത്തെ പിൻതാങ്ങുവാൻ നിങ്ങൾ തയാറുണ്ടോ? തയാറുണ്ടെങ്കിൽ അതിനെ പിൻതാങ്ങുക. അതിനെതിരായി എന്തെങ്കിലും പ്രക്ഷോഭണം ഉണ്ടായാൽ അതിനെ എതിർക്കുവാൻ നിങ്ങളുടെ പാർട്ടി തയാറാണെന്നു പ്രഖ്യാപിക്കുക. ഇതിനെതിരായി വരുന്ന ഏതു പ്രക്ഷോഭണത്തെയും നേരിടുവാൻ ഞങ്ങൾ തയാറാണ് ഞാൻ കേൾക്കുന്നതു ശരിയാണെങ്കിൽ 300-ൽ പരം സ്കൂളുകൾ അടച്ചുപൂട്ടുവാൻ പോകുന്നുവെന്നു പറഞ്ഞു നോട്ടീസ് കിട്ടിയിട്ടുണ്ട്. അതിൽ ഒരു പ്രത്യേക വിഭാഗത്തിന്റെ അല്ലാതെ അതുപോലും, അതുപോലും എണ്ണമേ കാണുകയുള്ളൂ. ഒരു പ്രത്യേക സമുദായത്തിന്റെ താല്പര്യമാണ് ഈ പ്രക്ഷോഭണത്തിന്റെ പിന്നിലുള്ളതു്. ഇറക്കുന്ന സ്കൂളുകൾ അടപ്പിക്കുവാൻ ആരെങ്കിലും ശ്രമിച്ചാൽ അതു ശരിയാണോ എന്നു ഞാൻ ചോദിക്കുകയാണ്. മി. വിശ്വനാഥനു് അതിനോടു യോജിക്കാൻ കഴുമോ? എന്തുവന്നാലും, ഗവണ്മെന്റിനെതിരായി ഏതു പ്രക്ഷോഭണം വന്നാലും അതു് അങ്ങയുടെ രാഷ്ട്രീയ മുതലെടുപ്പിനു ഉപയോഗിക്കയാണ് നിങ്ങൾ എന്നു ഞങ്ങൾക്കറിയാം അതിനെ ഒരു വഴിയിൽക്കൂടി ഗവണ്മെന്റ നേരിടുമ്പോൾ ഗവണ്മെന്റിന്റെ പ്രവൃത്തിമൂലം പൗരസ്വാതന്ത്ര്യം ഇല്ലായ്മ ചെയ്യുന്നു, കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ ഭരിക്കുന്നകാലത്തു പൗരസ്വാതന്ത്ര്യം നിഹനിക്കപ്പെടുന്നു എന്നൊക്കെ അതു ഭാഗത്തുനിന്നു പറഞ്ഞു പ്രക്ഷോഭണത്തിനു് ഉശക്തികൂട്ടുകയാണ് കോൺഗ്രസ്സ് ആഗ്രഹിക്കുന്നത്. ഈ പ്രക്ഷോഭണത്തെ നേരിടുന്നതിൽ ഗവണ്മെന്റിനോടു് അനുകൂലിക്കുവാൻ മി. വിശ്വനാഥനും, മി. കെ. ആർ നാരായണനും തയാറാണോ? ദേശീയബോധമുള്ള ഒരുകക്ഷിയും വർഗ്ഗീയപ്രവണത ഉളവാക്കുന്ന ഒരു പ്രക്ഷോഭണത്തിൽ പങ്കെടുക്കുകയില്ല. ഈ വർഗ്ഗീയ പ്രക്ഷോഭണത്തിൽ പങ്കെടുത്തുകൊണ്ട് ഞങ്ങളോടു ആത്മാർത്ഥതയെപ്പറ്റി പറയുകയാണ്. ഇങ്ങനെ പറയുന്നതിനു നാണമില്ലെസാർ ഇന്നുള്ള സമുദായങ്ങളുടെ പിന്നോക്ക അവസ്ഥ ഏതുയും വേഗം മാറുവാൻ കഴിയുമോ അതുവേഗം അതു മാറുവാൻ നോക്കും. എല്ലാ സമുദായങ്ങളും, എല്ലാ ആളുകളും ഒരുപോലെ ഉയർന്നുവരുമ്പോൾ ഇന്നത്തെ സംവരണവ്യവസ്ഥ മാറണം. എന്നിട്ടു ഈ രാജ്യത്തിലെ ഏറ്റവും സമർത്ഥന്മാരും, ബുദ്ധിമാന്മാരുമായവരെ സർവീസിൽ കൊണ്ടുവരണം. ഇതിനോടു യോജിക്കുവാൻ നിങ്ങൾ തയാറുണ്ടോ? നമ്മുടെ രാജ്യത്തെ ജനതയെ മുന്നോട്ടുകൊണ്ടുവരുവാനുള്ള നടപടികളാണ കമ്മ്യൂണിസ്റ്റുപാർട്ടി സ്വീകരിച്ചിരിക്കുന്നത്. അതിനോടു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ എൻ. രാജഗോപാലൻ നായർ]

യോജിക്കുവാൻ നിങ്ങൾ തയ്യാറുണ്ടോ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് അതിനോടു യോജിക്കുമോ? പട്ടികവർഗ്ഗക്കാരുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുവാൻ ആരെങ്കിലും മുന്നോട്ടുവരുന്നതിൽ ഞങ്ങൾക്കു സന്തോഷമാണുള്ളത്. അങ്ങനെയാരാണം അതിനോടു യോജിക്കുവാൻ ഞങ്ങൾ തയ്യാറാണ്. എന്നാൽ ആരു എതിർത്താലും കമ്മ്യൂണിസ്റ്റ്പാർട്ടി ഈ രാജ്യത്തു നിലനിൽക്കുന്നിടത്തോളംകാലം—കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ ഒരൊറ്റഅംഗം നിലനിൽക്കുന്നിടത്തോളംകാലം—ഈ രാജ്യത്തെ എല്ലാ ആളുകളുടെയും താൽപ്പര്യങ്ങളും സംരക്ഷിക്കപ്പെടും. എന്നു പ്രഖ്യാപിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. കെ. ആർ. നാരായണൻ: വിദ്യാഭ്യാസനിയമത്തിലെ പതിനൊന്നാം വകുപ്പിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിട്ടുള്ള ഫീസുകളാണ് 21-ാം അദ്ധ്യായം. ഈ ഫീസിനോടു രാഷ്ട്രീയമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ മാത്രം സമർപ്പിക്കുവാൻ ഞാനാഗ്രഹിക്കുകയാണു. ഞാൻ പറയുന്നതിനകത്തു കസക്ടറായേറിന്റെ അതിക്രമണത്തെപ്പറ്റിയൊന്നും സ്പർശിക്കുവാൻ പോകുന്നില്ല. പതിനൊന്നാംവകുപ്പനുസരിച്ചുള്ള പ്രൈവറ്റ് സ്കൂളുകളിലെ നിയമനങ്ങളെ ഭരണഘടന അനുശാസിക്കുന്നുണ്ടോ എന്നുള്ളതിനെസംബന്ധിച്ചു ആഗസ്റ്റ് 30-ാംതീയതി എൻ നിലപാടു വ്യക്തമാക്കിട്ടുണ്ട്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നു് എവിടെയെല്ലാം ശമ്പളം കൊടുക്കുമോ, അവരെല്ലാം വാങ്ങുമോ അതെല്ലാം പബ്ലിക് സർവീസ് കമ്മീഷന്റെ നിയമനപരിധിയിൽ വരണമെന്നുള്ളതാണു് എന്റെ അഭിപ്രായം. അതു് ഒരു പിൻതാങ്ങില്ലാത്ത അഭിപ്രായമല്ല. അതിനു പിൻതാങ്ങിയിട്ടുള്ളതു പബ്ലിക് സർവീസ് കമ്മീഷന്റെ നിയമനപരിധിയെസംബന്ധിച്ചു രണ്ടുകൊല്ലം മുൻപു പാസാക്കിയ ഭേദഗതിയിലുണ്ടായ ഒരു വിധിയാണു്. അതായതു് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നു ശമ്പളം വാങ്ങുന്നവരെല്ലാം പബ്ലിക് സർവീസുകാരാകുമെന്നു് ഒരു വിധിയുണ്ടായിട്ടുണ്ട്. അതിനെപ്പറ്റിയാണു ഞാൻ പറയുന്നതു്. മറിച്ചുവരണമെന്നാഗ്രഹമുള്ളവർ സുപ്രീംകോടതിയുടെ അഭിപ്രായം തേടിക്കൊള്ളട്ടെ. അതുകൊണ്ടു് ഇപ്പോഴത്തെ എന്റെ നിലപാടു് പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു സർക്കാരിൽനിന്നു ശമ്പളം കൊടുക്കുന്ന കാലത്തോളം, അതു് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നു കൊടുക്കുന്ന കാലത്തോളം, ആ നിയമനങ്ങളെല്ലാം പബ്ലിക് സർവീസിനു വരുമെന്നാണു്. പബ്ലിക് സർവീസ് കമ്മീഷൻ കൊടുക്കുന്ന ലിസ്റ്റിൽനിന്നു പ്രൈവറ്റ്സ്കൂളുകളിൽ അദ്ധ്യാപകന്മാരെ നിയമിക്കുക. ആ ലിസ്റ്റിൽനിന്നു പ്രൈവറ്റ്സ്കൂളിലേക്കു ആവശ്യമുള്ള നിയമനങ്ങൾ കഴിഞ്ഞു ബാക്കിയുള്ളവരെ ഗവണ്മെന്റ് സ്കൂളുകളിൽ നിയമിക്കുക. കപ്പാസിറ്റിഫിക്കേഷനുള്ള ആളുകളെ മുഴുവൻ ഉൾപ്പെടുത്തി ഒരു ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നു നിയമനങ്ങൾ നടത്തുക എന്നുള്ള ഒരു നില ഇവിടെ ഉണ്ടായിക്കൊള്ളട്ടെ. ശ്രീ. പി. ഗോവിന്ദപ്പിള്ള സംസാരിച്ചുകൊണ്ടു നിന്നപ്പോൾ അതിനെക്കുറിച്ചുള്ള എന്റെ നിലപാടു വ്യക്തമാക്കുന്നതിനുവേണ്ടി ഒരു ചോദ്യം ചോദിക്കുവാൻ ഞാനാഗ്രഹിച്ചു. സാധാരണഗതിയിൽ പ്രസംഗിക്കുന്നതിനിടയിൽ ആരെങ്കിലും എന്നോടു ചോദ്യം ചോദിക്കുവാൻ തയ്യാറായാൽ അതിനു അവസരംകൊടുക്കുക എന്നതാണു് സ്പീക്കർ ചോദ്യം ചോദിക്കുന്നതിൽനിന്നു തടയുകയാണുണ്ടായതു് എത്ര വേക്കൻസി ഒരു കൊല്ലത്തിൽ ഇവിടെയുണ്ടാകുമെന്നൊരു ധാരണയുണ്ടു്? എത്ര ആളുകൾ ട്രെയിനിംഗ് കഴിഞ്ഞവരായി ഈ രാജ്യത്തുണ്ടു് എന്നൊരു ധാരണയുണ്ടു്? എന്റെ സാമാന്യമായ അറിവു് ശരിയാണെങ്കിൽ ഇപ്പോൾ കപ്പാസിറ്റിഫിക്കേഷൻ ഉള്ളവരായി വെളിയിൽ 2000-ത്തോളം ഉണ്ടു്. ഒരു കൊല്ലം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന വേക്കൻസി 3,000 ആണു് 2,000 ആളുകൾ ട്രെയിനിംഗിനോടുകൂടി പുറത്തു നിൽക്കുകയും, 3,000 വേക്കൻസി ഒരു കൊല്ലത്തിൽ ഉണ്ടാകുകയും ചെയ്യും. ഇപ്പോഴുള്ള എല്ലാവരെയുംകൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ലിസ്റ്റ് വലുതായിരുന്നാൽത്തന്നെയും ഒരു കൊല്ലം പ്രയാസംവരുമെന്നുള്ളതെ.....

ശ്രീ. സി. ജി. സദാശിവൻ: രണ്ടായിരം എന്നു പറഞ്ഞതു അണ്ടർഗ്രാഡുവേറ്റസിനെ ഉദ്ദേശിച്ചാണോ, ഗ്രാഡുവേറ്റസിനെ ഉദ്ദേശിച്ചാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. നാരായണൻ: അണ്ടർഗ്രാഡുവേറ്റ്സിനെ ഉദ്ദേശിച്ചാണ്.

ശ്രീ ജോസഫ് മുണ്ടശ്ശേരി: അണ്ടർഗ്രാഡുവേറ്റ്സ് നാലായിരത്തിൽ പരം ഉണ്ട്. ഗ്രാഡുവേറ്റ്സും വളരെയുണ്ട്.

ശ്രീ. കെ. ആർ. നാരായണൻ: എന്റെ അറിവുവച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. എന്റെ അറിവു സാമാന്യേന 3,000 വേക്കൻസി ഒരു കൊല്ലം ഉണ്ടാകുമെന്നാണ്. ഒട്ടാകെ 50 ന്യായമനങ്ങൾ നടത്തുമ്പോൾ പിന്നോക്ക സമുദായത്തിന് പതിനാലും, പട്ടികജാതിക്കാർക്ക് പത്തും, ഇങ്ങനെ ഇരുപത്തിനാലുനിയമനങ്ങൾ എല്ലാ സ്ഥലത്തുംകൂടി കിട്ടുന്നുണ്ട്. അതുകൊണ്ട് പ്രൈവറ്റ സ്കൂളുകളിലെ നിയമനങ്ങളും സർക്കാർ സ്കൂളുകളിലെ നിയമനങ്ങളും കണക്കിലെടുത്തുകൊണ്ട് ഒരേസ്ഥലത്തു വെയിറ്റേജ് കൊടുക്കുന്നതുപോലെ കൊടുത്തുകൊണ്ടു പോകണമെന്നുള്ള മി. ചാക്കോയുടെ അഭിപ്രായവും മി. താണുപിള്ളയുടെയും, മി. മുഹമ്മദുകോയയുടെയും അഭിപ്രായവും എല്ലാവർക്കും സ്വീകാര്യമാണ്.

ചില പ്രശ്നങ്ങൾ നോക്കുകയാണെങ്കിൽ പരിപൂർണ്ണമായി സ്വീകാര്യമായി വരികയില്ല. രാഷ്ട്രീയപാർട്ടിയിൽ നില്ക്കുന്നവരും രാഷ്ട്രീയ ചിന്താഗതിയോടുകൂടി പോകുന്നവരുമെല്ലാം ചില പ്പോൾ ചില അഡ്വൈസറി കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരുമായിരിക്കും. അതു തത്വത്തെ പരിഗണിച്ചുകൊണ്ടല്ല. പ്രായോഗികബുദ്ധികൊണ്ടാണ്. അതുകൊണ്ട് അൻപതിൽ പതിനാലും പത്തും വീതം നിയമനം കിട്ടുന്ന ഏതു ലിസ്റ്റും സ്വീകാര്യമായിരിക്കും. ഒരു തെറ്റിദ്ധാരണയോടുകൂടി ചില ആളുകൾ സംസാരിച്ചതുപോലെ എനിക്കു തോന്നി. റബ്ബർ മരം തോട്ടങ്ങളിൽ വച്ചുപിടിക്കുന്നതുപോലെ പ്രൈവറ്റ് സ്കൂളുകളിൽ സാമുദായത്തിൽപ്പെട്ട ഏതാനും ആളുകളെ മാത്രമാണ് നിയമിക്കുന്നതെന്ന് ഇവിടെ സൂചിപ്പിക്കയുണ്ടായി. ആ വസ്തുത ശരിയല്ല. ഞാൻ ഇപ്പോഴും ഏതാനും പ്രൈവറ്റ് സ്കൂളുകളുടെ മാനേജരാണ്. ഒരു കൊല്ലം മുമ്പുവരെ ഞാൻ മാനേജരായിരുന്ന എന്റെ സ്കൂളിൽ 29 പേരുണ്ടായിരുന്നതിൽ 18 പേരും ഈഴവരായിരുന്നില്ല. ഇന്നും എന്റെ മാനേജ്മെന്റിലുള്ള സ്കൂളുകളിൽ അകപ്പാടെയുള്ള നിയമനങ്ങളിൽ 35 ശതമാനം പോലും ഈഴവരില്ല. ഞങ്ങൾ കാണിച്ചിരുന്ന നീതിയും മര്യാദയും മഹാമനസ്കതയും വിട്ടുവീഴ്ചയും മറ്റുള്ളവരും കാണിക്കുമെങ്കിൽ ഒരു ജാതിക്കാരുടെ സ്കൂളുകളിൽ ആ ജാതിക്കാരെത്തന്നെ നിയമിക്കുമെന്നുള്ള ഭയം ഉണ്ടാകുകയില്ല. കുറെയൊക്കെ അങ്ങനെ നടക്കുന്നുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ. ഈ കാണിക്കുന്ന മഹാമനസ്കതയും സമുദായസ്നേഹവും അതേ കോട്ടയിൽ തന്നെ പാലിക്കുന്നില്ലെന്നു അറിഞ്ഞുകൊണ്ടു ഞാൻ സംസാരിക്കയാണ്. ഇതെല്ലാം അംഗീകരിക്കുമെങ്കിൽ വളരെ ദുർഘടങ്ങളിൽ നിന്നും നമുക്കു രക്ഷപ്രാപിക്കാൻ കഴിയും. അതാണ് 11-ാം വകുപ്പിലെ നിയമനകാര്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള എന്റെ നില. ഇതു പറയുമ്പോൾ വളരെ കയ്പേറിയതാണെങ്കിലും ഒരു സംഗതി പറയാൻ ഞാൻ നിർബ്ബന്ധിതനാണ്. എതിർപക്ഷത്തുള്ള എന്റെ സുഹൃത്തുക്കൾ സംസാരിച്ചപ്പോൾ അതുടയോ ഒക്കെ രാജിക്കാര്യത്തെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. ഒരു പക്ഷേ എന്റെയും രാജിക്കാര്യം അതിൽ വരുമെല്ലോ. പാർട്ടികൾ സഹകരിച്ചുമായി വളരുകയില്ല. പല സ്ഥലത്തും മുട്ടും തട്ടും ഏറാണ് വളരുന്നതു്. ഒരു പാർട്ടിയുടെ മാത്രമല്ല, ഏതു പാർട്ടിയുടെയും ഗതി അതുതന്നെയാണ്. ചിലപ്പോൾ അങ്ങോട്ടുമിങ്ങോട്ടും ചില ഉരസലുകൾ ഉണ്ടായി എന്നുവരാം അതെല്ലാം കുടുംബകാര്യമാണ് അങ്ങനെയുള്ള കാര്യങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായാൽ അതവരുടെയും കോൺഗ്രസ്സിനകത്തുണ്ടായാൽ അതു അവരുടെയും കുടുംബകാര്യമാണ്. ഞാൻ കയറിപ്പോകുന്ന ഒരു വണ്ടി ഏതെങ്കിലും റോഡിൽക്കൂടി പോകുമ്പോൾ അതിന്റെ വീൽ ചെളിയിൽ അല്പം താണുപോയാൽ ഞാൻ ആ വണ്ടിയിൽ നിന്നും താഴെ ഇറങ്ങി ആ വീൽ ചെളിയിൽ നിന്നും മാറാൻ ഉടനുന്നതു് ആ വണ്ടിയോടോ റോഡിനോടോ ഉള്ള വിരോധം കൊണ്ടല്ല. ആ വണ്ടിയെ നേരെ നയിക്കുന്നതിനുവേണ്ടിയാണ് ഞാൻ അതുചെയ്യുന്നതു്. അങ്ങനെ വണ്ടിയെ ചെളിയിൽ നിന്നും മാറ്റുമ്പോൾ ഒരു കാര്യം ഞാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ആ വണ്ടിയെ ചെളിയിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. നാരായണൻ]

നിന്നും മാറുമ്പോൾ വണ്ടിയിൽ ഇരിക്കുന്ന എന്റെ കൂട്ടുംബക്കാരായ സുഹൃത്തുക്കളുടെയോ വഴിയേ നടന്നുപോകുന്ന പാട്ടിക്കാരായ ബന്ധുക്കളുടേയോ അഭിപ്രായത്തെയോ ച്ച മുണ്ടുകളിൽ ചെളി തെറിക്കാതിരിക്കണമെന്നു് എനിക്കു് പ്രത്യേകം നിർബ്ബന്ധമുണ്ടു്. ആ നിർബ്ബന്ധം പാലിച്ചുകൊണ്ടുപോകുന്നതിനെ വിമർശിക്കുന്നതു് ഭംഗിയാണെന്നു തോന്നുന്നില്ല. അക്കാര്യങ്ങൾ അതുപോലെയുള്ള പൊതുരംഗങ്ങളിൽ ചർച്ച ചെയ്യാതെ ഒരു കൂട്ടുംബകാര്യമായി വിട്ടുന്നതാണു് ഉത്തമമെന്നു് എന്റെ സുഹൃത്തുക്കളോടു അപേക്ഷിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുന്നു. ഇതിനോടുനേരിട്ടു ബന്ധമില്ലെങ്കിലും ബന്ധപ്പെട്ടിത്തിസംസാരിച്ച ചിലകാര്യങ്ങൾ എന്റെ ദൃഷ്ടിയിൽ വന്നിട്ടുള്ളതിനു് ഒരു വിശദീകരണം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. അതു വശത്തേയ്ക്കു കടക്കുന്നതിനുമുമ്പു് പ്രൈവറ്റ് സ്കൂളിലെ നിയമനം സംബന്ധിച്ചും പബ്ലിക് സർവ്വീസ് നിയമനം സംബന്ധിച്ചും രേഖാമൂലം, സമ്മർദ്ദം കൊണ്ടാകട്ടെ, മാനേജ്മെണ്ടം കൊണ്ടാകട്ടെ, ഇന്നു കമ്മ്യൂണിസ്റ്റ് പാർട്ടി കാണിക്കുന്നുണ്ടു്. അവർ ആ ഭാഗത്തു നിന്നുകൊണ്ടു് സംവരണത്തിനനുകൂലമായി സംസാരിക്കുകയാണു്. ഇങ്ങനെ അനുകൂലമായ ഒരു നില കമ്മ്യൂണിസ്റ്റ് പാർട്ടി കാണിക്കുമ്പോൾ, ഇഷ്ടപ്പെടാത്ത ഒരു പെണ്ണിന്റെ കയ്യിൽ ഇരിക്കുന്ന റോസാപ്പൂവിന്റെ മണം എന്ന നിലയിൽ അതിനെ പരിഗണിക്കുവാൻ എനിക്കു സന്തോഷമുണ്ടു്. എനിക്കു ഇഷ്ടമില്ലെങ്കിലും റോസാപ്പൂവിനു് മണം ഉണ്ടല്ലോ എന്ന നിലയിൽ ഞാൻ അതിനെ പരിഗണിക്കുന്നുണ്ടു്. ഇതു ഞാൻ സമ്മതിക്കുന്നതോടൊപ്പം തന്നെ ഇവിടെ നടന്ന വാദപ്രതിവാദത്തിൽ ശ്രീ. രാജഗോപാലൻ നായരും ശ്രീ. ഗോവിന്ദപ്പിള്ളയും എല്ലാം അങ്ങേയറ്റം ആവേശം കാണിച്ചിട്ടുള്ള ചില സംഗതികളുടെ സത്യസ്ഥിതിയിലേയ്ക്കു ഒന്നു ടോർച്ചു മൈറ്റു് അടിച്ചുനോക്കാൻ ഞാൻ ആഗ്രഹിക്കുകയാണു്. ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ച കാലത്തു് അധികാരത്തിലിരിക്കുന്ന പാർട്ടി പ്രാതിനിധ്യത്തെക്കുറിച്ചു ചിന്തിച്ചിരുന്നില്ല. ഒരു പള്ളിക്കൂടത്തിൽ ഒരു വേക്കൻസിയുണ്ടായാൽ നാലുപേരുടെ പേരു ഡയറക്ടറാഫീസിൽ നിന്നു കൊടുക്കുന്നതിൽ നിന്നും ഒരാളിനെ എടുക്കണമെന്നാണു് അന്നത്തെ ബില്ലിൽ എഴുതിയിരുന്നതു്. പിന്നെ മാഴിയെടുത്തപ്പോഴും സെലക്ടറേറ്റ് കമ്മിറ്റിയുടെ ചർച്ചാവേളയിലും ഉണ്ടായ ശക്തമായ എതിർപ്പുകൾക്കു ശേഷമാണു് ഈ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളതു്. ഇന്നത്തെ പാർട്ടിലെവലിൽ കൊണ്ടുവന്ന ബില്ലിൽ ഇതൊന്നും ഉൾപ്പെടുത്തിയിരുന്നില്ലെന്നും പിന്നെയുണ്ടായ ബോധോദയംകൊണ്ടോ, സമ്മർദ്ദംകൊണ്ടോ എടുത്ത നിലപാടാണു് ഇന്നു കാണുന്നതെന്നും വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രേഖകൾ വച്ചു് അങ്ങനെ നിഷേധിക്കാൻ എന്റെ സുഹൃത്തുക്കൾക്കു കഴിയുമെന്നു തോന്നുന്നില്ല. വിദ്യാഭ്യാസബില്ലിനു് ഏപ്രിലിൽ പ്രസിഡന്റിന്റെ അംഗീകാരം കിട്ടി. മേയ് 31-ാം തീയതി ഇതിനാവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതാണു്. ഇതുവരെ നോട്ടിഫിക്കേഷൻ വന്നില്ല പബ്ലിക് സർവ്വീസ് കമ്മിഷനോടു് ലിസ്റ്റ് അയയ്ക്കണമെന്നു അവശ്യപ്പെട്ടിട്ടുമില്ല. അങ്ങനെ അവശ്യപ്പെടാതെ സംവരണവ്യവസ്ഥവച്ചിരിക്കുന്നതു് ഫലത്തിൽ ആട്ടിന്റെ കഴുത്തിലെ മുലപോലെയാണു്. സംവരണത്തിനുവേണ്ടി ആത്മാർത്ഥതയുടെ കൈലാസത്തിൽ നിന്നു പ്രസംഗിക്കുന്ന സംവരണശത്രുക്കളുടെ ഭക്തന്മാർ ഈ മൗനം കാണിക്കുന്നതു് എന്തുകൊണ്ടാണെന്നു ചോദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണു്. അവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയല്ല; ചെയ്യേണ്ടതു് ചെയ്യേണ്ട സമയത്തു ചെയ്തില്ലെന്നുള്ള കുറവിനു് ഒരു നിഗമനം ഞാൻ തേടുകയായിരുന്നു. എന്റെ സ്നേഹിതൻ ശ്രീ. വിശ്വനാഥൻ സംസാരിച്ചപ്പോൾ സംഗതിവശാൽ ഭരണപരിഷ്കാരക്കമ്മിറ്റി റിപ്പോർട്ടിന്റെ കാര്യം സ്പർശിക്കുകയുണ്ടായി. ശ്രീ. ഗോവിന്ദപ്പിള്ളയും രാമഗോപാലൻ നായരും എഴുന്നേറ്റു നിന്നു് റിപ്പോർട്ടു് കൈയിൽ വച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതിനെ എതിർക്കുന്നതിനു് തയ്യാറായി മുന്നോട്ടുവന്നു. ശ്രീ. ഗോവിന്ദപ്പിള്ള റിപ്പോർട്ടിന്റെ ഭാഗം വായിച്ചതു് ആവശ്യമുള്ള ഭാഗമല്ലായിരുന്നു. റിപ്പോർട്ടിലെ പ്രസക്തമായ ഭാഗം 151-ാം പേജിൽ അടങ്ങിയിട്ടുള്ള ഖണ്ഡികകളാണു്. 97-ാം, 98-ാം പേജുകളിൽ എല്ലാം ഓരോ അളുകളുടെ അഭിപ്രായങ്ങളെ വച്ചുകൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചില വാദങ്ങളാണുള്ളത്. വളരെ വ്യക്തമായി ഗ്രൂപാർശ ചെയ്തിട്ടുള്ളത് 151-ാം പേജിലാണ്. അതിലെ 94-ം, 97-ം, 99-ം ഗ്രൂപാർശകളും പബ്ലിക് സർവ്വീസിൽ ഇന്നു കിട്ടുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നതാണ്. സബ്ക്ലാർക്കൽ പോസ്റ്റുകളും ലാസ്റ്റ് ഗ്രേഡ് പോസ്റ്റുകളും പബ്ലിക് സർവ്വീസ് കമ്മിഷന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നുള്ള വ്യക്തമായ ഗ്രൂപാർശ ദോഷകരമാണ്. 97-ാമത്തെ ഗ്രൂപാർശയിൽ പറയുന്നത് ഇങ്ങനെയാണ്:

"There should be provision for direct recruitment in the intermediate services and below"

ഇതുവച്ചു നോക്കിയാൽ ഇൻഡർമീഡിയറേ ഡിവിഷനിൽ ഡയറക്ട് റിക്രൂട്ടുമെന്റാണെന്നും അതിൽ പബ്ലിക് സർവ്വീസ് കമ്മിഷൻ വ്യവസ്ഥകളും ഇല്ലെന്നും വ്യക്തമാണ്. അപ്പോൾ സബ്ക്ലാർക്കൽ പോസ്റ്റുകളും ലാസ്റ്റ് ഗ്രേഡ് പോസ്റ്റുകളും പബ്ലിക് സർവ്വീസ് കമ്മിഷനിൽനിന്നും മാറിയതും ഇൻർമീഡിയറേ ഡിവിഷനിലെ റിസർവേഷൻ എടുത്തു കളയുന്നതും റിഫാംസ് കമ്മിറ്റി റിപ്പോർട്ടിലെ ഗ്രൂപാർശകളാണ്. ആ റിപ്പോർട്ട് എഴുതിയ ആളുകളും ഭരണപരിഷ്ക്കാരക്കമ്മിറ്റി കൂടി പിന്നോക്കസമുദായക്കാരെ സഹായിച്ചു എന്നു പറയുന്നതു ശരിയല്ലെന്നും ആ നില ദോഷകരമാണെന്നും വ്യക്തമാക്കാനാണ് പ്രസക്തമായ ഗ്രൂപാർശകളും ഞാൻ ഇവിടെ ഉദ്ധരിക്കാനാഗ്രഹിച്ചതു. ഇനി നമുക്കു നോക്കാനുള്ളതു പിന്നോക്കസമുദായക്കാരോടു അനുഭാവം ഉണ്ടെന്നു പറയുന്ന ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ചെയ്തിട്ടുള്ള ചില കാര്യങ്ങളാണ്. ക്ഷമയോടുകൂടി ആ ഭാഗത്തിരിക്കുന്നവർ ചിന്തിക്കുന്നതിനുവേണ്ടി, ഞാൻ ആദ്യം പറയുന്നതു മറ്റു കാര്യങ്ങളെ അപേക്ഷിച്ചു ശതമാനക്കാര്യം സംവരണക്കാര്യത്തിൽ ഈ ഗവണ്മെന്റ് വരുത്തി എന്നതു കൂടുതൽ വ്യക്തമാണെന്നാണ്. 18 ലക്ഷം ഈഴവരുണ്ടായിരുന്ന തിരുവിതാംകൂർകൊച്ചി സ്റ്റേറ്റിൽ 13 ശതമാനം റിസർവേഷൻ ഉണ്ടായിരുന്നു. മലബാറുകൂടി ചേർന്ന് 37 ലക്ഷമായപ്പോൾ ശതമാനം 14 ആകുന്നു. അപ്പോൾ 19 ലക്ഷത്തിന് ഒരു ശതമാനമാണ് കൂടിയതു. 18 ലക്ഷത്തിന് 13 ശതമാനം തന്ന കോൺഗ്രസ്സ് ഗവണ്മെന്റും, പി. എസ്സ്. പി. ഗവണ്മെന്റും റാവു ഗവണ്മെന്റും ആണോ പിന്നോക്കസമുദായക്കാരോടു ആനുകൂല്യം കാണിച്ചതു, 19 ലക്ഷംകൂടി വന്നപ്പോൾ ഒരൊറ്റ ശതമാനം മാത്രം റിസർവേഷൻ കൂട്ടിയ കമ്മ്യൂണിസ്റ്റ് ഗവണ്മെന്റാണോ ആനുകൂല്യം കാണിച്ചതെന്നു് അവധാനതയോടുകൂടി കക്ഷിതാൽപ്പര്യത്തിനു് അതീതമായി നിന്നുകൊണ്ടു ചിന്തിക്കുവാൻ ഞാൻ അപേക്ഷിക്കുകയാണ്. 44 ശതമാനം പിന്നോക്കസമുദായക്കാർ ഉണ്ടായിരുന്നപ്പോൾ 36 ശതമാനം റിസർവേഷൻ ഉണ്ടായിരുന്നു. അവരുടെ ജനസംഖ്യ 64 ശതമാനമായി ഉയർന്നപ്പോൾ റിസർവേഷൻ 40 ശതമാനം. അപ്പോൾ 20 ശതമാനം ജനസംഖ്യ കൂടിയപ്പോൾ മൊത്തത്തിൽ റിസർവേഷനിൽ വന്ന ഉയർച്ച 4 ശതമാനമാണ്. ഈ വ്യക്തമായ തെറ്റു് മുഖ്യമന്ത്രിയെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ഒന്നിലധികം പ്രാവശ്യം ശ്രമിക്കുകയും അദ്ദേഹത്തിനു് അതു ശരിയായി ബോദ്ധ്യപ്പെടുകയും ചെയ്തതിന്റെ ഫലമായി ഒരു ഫാർമുല ഞങ്ങളോടു് അവശ്യപ്പെട്ടിരിക്കുകയാണ്. സംവരണത്തിനുവേണ്ടി നിലനില്ക്കുന്നു എന്നു പറയുന്ന ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സംവരണം ഉയർത്തുകയല്ല, താഴ്ത്തുകയാണ് ചെയ്തതെന്നു് സംവരണവാദക്കാരും സംവരണത്തിനുവേണ്ടി നിലകൊള്ളുന്നു എന്നുപറയുന്ന സംവരണമനസ്കന്മാരുമായ ആളുകളെ അറിയിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ആദ്യം ഇരുലക്ഷം ഈഴവരുണ്ടായിരുന്നു എന്നു് പറഞ്ഞകാലത്തു് മൊത്തത്തിലുള്ള ജനസംഖ്യയും ഇപ്പോൾ മൊത്തത്തിലുള്ള ജനസംഖ്യയും കൂടി പറയുമോ?

ശ്രീ. കെ. ആർ. നാരായണൻ: ഞാൻ പറഞ്ഞല്ലോ. 93 ലക്ഷത്തിൽ 18 ലക്ഷം ഉണ്ടായിരുന്ന കാലത്തു് 50-ൽ 13-ം, ഒരു കോടി 36 ലക്ഷം ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. നാരായണൻ]

തിൽ 37 ലക്ഷമുള്ളപ്പോൾ 50-ൽ 14-ം എന്നു് ഞാൻ വളരെ വ്യക്തമായി പറഞ്ഞു. 18 ലക്ഷത്തിനു് 13 ഉണ്ടായിരുന്നതു് 19 ലക്ഷം കൂടി വന്നപ്പോൾ 1 കൂട്ടി.

ഇനി അതിനോടു ബന്ധപ്പെടുത്തി ഇതുകൂടി ആലോചിക്കേണ്ടതാണു്. ഇപ്പോൾ വണ്ടൻമേനു് അധികാരത്തിൽ വന്നതിനുശേഷം 250 രൂപയ്ൽ കൂടുതൽ സമ്പാദ്യമുള്ള 300 നിയമനങ്ങൾ നടത്തി. ഈ നിയമനങ്ങൾ നടത്തിയിരുന്നതിനകത്തു് ഈഴവരുടെ നമ്പർ എണ്ണിത്തീർക്കുന്നതിനു് എന്റെ വലത്തെ കയ്യിലുള്ള 5 വിരൽമാത്രം മതിയാകും. അതു ഭയനീയമായ ഒരു നിലയാണു്. 56 നിയമനങ്ങൾ യൂണിവേഴ്സിറ്റിയിൽ നടത്തിയതിൽ അതുകൊണ്ടു ഈഴവരെ നിയമിച്ചിട്ടുള്ളതു് രണ്ടാണു്. ആ രണ്ടിൽ ഒരാളിന്റെ സമ്പാദ്യം 65 രൂപയും മറ്റൊരാളിന്റെ സമ്പാദ്യം 70 രൂപയുമാണു്. ഈ കണക്ക വെളിയിൽ വന്നതിനുശേഷം 200 രൂപയ്ക്കു മുകളിലുള്ള സമ്പാദ്യത്തിൽ ഒരു ഈഴവനെക്കൂടി നിയമിച്ചിട്ടുണ്ടു്. ഇതു ഭയനീയമായ നിലയിലാണു് നിയമനങ്ങൾ നടത്തുന്നതെന്നു് ഈയവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ഇതെല്ലാം ഞാൻ പറയണമെന്നു വിചാരിച്ചിരുന്നതല്ല. പിന്നോക്കസമുദായക്കാരെ സഹായിക്കുന്നതിനുവേണ്ടി അങ്ങേയറ്റം കാരുണ്യത്തോടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടി നാളുന്നു എന്നു പറയുമ്പോൾ കാരുണ്യം കിട്ടേണ്ട ഞങ്ങൾ അതിനുള്ള വഴികൂടി ചൂണ്ടിക്കാണിച്ചാൽ കാരുണ്യം കൂടുതലായി ചൊരിയുമല്ലോ എന്നു വിചാരിച്ചു് തെളിച്ചു പറഞ്ഞതാണു്. ഇതിനെ ഒരു പ്രധാന വിഷയമായി മുമ്പോട്ടുകൊണ്ടുപോകാൻ ഞാനാഗ്രഹിക്കുന്നില്ല. ഏതായാലും പ്രതിനിധ്യകാര്യത്തിലുള്ള മൊത്തനിലയാണെന്നും പള്ളിക്കൂടത്തിന്റെ കാര്യത്തിൽ ഞാൻ എടുത്തിരിക്കുന്ന നിലപാടു് ഇതാണെന്നും വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. എന്റെ പാർട്ടിയിലും എന്റെ പാർട്ടിയിലെ അംഗങ്ങളുടെ ചിന്താഗതിയിലും എന്തെല്ലാം കാര്യങ്ങൾ സംഭവിച്ചുകഴിഞ്ഞാലും ആഗസ്റ്റ് 30-ാംനു ശ്രീ. പി. ടി. ചാക്കോ ഈ സഭയിൽ പറഞ്ഞിട്ടുള്ള അസംബ്ലി നടപടി രണ്ടാംവാല്യം ഏഴാം പുസ്തകത്തിൽ 650 മുതൽ 670 വരെയുള്ള പേജുകളിൽ കാണുന്ന നിലപാടാണു് എന്റെ നിലപാടെന്നും അർത്ഥശങ്ക കൂടാതെ വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു.

വിദ്യാഭ്യാസബില്ലിനെക്കുറിച്ചും അതിന്റെ മറവശങ്ങളെക്കുറിച്ചും ഈ 11-ാംവകുപ്പിനെക്കുറിച്ചും അന്നു് ശ്രീ. പി. ടി. ചാക്കോ എടുത്ത നിലപാടാണു് കോൺഗ്രസ്സ് പാർട്ടിയുടെ നിലപാടെന്നും ആ നിലപാടും പിന്നോക്കസമുദായക്കാരുടെ അവകാശവും തമ്മിൽ വല്ലയിടത്തും ഒരു പുല്ലരിയുടെ കുറവു വന്നാലും അതു മൊത്തത്തിലുള്ള നേട്ടത്തിനുവേണ്ടി സഹിക്കാൻ തയ്യാറാണെന്നും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും കോൺഗ്രസ്സ് പാർട്ടിയും ഈ ബില്ലിനെതിരാണെന്നു പറഞ്ഞു. ബില്ലിനോടു പൊതുവേ എതിരാണെന്നാണോ, അതോ പതിനൊന്നാം വകുപ്പിനോടെതിരാണെന്നാണോ പറയുന്നതു്?

ശ്രീ. കെ. ആർ. നാരായണൻ: അങ്ങനെയൊരു സംശയം ഉണ്ടാകാതിരിക്കത്തക്കവണ്ണം അക്കാര്യത്തെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. ടി. ചാക്കോ: അന്നു വിദ്യാഭ്യാസനിയമം പാസ്സാക്കുന്ന അവസരത്തിൽ എടുത്ത നിലപാടെന്താണോ, അതാണു് ഇപ്പോഴും കോൺഗ്രസ്സ് പാർട്ടിയുടെ നിലപാടു്. അതിൽ എന്തെല്ലാം എതിർത്തിട്ടുണ്ടോ ആ എതിർപ്പു് ഇപ്പോഴും ഉണ്ടു്.

Mr. Speaker: What have you to say about the rules? Are you supporting or opposing the amendment?

ശ്രീ. കെ. ആർ. നാരായണൻ: ഞാൻ ശ്രീ. തൊമ്മന്റെ ഭേദഗതിയെ അനുകൂലിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. തൊമ്മൻ ഭേഗതിയൊന്നും അവതരിപ്പിച്ചിട്ടില്ല.

ശ്രീ. കെ. ആർ. നാരായണൻ: എങ്കിൽ ഞാൻ ഒരു ഭേദഗതി എഴുതിത്തരാം.

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇവിടെ ഇതുവരെ നടന്ന ചർച്ചകളും നോക്കിയാൽ, പാർലമെൻററി പ്രൊസീഡിയറിനെ സംബന്ധിച്ചു് നമുക്കുള്ള പരിജ്ഞാനത്തെപ്പററി രാജ്യത്തിനു പുറത്തുള്ളവർ വലിയ മതിപ്പൊട്ടുകുടി ആയിരിക്കുകയില്ല കണക്കാക്കപ്പെടുന്നതെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. ഏതെങ്കിലും പ്രിസിഡിനപ്പററി ചർച്ച ചെയ്യുമ്പോൾ, ആ പ്രിസിഡിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളെപ്പററി പറയുകയല്ലാതെ, ഈ രാജ്യത്തിൻെറ പൂർവ്വചരിത്രത്തെപ്പററിയും ഇതിനുമുമ്പു് നടന്നിട്ടുള്ള കാര്യങ്ങളെപ്പററിയും, ഓരോ കക്ഷിയെപ്പററിയും പറയാൻ തുടങ്ങുന്നതു ശരിയല്ല. ചില ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് അങ്ങനെ സംസാരിക്കുവാൻ അനുവാദം കൊടുത്തു എന്നുള്ളതുകൊണ്ടു് തങ്ങൾക്കും അതു ലഭിക്കണമെന്നു ബഹുമാനപ്പെട്ട മെമ്പറന്മാർ ആഗ്രഹിക്കാതെ കഴിയുന്നതും പ്രിസിഡിനെ പരാമർശിച്ചുള്ള കാര്യങ്ങൾ മാത്രം പറയുവാൻ ബഹുമാനപ്പെട്ട മെമ്പറന്മാർ ശ്രദ്ധിക്കണമെന്നു് അപേക്ഷയുണ്ടു്. ഇവിടെ ഹാജരാക്കപ്പെട്ടിട്ടുള്ള ഭേദഗതിയെക്കുറിച്ചു് പായിൻറഡ് ആയിട്ടു സംസാരിച്ചിട്ടുള്ളവർ ശ്രീ. ടി. എ. തൊമ്മൻ, ശ്രീ. കി. സി. നാരായണൻ നമ്പ്യർ മുതലായവരാണു്.

They were pointedly referring to the rules.

അതുകൊണ്ടു് ആ ഭേദഗതിയെ സംബന്ധിച്ചുള്ള പ്രസംഗങ്ങൾ നടത്തുന്നതു് കൂടുതൽ നന്നായിരിക്കുമെന്നു് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചുകൊള്ളുന്നു.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, ഇതുവരെ ഇതേസംബന്ധിച്ചു് ആരും പറഞ്ഞിട്ടില്ലാത്ത ഒരഭിപ്രായം എനിക്കു പറയുവാനുണ്ടു്.

മി. സ്പീക്കർ: ഇതഭിപ്രായപ്രകടനത്തിനുള്ള സമയമല്ല.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, ഗൗരവമായ ചില പ്രസംഗങ്ങൾ മദ്ധ്യാഹ്നത്തിനുമുമ്പു് ഉണ്ടായി. അതിലെ ചില പ്രസ്താവനകൾ കേട്ടപ്പോൾ ഞാനുൾപ്പെടുന്ന സമുദായത്തിൽനിന്നും എന്തിനുവേണ്ടിയാണു് സ്കൂളുകൾ സ്ഥാപിക്കപ്പെടുന്നതെന്നു് അവർക്കു് നല്ല നിശ്ചയമില്ലെന്നു മനസ്സിലായി. സർ, ഒരു വ്യവസായമെന്ന നിലയ്ക്കല്ല, സ്കൂളുകൾ നടത്തുന്നതും, സ്ഥാപിക്കുന്നതും. അതുകൊണ്ടു് അല്പം സമയം എനിക്കു തന്നാൽ,.....

Mr. Speaker: That Bill has been passed into Law.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സർ, സ്വകാര്യവിദ്യാലയങ്ങളിൽ സംവരണം ഏർപ്പെടുത്തണമെന്നുള്ള വാദത്തെ അനുകൂലിക്കുവാൻ സംവരണം അനുവദിക്കപ്പെട്ടിട്ടുള്ള ജനവിഭാഗത്തിൽപ്പെട്ട ഒരാൾ എന്ന നിലയ്ക്കു് എനിക്കു വിഷമമൊന്നുമില്ലെങ്കിലും, ഇന്നിവിടെ ചർച്ചാവിഷയമായിരിക്കുന്ന ആ ഭേദഗതിയെ അനുകൂലിക്കുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. സ്വകാര്യവിദ്യാലയങ്ങളിൽ സംവരണം ഏർപ്പെടുത്തണമെന്നുള്ള കാര്യത്തിൽ ഗവണ്മെൻറു് ഇപ്പോൾ വളരെ ഏറെ വ്യഗ്രത കാണിക്കുന്നുണ്ടു്. അതു് മുമ്പൊരവസരത്തിൽ ഗവണ്മെൻറു് അവലംബിച്ചിട്ടുള്ള നിലയിൽനിന്നു വളരെ വ്യത്യസ്തമായ ഒരു നിലയാണെന്നു കാണാം. അതെന്തെങ്കിലുമാകട്ടെ. സംവരണം ഇന്നനുവദിക്കപ്പെട്ടിട്ടുള്ള ലത്തീൻ ക്രിസ്ത്യൻസമുദായത്തിനു ഈ രണ്ടരക്കോല്പക്കാലത്തിനുള്ളിൽത്തന്നെ സംവരണകാര്യത്തിൽ വളരെയേറെ ദോഷങ്ങൾ സംഭവിച്ചിട്ടുണ്ടെന്നു കാണാവുന്നതാണു്. മുമ്പു് അഞ്ചുശതമാനം ഉദ്യോഗം സംവരണമായി അനുവദിക്കപ്പെട്ടിട്ടുള്ള ഈ സമുദായത്തിനു് കേരളസംസ്ഥാനം വന്നതിനുശേഷം എഴുശതമാനം ഉദ്യോഗങ്ങൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ ഇന്നു എത്രമാത്രം വ്യത്യാസമുണ്ടെന്നും പരിശോധിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

ലത്തീൻകത്തോലിക്കാസമുദായക്കാർക്ക ലഭിക്കേണ്ട സംവരണക്കണക്കിൽ, മറ്റവശസമുദായക്കാരെക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നതു് വളരെ വ്യസനകരമാണു്. അവർക്ക കൂടുതൽ ഉദ്യോഗങ്ങൾ ലഭിക്കുന്നു എന്നുള്ളതാണു് അതിന്റെ ഫലം. മറ്റവശസമുദായക്കാർക്ക സംവരണം കൊണ്ടു് കൂടുതൽ ഉദ്യോഗങ്ങൾ കിട്ടുന്നതിൽ ആർക്കും വിരോധമില്ല. എന്നാൽ ഞങ്ങൾക്ക കിട്ടാനർഹതയുള്ളതു്, കഴിഞ്ഞകാലങ്ങളിൽ ഞങ്ങൾക്ക കിട്ടിയിട്ടുള്ളതിന്റെ ഒരു കണക്ക പരിശോധിച്ചുനോക്കിയാൽ, കിട്ടിയിട്ടില്ലെന്നു കാണാവുന്നതാണു്. അതിനെ സംബന്ധിച്ചു് ഒരു നിവേദനം തന്നെ ഗവണ്മെൻറിലേക്ക സമർപ്പിച്ചിട്ടുണ്ടു്. ലത്തീൻകത്തോലിക്കർക്കു് കിട്ടാനർഹതയുള്ള ഉദ്യോഗങ്ങളിൽ കേരള സംസ്ഥാനം വന്നതിനുശേഷം എത്ര ഉദ്യോഗം കിട്ടിയിട്ടുണ്ടു്, അതേസമയം മറ്റവശസമുദായക്കാർക്കു് എത്ര ഉദ്യോഗങ്ങൾ ലഭിച്ചിട്ടുണ്ടു്, എന്നു കാണിച്ചുകൊണ്ടു് ഒരു നിവേദനം ഗവണ്മെൻറിനു കൊടുത്തിട്ടുണ്ടു്. ഇവിടെ നിർദ്ദേശിക്കപ്പെട്ട രീതിയിലുള്ള ഒരു ഭേദഗതി ഈ ബില്ലിൽ വരുത്തുന്നപക്ഷം, ഗവണ്മെൻറ ഭാഗത്തുനിന്നും, സംവരണക്കാര്യത്തിൽ ഞങ്ങളോടു കാണിക്കുന്ന അനീതി സഹകാര്യവിദ്യാലയങ്ങളിലെ നിയമനങ്ങളും മുഖേന ഇപ്പോഴത്തെപ്പോലെ പരിഹരിക്കാൻ കഴിയുന്നതാണു്. സംവരണം ഏർപ്പെടുത്താനും, സംവരണം ഏർപ്പെടുത്തി സമുദായനീതി പുലർത്താനുമാണു് ഗവണ്മെൻറു് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നതെങ്കിൽ, ഞാൻ ഇപ്പറഞ്ഞ നിലപാടാണു് കൂടുതൽ നല്ലതെന്നു് അസന്നിഗ്ദ്ധമായി പ്രസ്താവിക്കുവാൻ കഴിയും. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നടത്തുന്ന നിയമനങ്ങൾക്കുവേണ്ടി സ്ഥാനാർത്ഥികളുടെ ഒരു ലിസ്റ്റു് തയാറാക്കണമെന്നുള്ള കാര്യത്തിൽ മുൻകാലങ്ങളിൽ ചില അഭിപ്രായങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. പ്രൈവറ്റു സ്കൂൾ മാനേജർമാർ അവരുടെ സ്ഥാനാർത്ഥികളെ നിർദ്ദേശിക്കുകയും ആ സ്ഥാനാർത്ഥികളെക്കൂടി ഈ ലിസ്റ്റിൽ ചേർക്കുകയും ചെയ്തിട്ടു പൊതുവേയുള്ള ആ ലിസ്റ്റിൽ നിന്നു മാനേജർക്ക ഇഷ്ടമുള്ള അദ്ധ്യാപകന്മാരെ നിയമിക്കുവാൻ അനുവദിക്കണമെന്നുള്ള അഭിപ്രായമാണു് മുമ്പു കൊണ്ടുവന്നിരുന്നതു്. അങ്ങനെ ചെയ്തിരുന്നാൽ, ഇന്നിവിടെ കേൾക്കുന്ന പരാതികൾക്കു ന്യായമായ പരിഹാരമുണ്ടാക്കുവാൻ കഴിയുന്നതാണു്. ഉദ്യോഗവിതരണത്തിൽ സംവരണം കൊണ്ടു് എല്ലാ സമുദായക്കാർക്കും ഒരു നീതിവരുത്തണമെന്നാണു ഗവണ്മെൻറു വിചാരിക്കുന്നതെങ്കിൽ, പ്രൈവറ്റു സ്കൂളുകളിൽ സംവരണം ഏർപ്പെടുത്തുകയല്ല വേണ്ടതു്. അതുകൊണ്ടു് ഞങ്ങളെപ്പോലെയുള്ള ചെറിയ സമുദായക്കാരുടെ സങ്കടങ്ങൾക്കു് യാതൊരു പരിഹാരവും ഉണ്ടാകുന്നതല്ലെന്നാണു്.

ശ്രീ. ഇടിക്കുള ഇടിക്കുള: സർ, സഹകാര്യവിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം, അതു ഉയർന്നസമുദായത്തിന്റെ വകയായിരുന്നാലും ശരി, ഏതു സമുദായത്തിന്റെ വകയായിരുന്നാലുംശരി, ചിലപ്രത്യേക ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും അതിന്റെ സ്ഥാപകന്മാർക്കുണ്ടു്. ഈ വിദ്യാലയങ്ങളിൽ മതവിശ്വാസമില്ലാത്തവരെയോ, അല്ലെങ്കിൽ, ഇന്നത്തെ കമ്മ്യൂണിസ്റ്റു മനോഭാവക്കാരെയോ, നിയമിക്കുവാൻ ഇഷ്ടപ്പെടാത്ത മാനേജരന്മാർ ധാരാളമുണ്ടു്. അവർ വിശ്വസിക്കുന്നമതത്തിൽ, അവരുടെ ആദർശത്തിലും തത്വത്തിലും അനുയോജ്യമായിട്ടുള്ള സന്മാർഗ്ഗബോധത്തിൽ അവരുടെ സമുദായത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്കു് വിദ്യാഭ്യാസം നൽകണമെന്നുള്ള പ്രകടമായ ഉദ്ദേശമാണു് ഈ സഹകാര്യവിദ്യാലയങ്ങളുടെയെല്ലാം പിന്നിലുള്ളതു്. സർ, കഴിഞ്ഞകൊല്ലം എന്റെ ഒരു മകൻ നാലാംക്ലാസ്സിൽ പഠിക്കുകയായിരുന്നു. ഒരുദിവസം വൈകുന്നേരം അവൻ വീട്ടിൽ വന്നു് മോഷ്ടിക്കുന്നതു തെറ്റല്ലെന്നു പറഞ്ഞു. ഞാൻ വളരെ വിഷമിച്ചുചോദിച്ചപ്പോൾ, അങ്ങനെയാണു് ഞങ്ങളുടെ ഹിന്ദിസാർ പഠിപ്പിച്ചതു് എന്നും പറഞ്ഞു. സ്കൂളിൽച്ചെന്നു് ഹെഡ്മാസ്റ്ററേയും ഹിന്ദി ടീച്ചറേയും മറ്റും കണ്ടുചോദിച്ചപ്പോൾ വിശദീകരണസമയത്തു് കുപ്പയും മറ്റും മോഷ്ടിച്ചുകൊണ്ടുവരുന്നതിനാൽ, അതു തെറ്റാകുകയില്ലെന്നു ഹിന്ദി ടീച്ചർ പറഞ്ഞതായി അറിഞ്ഞു. നോക്കുക ഇതാണു് ഇന്നത്തെ ഒരു കമ്മ്യൂണിസ്റ്റധ്യാപകന്റെ മനോഭാവം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ കൂടിൽനിന്നും വളരെ അകന്നു സംസാരിക്കുകയാണു്. കമ്മ്യൂണിസ്റ്റു കാരെ സ്കൂളുകളിൽ അദ്ധ്യാപകന്മാരായി നിയമിക്കരുതു് എന്നൊരു ഭേദഗതികൊണ്ടുവരിക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇഷിക്കുട്ടി ഇടിക്കുള: സർ, ഞാൻ ചോദിക്കുന്നു. മാനേജർമാർക്ക് ഇഷ്ടമുള്ള അദ്ധ്യാപകന്മാരെ നിയമിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടയാവശ്യത്തെപ്പറ്റി ഉന്നിപ്പറയുവാനാണു ഞാൻ ഈ ഉദാഹരണം പറഞ്ഞതു".

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, ഒരു പുതിയ സംഗതി പറയുവാനാണു ഞാൻ എഴുന്നേറ്റതു. ഇവിടെ ലിസ്റ്റു തയാറാക്കുമ്പോൾ, ആ ആണ്ടിൽ റിട്ടയർചെയ്യും മറ്റും ഒഴിവുവരുന്ന സംഖ്യയോളം അദ്ധ്യാപകരുടെ ലിസ്റ്റാണു വേണ്ടതെന്നു പറഞ്ഞിരിക്കുന്നു. ആ ലിസ്റ്റു മാനേജരന്മാർക്കു അയച്ചുകൊടുക്കണമെന്നും പറയുന്നു. ആ ലിസ്റ്റിൽനിന്നു നിയമനങ്ങളെല്ലാം നടത്തിക്കഴിഞ്ഞു ബാക്കി കുറെയാളുകൾ വന്നുഎന്നു വിചാരിക്കുക. അവർക്കു കൊല്ലം കഴിഞ്ഞാലും ജോലികിട്ടിയില്ലെന്നുവരും. അടുത്തകൊല്ലത്തെ ലിസ്റ്റിലും അവർ പിന്നിലാവുന്നു. ഈ നിലയിൽ അദ്ധ്യാപകന്മാരുടെ ഇടയിൽ ഒരു പിന്നോക്കസമുദായം സൃഷ്ടിക്കപ്പെടുന്നു. അങ്ങനെ ആദ്യത്തെ ലിസ്റ്റിൽപ്പെട്ട കുറേപ്പേർ ഉദ്യോഗംകിട്ടാതെ പുറത്തുനില്ക്കുന്നതായി വരും. അതുകൊണ്ടു് അടുത്തകൊല്ലത്തെ ലിസ്റ്റു തയാറാക്കുമ്പോൾ, അങ്ങനെ ഉദ്യോഗം കിട്ടാതെ പിന്നാക്കം നില്ക്കുന്നവർക്കു പ്രത്യേക പരിഗണനകൊടുക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കുതോന്നുന്നതു്. പ്രായംകൂടിയ അദ്ധ്യാപകന്മാർക്കു പെട്ടെന്നു നിയമനം കിട്ടിയെന്നുവരികയില്ല. അതോടൊപ്പം പുതിയ പുതിയ ആളുകൾക്കു് ജോലികിട്ടാൻ അവസരം ലഭിക്കുകയും ചെയ്യും. അതുകൊണ്ടു് ഒരു കൊല്ലം തയാറാക്കപ്പെടുന്ന ലിസ്റ്റിൽ നിയമനം ലഭിക്കാതെ ബാക്കിവരുന്ന അദ്ധ്യാപകന്മാർക്കു മുൻഗണന കൊടുത്തുകൊണ്ടു് അടുത്തലിസ്റ്റു തയാറാക്കണമെന്നു് അഭിപ്രായപ്പെട്ടുകൊള്ളുന്നു.

Mr. Speaker: There is such an amendment tabled by Shri T. C. Narayanan Nambiar.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, എന്നാൽ ഞാൻ ആ അമെൻഡുമെൻറിനോടു യോജിക്കുകയാണു്.

ശ്രീ പി. ടി. ചാക്കോ: ഞാൻ ഈ ക്ലോസിനു് ഒരു ഭേദഗതി എഴുതിക്കൊടുത്തിട്ടുണ്ടു്.

Mr. Speaker: You can give it now.

ശ്രീ. പി ടി. ചാക്കോ: ഞാൻ ഒരു ഭേദഗതി എഴുതുകയായിരുന്നു. അതെഴുതി വോട്ടിനു സമയമാകുമ്പോൾ തരാമെന്നു വിചാരിക്കുന്നു. ആ ഭേദഗതി വിദ്യാഭ്യാസനിയമം 11-ാംവകുപ്പിനു വിധേയമായിരിക്കുന്നതും ഈ നിയമസഭയിൽ വിദ്യാഭ്യാസനിയമത്തിലെ 11-ാംവകുപ്പിനു ഞാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയുടെ സാരം ഉൾക്കൊള്ളുന്നതുമായ ഒന്നായിരിക്കും. ഞാൻ അന്നു് അവതരിപ്പിച്ച ആ ഭേദഗതിതന്നെ എന്താണെന്നു നമുക്കു നോക്കാം. ആ ഭാഗം ഞാൻ വായിക്കാം:

"1. Appointments in aided schools shall be made from a list of candidates prepared by the Public Service Commission on or before 31st May of every year;

2. Any person having the prescribed qualifications shall be entitled to be included in the list thus prepared;

3. Appointments in Government schools shall be made from the same list on the recommendation of the Public Service Commission;

4. In making such recommendation, Public Service Commission shall have due regard to appointments made in private schools and for the purpose of giving representation to communities, appointments in private schools shall be deemed to be appointments in Government schools.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

Explanation.—In the case of communities which do not have any reservation, appointments in private schools shall be deemed to be appointments on merit and due regard shall be given to such appointments in private schools in recommending candidates for appointment in Government schools."

സർ, ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന ഭേദഗതി ഇതാണ്:

Sabstitute the following for Rule 5 of Chapter XXI:—

"5. (i) Appointments in aided schools shall be made from lists of candidates prepared by the Public Service Commission for each district separately:

provided that the manager may, for sufficient reason, appoint teachers selected for any other district with the permission of the Public Service Commission.

(ii) Any person having the prescribed qualification shall be entitled to be included in the list prepared for the district in which he ordinarily resides.

(iii) Appointments in Government schools shall be made from the lists on the recommendation of the Public Service Commission.

(iv) In making such recommendation, the Public Service Commission shall have due regard to appointments made in private schools and for the purpose of giving representation to communities, appointments in private schools shall be deemed to be appointments in Government Schools.

Explanation.—In the case of communities which do not have any reservation, appointments in private schools shall be deemed to be appointments on merit and due regard shall be given to such appointments in private schools in recommending candidates for appoinments in Government schools."

ഇതാണ് 5-ാമത്തെ റൂളിനു പകരമായി സബ്സ്റ്റിറ്റ്യൂട്ട് ചെയ്യണമെന്നു പറയുന്ന ഭേദഗതി. അതു ഞാൻ അവതരിപ്പിക്കുകയാണ്. ഇതിൽ വിദ്യാഭ്യാസബില്ലിലെ 11-ാംവകുപ്പിനു വിപരീതമായി ഒന്നുമില്ല. ഇതു റൂളായി കൊണ്ടുവരാവുന്നതാണ്. സർ, ഈ ഭേദഗതി അവതരിപ്പിക്കുമ്പോൾ ഒന്നുരണ്ടു കാര്യങ്ങൾ വ്യക്തമായി പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വിദ്യാഭ്യാസനിയമത്തിനോടു കോൺഗ്രസ്സ് പാർട്ടിക്കു.....

11 A. M.

Mr. Speaker: You can give what you read to the Secretary. So that copies might be taken and circulated.

ശ്രീ. പി. ടി. ചാക്കോ: തൽക്കാലത്തേക്കു ഈ പ്രൊസീഡിംഗ്സ് തന്നെമതി. ഈ ഭേദഗതി അവതരിപ്പിക്കുമ്പോൾ വിദ്യാഭ്യാസനിയമത്തിൽ അന്നുള്ള വ്യവസ്ഥകളെ ഞാൻ സ്വീകരിക്കുന്നു എന്നർത്ഥമില്ല. പ്രതിപക്ഷത്തുള്ളവർ എതിർക്കുന്നതും എതിർക്കേണ്ടതുമായ മാറേണ്ടതുമായ വ്യവസ്ഥകൾ വിദ്യാഭ്യാസനിയമത്തിലുണ്ട്.

ഇന്നലെ ഡൽഹിയിൽവച്ചു നമ്മുടെ മുഖ്യമന്ത്രി നടത്തിയ പ്രസ് കോൺഫറൻസിൽ അദ്ദേഹം വിതരണംചെയ്ത ഒരു സ്റ്റേറ്റുമെന്റിലും വിദ്യാഭ്യാസ

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിൽ ആവശ്യമായ ഭേദഗതികളും ചെയ്യുമെന്നു പറഞ്ഞിട്ടുള്ളതു് സ്വാഗതാർഹമാണു്. ഇന്നു രാവിലെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ ആ പ്രസ്താവനകൂടി ശ്രവണമെൻറിന്റെ ശ്രദ്ധയിൽ ഉണ്ടെന്നു ഞാൻ വിശ്വസിക്കുകയാണു്. അദ്ദേഹം ഡൽഹിയിൽ വിതരണം ചെയ്ത സ്റ്റേറ്റുമെൻറിൽ ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്ന അമെൻറുമെൻറു വിദ്യാഭ്യാസനിയമം ചർച്ച ചെയ്ത അവസരത്തിൽ ചർച്ച ചെയ്ത എന്നും അതിലെ തത്വം ശ്രവണമെൻറു സ്വീകരിച്ചുതുതന്നെയാണെന്നും എടുത്തു പറഞ്ഞിട്ടുണ്ടു്. അതിൽനിന്നു ഞാൻ മനസിലാക്കുന്നതു് ഈ ഭേദഗതി ശ്രവണമെൻറിനു് സ്വീകാര്യമാണെന്നാണു്. ഈ തത്വം ശ്രവണമെൻറു സ്വീകരിച്ചുതുതന്നെയാണെന്നും അതിൽനിന്നും ഭിന്നമായ ഒരു നിലപാടല്ലാ ശ്രവണമെൻറിന്റെ നിലപാടെന്നും ആണു് പ്രസ്തുത സ്റ്റേറ്റുമെൻറിൽനിന്നും ഞാൻ മനസിലാക്കുന്നതു്. ഇപ്പോൾ ഞാൻ വായിച്ചഭാഗം മുഴുവൻ ആ അച്ചടിച്ച സ്റ്റേറ്റുമെൻറിൽ ഉൾപ്പെടുത്തിച്ചിട്ടുണ്ടു്. എന്റെ ഭേദഗതി അവതരിപ്പിക്കുന്നതിനു് ഇതുമതി അനുകൂലമായ സാഹചര്യങ്ങളും ഉണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

സർ, ഈ വിദ്യാഭ്യാസനിയമത്തിൽ ആവശ്യമില്ലാത്ത ചില വകുപ്പുകളുണ്ടു് എന്നു് മുഖ്യമന്ത്രിയുടെ സ്റ്റേറ്റുമെൻറിൽനിന്നും ഞാൻ ഇപ്പോഴും മനസിലാക്കുകയാണു്. അതുകൊണ്ടു് ഈ വിദ്യാഭ്യാസനിയമത്തെ ഭേദഗതി ചെയ്യുകയാണു നല്ലതെന്നു ഞാൻ അഭിപ്രായപ്പെട്ടതു്. ശ്രീമാൻ അച്യുതമേനോൻ പറയുകയുണ്ടായി ആ നിയമത്തിനു് കോൺഗ്രസ് പാർട്ടി എതിരാണെന്നു്. ഞാൻ പറയുന്നു കോൺഗ്രസ് പാർട്ടിയിലെ എല്ലാ അളുകളും എതിരാണു്. പ്രതിപക്ഷത്തുള്ള എല്ലാ അളുകളും അതു പ്രകടിപ്പിക്കുകയും ചെയ്തു. കോൺഗ്രസ് പാർട്ടി എടുത്ത നിലപാടിനു് വിപരീതമായ നിലപാടു പാർട്ടിയിലുള്ള ആരെങ്കിലും എടുക്കുകയാണെങ്കിൽ ആ പാർട്ടിയിൽ പിന്നെ അവർക്കു് സ്ഥാനമില്ല. ഇതിൽ രണ്ടുകാര്യമാണുള്ളതു്. അതിൽ പ്രധാനമായിട്ടുള്ളതു് പ്രൈവറ്റു സ്കൂൾ മാനേജുമെൻറുകൾക്കു് നിയമനസ്വാതന്ത്ര്യം കൊടുക്കണമെന്നാണു്. ആ നിയമനസ്വാതന്ത്ര്യം കൊടുക്കുന്നതു പ്രൈവറ്റു വിദ്യാലയങ്ങളുടെ വളർച്ചക്കു് ആവശ്യവുമാണു്. ഈ രാജ്യത്തു അദ്ധ്യാപകന്മാരാകുന്നതിനുള്ള യോഗ്യത ശ്രവണമെൻറു നിശ്ചയിക്കുന്നതാണു്. അങ്ങനെ യോഗ്യതയുള്ള എല്ലാ അളുകളേയും ലിസ്റ്റിൽ പെടുത്തുന്നതുകൊണ്ടു് കാര്യക്ഷമതക്കു് ഹാനി വരുന്നും വരാനില്ല. അങ്ങനെ എല്ലാ അളുകളേയും ലിസ്റ്റിൽപ്പെടുത്താൻ അനുവദിക്കേണ്ടതാണു്. അല്ലാതെ അദ്ധ്യാപകന്മാരാകാൻ യോഗ്യതയുള്ളവരെ നമ്മുടെ വിദ്യാഭ്യാസമന്ത്രി പറഞ്ഞതുപോലെ ആധാരമെഴുതാനും മറ്റും വിടുകയല്ലെന്നാണു് എന്റെ അഭിപ്രായം. ഈ 11-ാം വകുപ്പനുസരിച്ചുള്ള ലിസ്റ്റിൽ.....

ശ്രീ. ഈ. ചന്ദ്രശേഖരൻ നായർ: അങ്ങിനെയാണെങ്കിൽ പിന്നെ ലിസ്റ്റു വേണോ.

ശ്രീ. പി. ടി. മാത്തോ: എങ്ങനെയാണെങ്കിലും ലിസ്റ്റു വേണം. അതെന്തിനാണെന്നു ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ടു്. യോഗ്യതയുള്ളവരുടെ ഒരു ലിസ്റ്റുവച്ചാൽ അതിൽനിന്നും അളുകളെ നിയമിക്കാൻ പ്രൈവറ്റു സ്കൂൾ മാനേജരന്മാർക്കു് സൗകര്യം കിട്ടും. ആ വിദ്യാഭ്യാസത്തിന്റെ സ്വതന്ത്രവും അടിസ്ഥാനപരവുമായ കാര്യമാണു്. ആ സ്വാതന്ത്ര്യമില്ലെങ്കിൽ വളരെക്കാലം പ്രശസ്തമായ നിലയിൽ ഈ രാജ്യത്തു സേവനം നടത്തിയിട്ടുള്ള പ്രൈവറ്റു വിദ്യാലയങ്ങൾക്കു് പ്രവർത്തിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യങ്ങൾ ഉണ്ടാകുമെന്നും വിദ്യാഭ്യാസരംഗത്തുതന്നെ പോരായ്മയുണ്ടാകുന്നതാണെന്നും ശ്രവണമെൻററിഞ്ഞിരിക്കേണ്ടതാണു്.

ഈ സഭയിൽ സംവരണത്തിന്റെ പ്രശ്നം രാജ്യത്തു അസ്വസ്ഥതയുണ്ടാക്കുവാനും, വർഗ്ഗങ്ങൾ തമ്മിൽ ചേരിതിരിയുവാനും, അങ്ങനെ ഭിന്നിപ്പിച്ചു് ഭരിക്കുവാനും വേണ്ടി കൊണ്ടുവന്നിട്ടുള്ളതാണു്. അതിനു ഉപോൽബലകമായിട്ടുള്ള പലകാര്യങ്ങളും ശ്രീമാൻ കെ.കെ. വിശ്വനാഥൻ ചൂണ്ടിക്കാണിച്ചു. ആത്മാർത്ഥതയില്ലാതെയാണു് ഇവർ ഈ സംവരണപ്രശ്നം കൊണ്ടുവന്നിട്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ പി. ടി. ചാക്കോ]

ള്ളതെന്നു് തെളിയിക്കാൻ ഞാൻ തയാറാണു്. വിദ്യാഭ്യാസമന്ത്രി എന്തുതന്നെ പറഞ്ഞാലും ഈ 11-ാംവകുപ്പു ഭരണഘടനാവിരുദ്ധമാണെന്നും അതു ഭേദഗതി ചെയ്യേണ്ടതാണെന്നും നിയമോപദേശം കിട്ടിയിട്ടുണ്ടെന്നു് എനിക്കറിയാം. എന്നിട്ടും അതു നടപ്പിലാക്കാൻ ശ്രമിക്കുകയാണു്. രണ്ടാമതു ഈ 11-ാംവകുപ്പിനെ സംബന്ധിച്ചിടത്തോളം സംവരണമില്ലാത്ത രീതിയിൽ റൂളുകൾ എഴുതിയുണ്ടാക്കുകയും 11-ാംവകുപ്പു ഭേദഗതി ചെയ്യുകയും ചെയ്യാമെന്നു വിദ്യാഭ്യാസമന്ത്രി ചില സന്ദർഭങ്ങളിൽ സമ്മതിച്ചിട്ടുണ്ടു്. അദ്ദേഹം അതു നിഷേധിച്ചിട്ടുമുണ്ടു്. എന്നാലും അദ്ദേഹം പല സ്ഥാനങ്ങളിലും സമ്മതിച്ചിട്ടുണ്ടു്. ഈ സഭയിലെ അംഗങ്ങളോടുതന്നെ സമ്മതിച്ചിട്ടുണ്ടു്. അതിനു വേണ്ടിവന്നാൽ തെളിവുകൾ കൊടുക്കാൻ ഞാൻ തയാറാണു്. ഞാൻ ഇതു ഉത്തരവാദിത്വത്തോടുകൂടി ചെയ്യുന്ന പ്രസ്താവനയാണു്. അതുകൊണ്ടു് ഈ സംവരണകാര്യത്തിൽ ഈ ഗവണ്മെൻറിനു് യാതൊരു ആത്മാർത്ഥതയുമില്ലാ എന്നു മനസ്സിലാക്കാൻ കഴിയും. യാതൊരു ആത്മാർത്ഥതയുമില്ലാതെ ആളുകൾ തമ്മിൽ പരസ്പരം കലഹിച്ചുകൊള്ളട്ടെ എന്നുവച്ചു് സംവരണവും വച്ചിരിക്കുകയാണു്. അതുകൊണ്ടുതന്നെയാണു് എൻറെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നതു്. സംവരണം ഇല്ലാതെയാക്കണമെന്നുള്ള അഭിപ്രായം കോൺഗ്രസ്സു പാർട്ടിക്കില്ല. പ്രൈവറ്റു വിദ്യാലയങ്ങളിൽ മാനേജ്മെൻറുകൾക്കു് നിയമനാധികാരം കൊടുക്കുകയാണെങ്കിൽ ഗവണ്മെൻറ്സ്കൂളുകളിൽ അതിൻറെ രണ്ടിരട്ടി റേഷ്യോ കൊടുക്കണം എന്നു വ്യവസ്ഥ ചെയ്യുന്ന ഒരു ഭാഗം എഴുതി ചേർത്തിട്ടുണ്ടു്. ഇന്നത്തെ 11-ാംവകുപ്പു നിയമവിരുദ്ധമല്ലെങ്കിൽ ഇതും നിയമവിരുദ്ധമാകയില്ല. 11-ാംവകുപ്പു നിയമവിരുദ്ധമാണെങ്കിൽ ഇതും നിയമവിരുദ്ധമാകും. നിയമവിരുദ്ധമാകാതെ റൂളിൽ അതു ഭേദഗതി വരുത്തണം. മുഖ്യമന്ത്രിയും കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ആളുകളും അവസ്ഥിച്ചുവസ്ഥിച്ചു് ചോദ്യങ്ങൾ ചോദിക്കാറുണ്ടു്. അതിൽ ഒന്നു് സംവരണത്തിൻറെ കാര്യമാണു്. ഈ രാജ്യത്തു അവശത അനുഭവിക്കുന്ന പിന്നോക്കവർഗ്ഗത്തിൽപ്പെട്ട സമുദായങ്ങൾക്കു് സംവരണം തുടർന്നു നൽകണമെന്ന പ്രദേശ് കോൺഗ്രസ്സ് കമ്മറ്റിയുടെ പ്രമേയം ഇന്നും നിലവിലിരിക്കുകയാണു്. സംവരണം അവർക്കു് കൊടുക്കണമെന്നുള്ളതു് 1961-ൽ ആലോചിക്കേണ്ടിവരും. അങ്ങനെ ആലോചിക്കുമ്പോൾ രാജ്യത്തുള്ള വിവിധ ചിന്താഗതിക്കാരെക്കൊണ്ടും സ്വീകാര്യമായ ഒരു നിലപാടു് സ്വീകരിക്കുകയാണു് വേണ്ടതു് എന്നാണു് എൻറെയും എൻറെ കക്ഷിക്കാരുടേയും അഭിപ്രായം. ഇതു വളരെ കുഴപ്പങ്ങളുണ്ടാക്കുന്ന ഒരു കാര്യമാണെന്നു് എനിക്കു് വിശ്വാസമില്ല. രണ്ടുപരിഷ്കാരകമ്മിറ്റിയുടെ റിപ്പോർട്ടിൽ കാണുന്നപ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്കു സംവരണം കൊടുക്കുന്നതിനു ഞാൻ എതിരല്ല. എൻറെ പാർട്ടി അതേപ്പറ്റി ആലോചിക്കാൻ തയ്യാറാണു്. പക്ഷെ അങ്ങനെ കൊടുക്കുന്ന സംവരണത്തിൻറെ ഫലമന്തായിരിക്കുമെന്നു് ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ചുവേണം അതു നടപ്പാക്കാൻ. സാമ്പത്തികാടിസ്ഥാനത്തിൽ സംവരണം കൊടുക്കണം എന്നുള്ളതിൽ അതു നടപ്പിലാക്കുന്ന രീതിയെപ്പറ്റി മാത്രമേ അഭിപ്രായവ്യത്യാസമുള്ളൂ. അതു ആലോചിച്ചു് ചെയ്യേണ്ടതാണു്. എല്ലാ വിഭാഗങ്ങളിൽപ്പെട്ട ചിന്താഗതിയുള്ള ആളുകളോടും ആലോചിച്ചു് ചെയ്യേണ്ടതാണു്. ഇന്നു് ആനുകൂല്യം കിട്ടിക്കൊണ്ടിരിക്കുന്ന ആളുകളോടും ആലോചിക്കണം. അങ്ങനെ ആലോചിച്ചു് ആർക്കും പരാതിയില്ലാത്ത രീതിയിൽ ഒരു തീരുമാനം ചെയ്യാൻ എല്ലാവരും സമ്മതിക്കേണ്ടതാണു്.

പിന്നെ എന്തിനു് ഈ വിദ്യാഭ്യാസരംഗത്തെ വളരെ അധികം താറുമാറാക്കുന്നതായ വ്യവസ്ഥകളും എഴുതി ചേർക്കണമെന്നാലോചിക്കണം. പ്രൈവറ്റു വിദ്യാലയങ്ങളിൽ മാനേജരന്മാർക്കു് നിയമനസ്വാതന്ത്ര്യം കൊടുക്കുന്നതുകൊണ്ടു് കുറെ അഴിമതികളും ഉണ്ടാകുമെന്നു് ആരോപണമുണ്ടായിട്ടുണ്ടു്. രാജ്യത്തു പല അഴിമതികളും ഉണ്ടായിട്ടുണ്ടു് അതിൻറെ പരിഹാരത്തിനായി നിയമങ്ങളും ഉണ്ടാക്കുന്നതു് ഒരു രാജ്യത്തിൻറെ കടമയാണു്. ഒരുപക്ഷേ അഴിമതികളും എവിടെയെങ്കിലും ആരെങ്കിലും കാണിച്ചു എന്നുള്ളതുകൊണ്ടു് പ്രശസ്തമായി നടത്തുന്ന അനവധി വിദ്യാലയങ്ങളുടെ പ്രവർത്തനത്തെ സ്തംഭിപ്പിക്കത്തക്ക രീതിയിൽ ഇങ്ങനെ ഒരു വ്യവസ്ഥ വയ്ക്കുന്നതു് ശരിയായിരിക്കുകയില്ല എന്നു ഗവണ്മെൻറു് ആലോചിച്ചാൽ മനസ്സിലാക്കാൻ കഴിയും. കുറെ ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യവസ്തുക്കൾ കൈവശം വച്ചിട്ടുണ്ട്. അവിടെ മോഷണം നടക്കുന്നു എന്നുള്ളതുകൊണ്ട്, കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നതുപോലെ, സ്വകാര്യ സ്വത്തുക്കൾ തന്നെ പാടില്ലെന്നു് ആരും പറയുകയില്ല. കുറെ ഡ്രൈവർമാർ ലോറികളും, ജീപ്പുകളും, കാറുകളും ഓടിക്കുമ്പോൾ മറിച്ചിടുന്നു, ആളുകളുടെ ദേഹത്തു് ഓടിച്ചു് കയറുന്നു, കൊല്ലുന്നു അങ്ങനെ ചെയ്യുന്നു മനഃപൂർവ്വമാണെന്നു പറയുന്നു, അതുകൊണ്ടുമാത്രം ഇനി ജീപ്പുകളും, കാറുകളും ലോറികളും നമ്മുടെ ഈ രാജ്യത്താവശ്യമില്ല എന്നൊരു നിയമം ഈ രാജ്യത്തുണ്ടാക്കുകയില്ല. അങ്ങിനെ ഒരു ഭ്രാന്തു നമ്മുടെ വിദ്യാഭ്യാസമന്ത്രിക്കുപോലും. ഉണ്ടാകുകയില്ലാ എന്നു് എനിക്കു് ഉറച്ച വിശ്വാസമുണ്ട്. അവിടെയോ ഇവിടേയോ കുറെ ആളുകൾ അഴിമതികാണിക്കുന്നു എന്നുള്ളതുകൊണ്ട് ഈ രാജ്യത്തുള്ള പ്രശസ്ത ജനസേവനം ചെയ്തിട്ടുള്ള എല്ലാ പ്രൈവറ്റ വിദ്യാലയങ്ങളേയും ഞെരിക്കുന്ന രീതിയിൽ ഈ ബില്ലുകൾ കൊണ്ടുവരുന്നതു ശരിയല്ല, നിയമം കൊണ്ടുവരുന്നതു ശരിയല്ല. ഇതൊന്നും ആലോചിക്കാതെ നിയമങ്ങൾ കൊണ്ടുവരുന്നതിന്റെ ഫലമായി ഈ രാജ്യത്തെ എല്ലാ ആളുകൾക്കും അതിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കേണ്ടതായി വരികയാണു്. അതുകൊണ്ടു ഗവണ്മെന്റു് ശാന്തമായി ആലോചിക്കുക. ജനാധിപത്യം എന്നു പറയുന്നതു പ്രതിപക്ഷമുള്ള ആളുകൾ അവരുടെ ഇഷ്ടംപോലെ ചെയ്യുന്നതാണെന്നു ഞാൻ ധരിച്ചിട്ടില്ല. പ്രതിപക്ഷമുള്ള ആളുകൾക്കു് നയപരമായി ചില നിലപാടുണ്ടാകും. ആ നിലപാടനുസരിച്ചു ഒരു കാര്യം ചെയ്യുന്നതിനു് ശ്രമിക്കുമ്പോൾ രാജ്യത്തെ ജനങ്ങളുടെ അഭിപ്രായഗതികളും പ്രതിപക്ഷകക്ഷികളുടെ അഭിപ്രായഗതികളും കണക്കിലെടുക്കേണ്ടതുണ്ട്. എല്ലാ ജനാധിപത്യഭരണവും ഭൂരിപക്ഷതീർപ്പുകളുടെ ഭരണമാണു്. അങ്ങനെ ഭൂരിപക്ഷതീർപ്പില്ലാത്തഭരണം ജനാധിപത്യഭരണം എന്നുള്ള പേരു് അർഹിക്കുന്നില്ല.

ഇന്നു് കേരളത്തെ സംബന്ധിച്ചിടത്തോളം ഒന്നുപറയാൻ ആഗ്രഹിക്കുകിൽ അതു്, ഭൂരിപക്ഷതീർപ്പില്ലാത്ത, സന്ധിയില്ലാത്ത, ചിലക്കുതോന്നിയതുപോലെ നടത്തുന്ന ഒരു ഭരണമാണു് ഇവിടെയുള്ളതെന്നാണു്. പ്രധാനമായ കാര്യം ഇതാണു് പറയാനുള്ളതു്; വേറെ കാര്യം ഇല്ലെന്നല്ല. ഇങ്ങനെയുള്ള ചിന്താഗതി ഒന്നു മാറുന്നതിനു്, ഗവണ്മെന്റു തയ്യാറാണോ? അതിനു തയ്യാറായേ മതിയാകൂ. വിദ്യാഭ്യാസനിയമം ഉണ്ടാക്കുമ്പോൾ ആയാലും ശരി, മറ്റു നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ആയാലും ശരി, അങ്ങനെയൊരു നയം സ്വീകരിക്കുന്നതു് നന്നായിരിക്കുമെന്ന അഭിപ്രായം എനിക്കുണ്ട്. സർ, വിദ്യാഭ്യാസനിയമം ആദ്യം ഉണ്ടാക്കിയ കാലത്തു് ഒന്നിൽക്കൂടുതൽ അവസരത്തിൽ, ഈ നിയമത്തിലെ നാലഞ്ചു വ്യവസ്ഥകളിൽ കാര്യമായ വ്യത്യാസം വരുത്താമെങ്കിൽ, വിദ്യാഭ്യാസനിയമത്തിൽ വലിയ എതിർപ്പുകളില്ലാതെ അതിലെ പല വ്യവസ്ഥകളും തിരുമിച്ചു് യോജിച്ചുകൊണ്ടു് പാസ്സാക്കാൻ കഴിയുമെന്നു ഞാൻ വ്യക്തമാക്കിയിരുന്നു. പക്ഷേ ആ വ്യവസ്ഥകളെപ്പറ്റി ആലോചിക്കുന്നതിനോ, ആ നിർദ്ദേശം സ്വീകരിക്കുന്നതിനോ ഈ ഗവണ്മെന്റു തയ്യാറായില്ല. ഇന്നു് കാർഷികബന്ധബില്ലു നമ്മുടെ മുൻപിൽ ഇരിക്കുകയാണു്. സർ, കമ്മ്യൂണിസ്റ്റുപാർട്ടിയും, ഗവണ്മെന്റും മിക്കവാറും ഒരു പ്രചരണം നടത്തുകയാണു്, പ്രതിപക്ഷം, വിശേഷിച്ചും കോൺഗ്രസ്സുപാർട്ടി കാർഷികബന്ധബിൽ നടപ്പിൽ വരുത്താൻ എതിരാണെന്നു്. ഞാൻ മുൻപു പറഞ്ഞിട്ടുള്ളതുതന്നെ ഒന്നുകൂടി ആവർത്തിച്ചു പറയുകയാണു്: ഈ നിയമത്തിലെ രണ്ടുമൂന്നു പ്രധാനകാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റു് ഒരു ഒത്തുതീർപ്പിനു തയ്യാറാകുമെങ്കിൽ, ഭരണകക്ഷി മെമ്പറന്മാരിൽ ചിലതേനതാക്കന്മാർപോലും നല്ലതന്നു പറഞ്ഞിട്ടുള്ള രണ്ടുമൂന്നുകാര്യങ്ങൾ മാത്രം ഭേദപ്പെടുത്തി സ്വീകരിക്കാമെങ്കിൽ—നാലഞ്ചുവകുപ്പുകളിലേ അതിന്റെ ആവശ്യം നേരിട്ടുകയുള്ളൂ—പിന്നെയുള്ള അഭിപ്രായവ്യത്യാസങ്ങൾ ഈ ബില്ലിൽ എഴുതിച്ചേർത്തിരിക്കുന്ന വാചകങ്ങളെ സംബന്ധിച്ചിടത്തോളം മാത്രമായിരിക്കും. അങ്ങനെ നാലഞ്ചു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷത്തോടു യോജിച്ചു ഒരു തീരുമാനം എടുത്താൽ, കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഇന്നത്തെ നിലയെന്തായാലും, ഈ രാജ്യത്തെയും, ഇവിടത്തെ ജനങ്ങളെയും ഓർത്തും, ബഹു പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

ത്തിന്റെ താല്പര്യത്തെ ആദരിച്ചും പ്രതിപക്ഷം ആവശ്യപ്പെട്ടതു നിർദ്ദേശം സ്വീകരിച്ചുകൊണ്ടു ഒരു തീരുമാനം എടുത്താൽ, കാർഷികബന്ധബില്ലിൽ ഒരു പക്ഷേ, നാലുദിവസംകൊണ്ടു നിയമമാക്കാൻ സാധിക്കുന്നതാണു്. അതിനു് ഭരണകക്ഷി ഇന്നു തയ്യാറല്ല, കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറല്ല. അതു ചെയ്യുമായിരുന്നെങ്കിൽ ജനാധിപത്യരീതിയിൽ ഭരണം നടത്തണമെന്നു് അവർക്കു് ഉത്സുകൃമുണ്ടെന്നു കരുതാമായിരുന്നു. ആ നിലപാടു് വിദ്യാഭ്യാസനിയമത്തിന്റെ കാര്യത്തിലും മാറ്റാൻ കഴിയുമെങ്കിൽ ഇതിൽ അങ്ങനെ ഭേദഗതിവരുത്തേണ്ടതാണു്. ഞാൻ വളരെ ആലോചിച്ചു് കൊണ്ടു വന്ന ഒരു ഭേദഗതിയാണിതു്. വേണമെങ്കിൽ ഈ ഭേദഗതിയിൽ ഇനിയും മാറ്റം വരുത്താൻ തയ്യാറാണു്. പക്ഷേ, കാതലായ കാര്യം, നിയമത്തിലെ 11-ാംവകുപ്പിനു വിധേയമായിട്ടുള്ള വകുപ്പുകളെ അനുസരിച്ചു് മാനേജ്മെന്റുകൾക്കു് കൂടുതൽ സ്വാതന്ത്ര്യം നൽകണമെന്നുള്ളതാണു്. നിയമനത്തിനു് മാനേജ്മെന്റുകൾക്കു സ്വാതന്ത്ര്യം ഇല്ലെങ്കിൽ, മാനേജ്മെന്റുകൾ വിദ്യാലയങ്ങൾ നടത്തിയതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. ആ വസ്തുത നാം മനസ്സിലാക്കണം. നിയമനസ്വാതന്ത്ര്യമില്ലെങ്കിൽ അവർ വിദ്യാലയങ്ങൾ അടയ്ക്കുമെന്നു പറഞ്ഞാൽ അതു ഭീഷണിപ്പെടുത്തലാണെന്നു പറയരുതു്. മേലാൽ ഉണ്ടാകുന്ന നിയമനങ്ങൾ അവർക്കു നടത്താൻ സാധിക്കുന്നില്ലെങ്കിൽ മേലാൽ വിദ്യാലയങ്ങൾ നടത്താൻ അവർക്കു സാമാന്യമായിട്ടെങ്കിലും ആഗ്രഹം ഉണ്ടാകുകയില്ല. വിദ്യാലയപ്രക്ഷോഭണവുമായി ബന്ധം കോൺഗ്രസ്സിനില്ല. ഗൗരവപൂർവ്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈകാര്യത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ടു്, എന്താണു് ഈ കാര്യത്തിൽ കോൺഗ്രസ്സിന്റെ നിലപാടെന്നു് വ്യക്തമാക്കണമെന്നു്. ഈ കാര്യത്തിൽ കോൺഗ്രസിന്റെ നിലപാടെന്താണെന്നു് വ്യക്തമായി പറഞ്ഞിട്ടുണ്ടു്. വിദ്യാഭ്യാസനിയമത്തിലെ ചില വകുപ്പുകൾ നല്ലതാണു്; പക്ഷേ, പല വകുപ്പുകളും ദോഷം ചെയ്യുന്നതാണു്. അധികം വകുപ്പുകളും ന്യൂനപക്ഷങ്ങൾക്കു ഉപദ്രവമുണ്ടാക്കുന്നതാണു്. അതുകൊണ്ടു ഈ നിയമത്തിനു് മൊത്തത്തിൽ കോൺഗ്രസ്സ് എതിരാണു്; അതു മാറിനിന്നാക്രമം ചെയ്യുന്ന കാര്യത്തിൽ കോൺഗ്രസ്സ് സഹകരിക്കാൻ തയ്യാറാണു്. അങ്ങനെയുള്ള പരിപാടികൾ പരക്കെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു്. സ്കൂളുകൾ അടയ്ക്കുന്ന പ്രക്ഷോഭണത്തെപ്പറ്റി ചോദിച്ചാൽ, കോൺഗ്രസ്സിനു സ്കൂളുകൾ ഇല്ല. സ്കൂളുകൾ ഉള്ളവരുടെ അവകാശമാണു് അതു് അടയ്ക്കുകയോ, തുറന്നു പ്രവർത്തനം നടത്തുകയോ ചെയ്യുക എന്നുള്ളതു്. അവർ ന്യായമായും, സമാധാനപരമായും ഈ കാര്യത്തിൽ ഇടപെട്ടാൽ അതിനെ നിയന്ത്രിക്കാൻ കോൺഗ്രസ്സിനു് കാര്യമില്ല. എന്നാൽ, സ്കൂളുകളുടെ താല്പര്യത്തെ മുൻനിറുത്തി നടത്തുന്ന എല്ലാ നടപടികളെയും സഹിച്ചിരിക്കും എന്നു കരുതുന്നതു ശരിയല്ല അക്രമപരമായി പ്രക്ഷോഭണം നടത്തിയാൽ അതിനോടു യോജിക്കാൻ കോൺഗ്രസ്സിനു നിവൃാഹമില്ല.

സർ, നാട്ടിൽ ചിന്താക്കുഴപ്പമുണ്ടാക്കുന്നതിനു് സംവരണത്തെ സംബന്ധിച്ചിടത്തോളം കോൺഗ്രസ്സിന്റെ നിലപാടെന്താണു്; വിദ്യാഭ്യാസ പ്രക്ഷോഭണത്തെ സംബന്ധിച്ചു കോൺഗ്രസ്സുപാർട്ടിയുടെ നിലപാടെന്താണു്; എന്നിങ്ങനെ പലഭാഗത്തുനിന്നും സംശയങ്ങൾ ഉന്നയിക്കുന്നുണ്ടു്. കോൺഗ്രസ്സുപാർട്ടിയുടെ ഈ കാര്യത്തെ സംബന്ധിച്ചുള്ള നിലപാടു് മുൻപു് വ്യക്തമാക്കിയിട്ടുണ്ടു്. സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞതുപോലെ ഈ രാജ്യത്തു് ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ പരിഗണിച്ചുകൊണ്ടു്, എല്ലാ കാര്യങ്ങളിലും ഏതാണ്ടു് തൃപ്തികരമായ രീതിയിൽ വിദ്യാഭ്യാസനിയമത്തെ ഒന്നു പരിഷ്കരിക്കുകയോ അല്ലെങ്കിൽ ഇതു പിൻവലിച്ചിട്ടു് ഇതിനേക്കാളും നല്ല കാര്യങ്ങളും ഉൾക്കൊള്ളുന്ന മറ്റൊരു നിയമം കൊണ്ടുവരികയോ ചെയ്യണമെന്നു ഞാൻ ഈയവസരത്തിൽ സഭയെ അറിയിക്കുകയാണു്.

ശ്രീ. എൻ. ഇ. ബലറാം: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതു്; ഈ നിയമത്തിന്റെ ഉള്ളിൽനിന്നുകൊണ്ടു് ആകാവുന്ന മാറ്റങ്ങളും വരുത്താം എന്നാണു്. അതിനു തയ്യാറുണ്ടോ ? വല്ല നിർദ്ദേശവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അങ്ങനെയാണെങ്കിൽ, ഇതിലെ അധികം വകുപ്പുകളും മാറ്റി, വേറെ എഴുതിച്ചേർക്കേണ്ടിവരുമെന്നാണ് എനിക്കു പറയാനുള്ളതു്.

ശ്രീ. എൻ. ഇ. ബലറാം: മുഖ്യമന്ത്രിയുടെ പ്രസ്താവനയായി കണ്ടതു്, വിദ്യാഭ്യാസ ആക്ടറിന്റെ മുള്ളിൽനിന്നുകൊണ്ടു് എന്തെല്ലാം മാറ്റം വരുത്താം അതെല്ലാം വരുത്താൻ ഗവണ്മെന്റ് തയ്യാറാണെന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് പറയുന്നതു് ആ പ്രസ്താവനയുടെ അർത്ഥത്തിൽനിന്നും വ്യതിചലിച്ചു് ആക്ടറിൽ ചില കാര്യങ്ങൾതന്നെ മാറണമെന്നാണ്, അതു മനസ്സിലാകുന്നില്ല.

ശ്രീ. പി. ടി. ചാക്കോ: അങ്ങനെ കാര്യമായ മാറ്റമൊന്നുമില്ല. വിദ്യാഭ്യാസ ബില്ലിന്റെ പ്രിയാംബിളിൽ നോക്കിയാൽ അതു് എന്തുദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്നുവെന്നു കാണാം. അതിനനുസരിച്ചു് ചില മാറ്റങ്ങൾ വരുത്തണമെന്നു മാത്രമേ പറയുന്നുള്ളൂ. ഇതിനകത്തു്, ഈ രാജ്യത്തെ വിദ്യാഭ്യാസത്തെയും, വിദ്യാലയങ്ങളെയും അപകടപ്പെടുത്തുന്ന ചില വകുപ്പുകളുണ്ടു്. അതു മാറ്റിയിട്ടു് വേറെ വകുപ്പുകൾ കൊണ്ടുവരണം.

(Shri K. M. George in the Chair)

ശ്രീ. ഇ. പി. ഗോപാലൻ: നിയമനാധികാരം നിയന്ത്രിക്കാൻ പാടില്ല എന്നു പറഞ്ഞു. 11-ാംവകുപ്പിനെ വിധേയമായിട്ടുള്ള ഭേദഗതികൾ മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം എന്തൊക്കെയാണെന്നുകൂടി പറഞ്ഞു കേട്ടാൽകൊള്ളാം.

ശ്രീ. പി. ടി. ചാക്കോ: മാനേജ്മെന്റിന്റെ ഭേദഗതികൾ എനിക്കു നിശ്ചയമില്ല. ഇതു സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ, എന്റെ അഭിപ്രായങ്ങൾ, പാർട്ടിയുടെ അഭിപ്രായങ്ങൾ മുൻപു് പലപ്പോഴായി ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽവഴി വ്യക്തമാക്കിയിട്ടുണ്ടു്. അതു് എന്തെല്ലാമാണെന്നു നിയമസഭാ പ്രൊസീഡിംഗ്സ് പരിശോധിച്ചാൽ അറിയാം. ഇനിയും അഭിപ്രായം പറയാനാണെങ്കിൽ ഞാൻ തയ്യാറാണു്; സമയം കിട്ടണം, പ്രയോജനവും ഉണ്ടാകണം. ഇപ്പോഴത്തെ നിലയിൽ 5-ാമത്തെ പ്രധാന ഭേദഗതി വിദ്യാഭ്യാസമന്ത്രി കൊണ്ടുവന്ന രീതിയിൽനിന്നും കുറേകൂടി മാനേജ്മെന്റിന്റെ സ്വാതന്ത്ര്യത്തെ ഇല്ലായ്മചെയ്തുകൊണ്ടുള്ളതാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണു്. ആദ്യം കൊണ്ടുവന്ന പ്രകാരം 100 അദ്ധ്യാപകരുടെ ഒഴിവുണ്ടെങ്കിൽ, 125 ആളുകളുടെ ലിസ്റ്റ് തയ്യാറാക്കണമെന്നു പറഞ്ഞിരുന്നു. ഇപ്പോൾ പറയുന്നതു്:

"Allowance for a reasonable margin of choice of candidates by the managers of aided schools and due scope for the Government to meet their requirements" എന്നാണു്. ആ ഭാഗത്തുനിന്നും ഇന്നു് ഉണ്ടായിട്ടുള്ള നിരവധി ചോദ്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ടു് ആലോചിച്ചാൽ ഇതിന്റെ അർത്ഥം എത്ര നിയമനം നടത്തണമെന്നുണ്ടോ അത്രയും പേരുടെ ലിസ്റ്റ് ഉണ്ടായാൽ മതിയെന്നാണു്. അതിനപ്പുറത്തു വേണമെന്നില്ല. അങ്ങനെ മാനേജ്മെന്റിനു് നൽകിയ സ്വാതന്ത്ര്യം കൂടുതൽ നിയന്ത്രിക്കുന്നതിനും, പരിമിതപ്പെടുത്തുന്നതിനും വേണ്ടി ഭേദഗതി ചെയ്തുകൊണ്ടുവന്നിരിക്കുകയാണു്. ഇപ്പോൾ ഇതിനകത്തു്, വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്ന കുംബിനറാംഗത്തിന്റെ കസർത്തും ഇരട്ടത്താപ്പുനയവും കാണിച്ചിട്ടുണ്ടു്. ഇതിനകത്തു നിന്നുകൊണ്ടു് ഇനിയും ഇതിനു വിപരീതമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പഴുതുണ്ടു്.

"allowance for a reasonable margin of choice of candidates by the managers of aided schools and due scope for the Government to meet their requirements."

എന്നു പറഞ്ഞാൽ ആവശ്യമുള്ളതു് നൂറുപേരാണെങ്കിൽ, ആയിരംപേരെ ലിസ്റ്റിൽപ്പെടുത്താനും, അതു കുറയ്ക്കാനും സാധിക്കും. അങ്ങനെ മനുഷ്യനെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

കണ്ടുപിടിക്കാനുള്ള ഒരു പഴുത് ഇതിൽ ഉണ്ടെന്നുള്ളതു ശരിയാണ്. അതുകൊണ്ടു വിദ്യാഭ്യാസമന്ത്രി കൊണ്ടുവന്ന റൂളുകളെ അങ്ങേയറ്റം മാനേജ്മെൻറുകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനു റീഡ്രാഫ്റ്റു ചെയ്തു കൊണ്ടുവന്നതാണ് ഇതെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ നമ്മുടെ റൂൾ:

"such other matters the Public Service Commission deem fit to consider."

എന്നു പറഞ്ഞാൽ എന്താണ്? ലിസ്റ്റുണ്ടാക്കുന്നതിനു് ഒന്നുരണ്ടു കാര്യങ്ങൾ പരിഗണിക്കണമെന്നു പറഞ്ഞു. അതിൽ മൂന്നാംവകുപ്പാണ് മുൻപു വായിച്ചതു്. അതിൽ വ്യക്തമായി ഒന്നും ഇല്ല. ഗവണ്മെൻറിനു് ഭാഗത്തുനിന്നും ബഹുമാനപ്പെട്ട മന്ത്രി മുൻപു പറഞ്ഞിരുന്നതു് ആവശ്യമുള്ളിടത്തോളം ആളുകളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽ അതിൽനിന്നും മാനേജ്മെൻറിനു് ഇഷ്ടമുള്ളവരെ തിരഞ്ഞെടുക്കാമെന്നാണ്.

പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു് ആലോചിച്ചു് ലിസ്റ്റു് തയ്യാറാക്കണമെന്നു പറയുന്നതിൻറെ അർത്ഥം ബഹുമാനപ്പെട്ട മന്ത്രിതന്നെ വ്യക്തമാക്കണം. ലിസ്റ്റു് തയ്യാറാക്കാൻ പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കണമെന്നു പറഞ്ഞാൽ, അതു് നമുക്കു് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും? അതു് എന്തായിരിക്കണമെന്നു് നാം ഉണ്ടാക്കുന്ന റൂളുകളിൽ നിർദ്ദേശം ഉണ്ടെന്നാണു പറയുന്നതു്. അങ്ങനെയാണെങ്കിൽ, എല്ലാ കാര്യവും പി. എസ്. സി.യോടു് ആലോചിച്ചു ചെയ്യണമെന്നുമാത്രം പറഞ്ഞാൽ മതിയല്ലോ. അങ്ങനെ ഇന്നു് വളരെ വ്യക്തമായ രീതിയിൽ മാനേജ്മെൻറുകളുടെ അവകാശങ്ങൾ പരിമിതപ്പെടുത്തിക്കൊണ്ടു റൂളുകൾ ഗവണ്മെൻറു റീഡ്രാഫ്റ്റു ചെയ്തുകൊണ്ടുവന്നിരിക്കുകയാണു്. ഈ നിലയിൽ ഇതു സഭീകരിക്കാൻ അശേഷം നിവൃത്തിയില്ല. ഇതു ഭേദഗതി ചെയ്യണമെന്നാണു് എൻറെ അഭിപ്രായം. ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി സഭീകരിക്കുന്നില്ലെങ്കിൽ, മുഖ്യമന്ത്രി സഭീകരിച്ചിട്ടുള്ള തത്വം സഭീകരിച്ചുകൊണ്ടു് ഈ ഭേദഗതി നേരത്തെ ഭേദപ്പെടുത്തി സഭീകരിക്കുന്നതിലും വിരോധമില്ല. ഈ സഭയിൽ ഈ റൂളിനെപ്പറ്റി ഇതിൽ കൂടുതലായിട്ടൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എല്ലാ കാര്യവും ചിന്തിച്ചു്, ഐശ്വര്യപൂർണ്ണമായ ഒരു കേരളം കെട്ടിപ്പടുക്കുന്നതിനെന്നുപറഞ്ഞു അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റുപാർട്ടി, വിദ്യാഭ്യാസരംഗത്തും, കുറെ ഐശ്വര്യം ഉണ്ടാക്കാൻ കൊണ്ടുപിടിച്ചു ശ്രമിക്കുകയാവാം. മറെറാന്നും ചെയ്യാൻ കഴിഞ്ഞില്ലെങ്കിലും, നിലവിലുള്ള വിദ്യാഭ്യാസസംരക്ഷണമെങ്കിലും തുടർന്നു നൽകത്തക്ക രീതിയിലുള്ള വിദ്യാഭ്യാസനിയമവും റൂളുകളും കൊണ്ടുവരുന്നതിനു് വിനയപൂർവ്വം പണ്ഡിതനായ വിദ്യാഭ്യാസമന്ത്രിയോടു് അഭ്യർത്ഥിക്കുകയാണു്. സർ, ഇത്രയും പറഞ്ഞുകൊണ്ടു് എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ജി. സദാശിവൻ: ഒരു കാര്യം മനസ്സിലാക്കാൻ ശ്രമിക്കുകയാണു്. മാനേജ്മെൻറിൻറെ അധികാരത്തെ വളരെ പരിമിതപ്പെടുത്തുകയാണെന്നു പറഞ്ഞു. ആ വാക്കുതന്നെ വളരെയധികം പ്രാവശ്യം പ്രതിപക്ഷനേതാവു് ആവർത്തിച്ചുപറഞ്ഞു. പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കേണ്ട അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിക്കുന്നതു മാനേജരല്ല; പാഠപുസ്തകങ്ങളും നിശ്ചയിക്കുന്നതു മാനേജരല്ല; ശമ്പളം ഗവണ്മെൻറിൽനിന്നും കൊടുക്കുകയും ചെയ്യുന്നു. ആ നിലയ്ക്കു അദ്ധ്യാപകരുടെ ഒരു ലിസ്റ്റു് തയ്യാറാക്കി അയച്ചാൽ അതിൽനിന്നും ഇഷ്ടമുള്ളവരെ നിയമിക്കുന്നതിൽ മാനേജരുടെ അവകാശം പരിമിതപ്പെടുത്തുകയാണെന്നു പറയുന്നതു മനസ്സിലാകുന്നില്ല.

ശ്രീ. പി. ടി. ചാക്കോ: ഈ പറഞ്ഞതു തെറ്റാണ്. പഠിപ്പിക്കുവാനുള്ള അദ്ധ്യാപകന്മാരുടെ യോഗ്യത വളരെ വർഷങ്ങളായി ഈ രാജ്യത്തു ഗവണ്മെൻറാണു് നിശ്ചയിക്കുന്നതു്. പഠിപ്പിക്കുവാനുള്ള ജനറൽ സിലബസ് നിശ്ചയിക്കുന്നതും, പാഠപുസ്തകങ്ങളും നിശ്ചയിക്കുന്നതും, ദീർഘകാലമായി ഗവണ്മെൻറാണു്. അതു രണ്ടും പാടില്ലെന്നു ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ജി. സദാശിവൻ: അതുകൊണ്ടെല്ലാം മാനേജർമാർക്ക് ബുദ്ധിമുട്ടില്ലാതെയിരിക്കത്തക്ക ഒരു ലിസ്റ്റ് തയ്യാറാക്കി കൊടുത്തു അതിൽനിന്നും നിയമനം നടത്തണമെന്നു പറഞ്ഞാൽ വളരെയധികം കുഴപ്പം മാനേജരന്മാർക്കുണ്ടാകുമെന്നു പറഞ്ഞതു നന്നു വ്യക്തമാക്കാമോ?

ശ്രീ. പി. ഠി. ചാക്കോ: മെമ്പർ അതിനനുവദിക്കുകയാണെങ്കിൽ ഞാൻ വ്യക്തമാക്കാം.

Chairman: You can take one or two minutes; but you need not repeat what you already said. I understand that you have made it clear.

ശ്രീ. പി. ഠി. ചാക്കോ: പ്രൈവറ്റ് വിദ്യാലയങ്ങളിൽ ഗവണ്മെന്റിന്റെ എയിഡ് ഇല്ലാത്ത വിദ്യാലയങ്ങളും ഉണ്ട്. അതിനെയും നിയന്ത്രിക്കുവാൻ നിങ്ങളും ശ്രമിച്ചിട്ടുണ്ട് കുട്ടികളെ വിദ്യാലയങ്ങളിൽ അയയ്ക്കുന്നതും വിദ്യാലയങ്ങൾ നടത്തുന്നതും എല്ലാം ചില ആദർശങ്ങളുടെ അടിസ്ഥാനത്തിലാണ്. ചില ആദർശങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ കുട്ടികൾ വിദ്യാഭ്യാസം നടത്തണമെന്ന ഉദ്ദേശത്തോടുകൂടിയാണ് കുട്ടികളെ വിദ്യാലയങ്ങളിൽ അയയ്ക്കുന്നതു്. എനിക്ക് ഒരു സ്കൂളില്ല. ഉണ്ടെങ്കിൽ എന്റെ ആഗ്രഹം അതാണ്. പഠിപ്പിക്കുന്നതിനു് ഗവണ്മെൻറ് നിശ്ചയിച്ചിട്ടില്ലാത്ത എന്തും പഠിപ്പിക്കുവാനുള്ള സൗകര്യം ഇന്നുണ്ട്. അതുപോലെ ഇന്നു നടക്കുന്നുമുണ്ട്. എനിക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങളും എന്റെ കുട്ടിയെ പഠിപ്പിക്കാതിരിക്കണമെന്നു് എനിക്കാഗ്രഹമുണ്ട്. ഈശ്വരനുണ്ടെന്നു വിദ്യാർത്ഥികളെ പഠിപ്പിക്കണമെന്നു് ഗവണ്മെൻറ് പറയണമെന്നില്ല. ഒരു അദ്ധ്യാപകൻ പാഠങ്ങൾ എടുക്കുന്ന അവസരത്തിൽ ഈശ്വരൻ ഒരു മിഥ്യയാണെന്നു വരുന്ന തരത്തിൽ കുട്ടികളെ പഠിപ്പിക്കരുതെന്നു എനിക്ക് നിർബന്ധമുണ്ട്. അങ്ങനെ എനിക്ക് അസഹീകാര്യമായ ആദർശങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകനെ എന്റെ സ്കൂളിൽ വരുത്താതിരിക്കുന്നതിനു് എനിക്ക് നിർബന്ധമുണ്ട്. എനിക്ക് അസഹീകാര്യമായും, അസന്മാർഗ്ഗികമായും തോന്നുന്ന കാര്യങ്ങൾ എന്റെ സ്കൂളിൽ പഠിപ്പിക്കരുതെന്നു് എനിക്ക് നിർബന്ധമുണ്ട്. അതിനു് എനിക്കവകാശമില്ലെങ്കിൽ പ്രൈവറ്റ് വിദ്യാലയങ്ങളുടെ ആവശ്യമില്ല. സർക്കാർ സ്കൂളുകൾ മാത്രംമതി.

ശ്രീ. തോപ്പിൽ തോസ്സരൻപിള്ള: ഒരു സിലബസ് വച്ചിട്ടു അതനുസരിച്ചു പഠിപ്പിക്കാതെ ഓരോ അദ്ധ്യാപകനും ഓരോ വിധത്തിൽ കുട്ടികളെ പഠിപ്പിക്കുവാൻ സ്വാതന്ത്ര്യം കൊടുക്കണമെന്നാണോ?

ശ്രീ. പി. ഠി. ചാക്കോ: ഒരു കലാകാരനായ മി. തോസിയോടു ഞാൻ അതിനു് ഉത്തരം പറയണമോ? അദ്ധ്യാപകന്റെ ഓരോ നോട്ടത്തിൽ കൂടിയും, ഓരോ ചുവടുവയ്പിൽ കൂടിയും അദ്ധ്യാപകൻ പറയുന്ന ഓരോ വാക്കിൽ കൂടിയും, അദ്ധ്യാപകനു ഇഷ്ടമുള്ള ആദർശങ്ങളും പിഞ്ചുകുഞ്ഞുങ്ങളുടെ ഹൃദയത്തിൽ സിലബസ് അനുസരിച്ചുള്ള പാഠങ്ങൾ പഠിപ്പിക്കുന്നതോടുകൂടി പതിപ്പിക്കുന്നതിനു സാധിക്കും അതിനെ ആരും നിഷേധിക്കുമെന്നു് എനിക്കു തോന്നുന്നില്ല. അങ്ങനെ തെറ്റായ ആദർശങ്ങളും പിഞ്ചുകുഞ്ഞുങ്ങളുടെ ഹൃദയത്തിനു പതിക്കുകയും, അതനുസരിച്ചു് അവരുടെ സ്വഭാവം ക്രമീകരിക്കുകയും ചെയ്യുന്നതുകൊണ്ടു് അങ്ങനെയുള്ള അദ്ധ്യാപകന്മാരെ നിയമിക്കാതിരിക്കുവാനുള്ള അവകാശം മാനേജരന്മാർക്കു് ഉണ്ടായിരിക്കണം. അതിനു മാനേജർക്കു് പ്രോയിസ് വേണം.

Chairman: Order, order. Mr. M. C. Abraham, you have given notice of a new amendment. I do not think it is convenient to move it now; yesterday you had your chance and you spoke on this Chapter XXI.

Shri M. C. Abraham: I wish to point out that even today oral amendments to this Chapter have been allowed.

LIBRARY ARCHIVES Kerala Legislative Assembly

Shri E. Chandrasekharan Nair: On a point of order, Sir He has already spoken on the Minister's amendment.

Chairman: He has given notice of three amendments today; that notice was given just now. I was considering whether he should be allowed to move these amendments. Anyway as the Speaker has allowed oral amendments and amendments to amendments, I do not wish to deny Shri Abraham the chance to move his amendments. He can now move the amendments, but he will take only five minutes, as the Minister should get sufficient time for his reply.

Shri M. C. Abraham: Sir, I move that in the re-drafted Chapter XXI, the following may be added as a new sub-rule, after sub-rule 10:

"11. Nothing contained in this Chapter shall apply to Minority Schools "

അതായത് ഈ ചാപ്റ്റർ ൈമനാറിട്ടി സ്കൂളുകൾക്ക് ബാധകമാകുന്നതല്ലെന്ന ഒരു പുതിയ സബ്റൂൾ ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. വിദ്യാഭ്യാസ നിയമത്തിൽ ൈമനാറിട്ടി സ്കൂളുകൾ എന്താണെന്നു വിവരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിയമത്തിലെ അഞ്ചാമത്തെ സെക്ഷനിൽ

"Minority Schools" means schools of their choice established and administered or administered by such minorities as have the right to do so under Clause (1) of Art. 30 of the Constitution. എന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ ഈ എയിഡഡ് സ്കൂളുകളിൽ രണ്ടു വിഭാഗം സ്കൂളുകൾ ൈമനാറിട്ടി സ്കൂളുകൾ ആണ്. ൈമനാറിട്ടി സ്കൂളുകളെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളത് ഈ വിദ്യാഭ്യാസ നിയമത്തിലെ പലവകുപ്പുകളും, പ്രത്യേകിച്ച് പതിനൊന്നാംവകുപ്പ്, പന്ത്രണ്ടാംവകുപ്പ് ഭരണഘടന വാഗ്ദത്തം ചെയ്തിരിക്കുന്ന അവകാശങ്ങൾക്ക്, ആർട്ടിക്കിൾ 30(1)ന് എതിരാണെന്നുള്ള അഭിപ്രായമാണ്. അതിനെപ്പറ്റി സുപ്രീംകോടതി രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളിലും ഏറെക്കുറെ പ്രതിപാദിച്ചിട്ടുണ്ട്. അതിൽ ഈ പതിനൊന്നാംവകുപ്പ് പോലെയുള്ള വ്യവസ്ഥകൾ

"They are serious inroads on the right of administration and appear perilously near violating that right" എന്നു പറഞ്ഞിട്ടുണ്ട്. സുപ്രീംകോടതി ഈ അഭിപ്രായം രേഖപ്പെടുത്തിയ അവസരത്തിൽ ഈ ആക്ടിലെ പതിനൊന്നാംവകുപ്പ് ഭരണഘടനയിലെ ആർട്ടിക്കിൾ 30(1) വകുപ്പിനെ ഓൺറൈറ്റ് ചെയ്യുന്നുണ്ടോയെന്ന സുപ്രീംകോടതിയോട് പ്രസിഡൻറ് ചോദിച്ചിരുന്നില്ല. ആ സ്ഥിതിക്ക് സുപ്രീംകോടതിക്ക് അതു പ്രത്യേകം പരിഗണിക്കേണ്ടതായിട്ടില്ലായിരുന്നു. സംഗതിവശാൽ അതു വളരെ അപകടംപിടിച്ചതാണെന്നും ൈമനാറിട്ടി സ്കൂളുകളുടെ അവകാശം ഇല്ലാതാക്കുന്നതാണെന്നും സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ൈമനാറിട്ടിസ്കൂളുകളെ ഈ രൂക്ഷകളുടെ വ്യാപ്തിയിൽനിന്നും ഒഴിവാക്കേണ്ടതാണ്. ഈ 21-ാംചാപ്റ്റർ ൈമനാറിട്ടി സ്കൂളുകൾക്ക് ബാധകമാക്കരുത്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Chairman: The Honorable Minister for Education can now reply.

Shri Thoppil Bhaskaran Pillai: Sir, ...

Chairman: Do you want to speak.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഞാൻ രണ്ടുമൂന്നു തവണ അവശ്യപ്പെട്ടതാണ്.

Chairman: Yes; Please confine yourself to the points. You can take 4 or 5 minutes.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: സർ, പൊതുവേ 21-ാം അദ്ധ്യായത്തെപ്പറ്റി ഒന്നുരണ്ടു വിവരങ്ങൾ അറിയുവാനുണ്ട്. ഈ 21-ാം അദ്ധ്യായത്തിനു മൊത്തത്തിൽ കോൺഗ്രസ്സ് പാർട്ടി അംഗീകരിച്ചിട്ടുള്ള ഒരു ഭേദഗതി തന്നിരിക്കുകയാണ്. കോൺഗ്രസ്സ് പാർട്ടിക്കകത്തു പിന്നോക്കസമുദായങ്ങളെപ്പറ്റി അധികൃതമായി അഭിപ്രായം പറയുവാൻ അർഹതയുള്ള ആളുകളുംകൂടി അംഗീകരിച്ചു കൊണ്ടുവന്നിട്ടുള്ളതാണ് ഈ ഭേദഗതി അതുകൊണ്ട് ഈ ഭേദഗതിയെക്കുറിച്ച് ശ്രീ. കെ. ആർ. നാരായണന്റെ അഭിപ്രായം അറിയേണ്ടിയിരിക്കുന്നു. ഈ പുതിയ ഭേദഗതി അനുസരിച്ചാണെങ്കിൽ മാത്രമേ പിന്നോക്കസമുദായത്തിനു റിസർവേഷന്റെ തത്വമനുസരിച്ച് അദ്ധ്യാപക നിയമനത്തിൽ കിട്ടേണ്ട ഉദ്യോഗം കിട്ടുകയുള്ളു എന്നാണ് പറയുന്നത്. ഇതിൽ ചില കാര്യങ്ങൾ വ്യക്തമാക്കുന്നതിനുവേണ്ടി മൂന്നു നാലു ചോദ്യങ്ങൾ ഈ മാർഗ്ഗത്തിനിന്നും ചോദിക്കുകയുണ്ടായി. എന്നാൽ ചോദ്യത്തിനു മറുപടി പറയാതെ അതിൽനിന്നും ഒഴിഞ്ഞുമാറി സംസാരിക്കുകയാണുണ്ടായത്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് തയ്യാറാക്കുന്നതിൽ ഇന്നുള്ള എല്ലാവരേയും ഉൾപ്പെടുത്തണമെന്നാണ് പ്രതിപക്ഷത്തുള്ള എല്ലാപേരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇങ്ങനെയൊരു ലിസ്റ്റ് തയ്യാറാക്കുന്നതിനു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അവശ്യമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. യോഗ്യതയുള്ള എല്ലാപേരേയും ഉൾപ്പെടുത്തിക്കൊണ്ട് ലിസ്റ്റ് തയ്യാറാക്കണമെങ്കിൽ അതിനു പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ആവശ്യമില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: അദ്ധ്യാപകനു നിശ്ചയിച്ചിട്ടുള്ള യോഗ്യതയുണ്ടോയെന്നു നോക്കുവാൻ ഒരാൾ വേണ്ടേ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതിനു ഗവണ്മെന്റുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലിസ്റ്റ് തയ്യാറാക്കുകയാണെങ്കിൽ സംവരണത്തിന്റെ തത്വം ബലികഴിക്കപ്പെടും. ഇന്നു പിന്നോക്കസമുദായക്കാർക്ക് നിശ്ചയിച്ചിരിക്കുന്നപ്രകാരമുള്ള സ്ഥാനം കിട്ടുകയില്ല. നാലായിരം യോഗ്യതയുള്ള ആളുകൾ പുറത്തു നിൽക്കുന്നുണ്ട്. അവർ ചില അഡ്ജസ്റ്റ്മെന്റുകൾക്കുവേണ്ടി രണ്ടായിരം എന്നു പറഞ്ഞു. രണ്ടായിരം എന്നതെന്ന വസ്തുത. 500 അദ്ധ്യാപകന്മാരെ ആവശ്യമുണ്ട്. അതിൽ 400 പേരെ പ്രൈവറ്റ് സ്കൂളുകളിൽ എടുത്തു. 100 പേരെ ഗവണ്മെന്റ് സ്കൂളുകളിലും എടുത്തു 2000 ആളുകളിൽ 1000 ആളുകൾ സംവരണംകൊണ്ട് ഗുണം കിട്ടാത്ത ആളുകളാണ്. പ്രൈവറ്റ് സ്കൂൾ മാനേജരന്മാർ 400 ആളുകളെ, പിന്നോക്കസമുദായത്തിൽപ്പെടാത്തവരെ, എടുത്തു. പിന്നെയുള്ള 100 ആളുകളെ ഗവണ്മെന്റ് സ്കൂളുകളിലെടുത്തു. ആ 100 പേരേയും പിന്നോക്കസമുദായത്തിൽനിന്നാണെടുത്തത്. അങ്ങനെ എടുക്കുമ്പോൾ ഇന്നത്തെ സംവരണവ്യവസ്ഥപ്രകാരം 50 ശതമാനം ഗവണ്മെന്റ് സർവ്വീസിൽ കിട്ടുന്നതിനുപകരം 25 ശതമാനമേ കിട്ടുകയുള്ളു.

ശ്രീ. എൻ. രാജഗോപാലൻ നായർ: ശ്രീ. കെ. ആർ. നാരായണൻ എങ്ങനെയാണു പറഞ്ഞതെന്നു ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതു ശ്രദ്ധിച്ചു. അതുകൊണ്ടാണ് ഞാനിതു പറയുന്നത്.

ശ്രീ. ടി. ഏ തൊമ്മൻ: ഗവണ്മെന്റ് സ്കൂളുകളിലും, പ്രൈവറ്റ് സ്കൂളുകളിലും എത്ര പിന്നോക്കസമുദായത്തിൽപ്പെട്ട അദ്ധ്യാപകന്മാരുണ്ടെന്നുള്ളതിനെ സംബന്ധിച്ചു വല്ല കണക്കുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതു കണക്കു് ഞാനറിയേണ്ട കാര്യമില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: 500 ഉണ്ടെന്നും അതിൽ 400 പ്രൈവറ്റ സ്കൂളിലാണെന്നും 100 സർക്കാർസ്കൂളിലാണെന്നും സങ്കല്പിക്കാതെ, സർക്കാർസ്കൂളുകളിൽ എത്ര ഒഴിവു വരുമെന്നും, പ്രൈവറ്റസ്കൂളുകളിൽ എത്ര ഒഴിവു വരുമെന്നും പിന്നോക്ക സമുദായക്കാർ നടത്തുന്ന സ്കൂളുകളിൽ എത്ര ഒഴിവുവരുമെന്നുമുള്ള കണക്കുണ്ടോ? വെറുതേ 500 എന്നും മറ്റും കണക്കു പറയുന്നതു് ശരിയായിരിക്കുമോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: പിന്നോക്കസമുദായക്കാർക്കു് മറ്റു സ്കൂളുകളിൽ നിയമനം കിട്ടുന്നതു വളരെ തുച്ഛമാണു്. ശ്രീ. കെ. ആർ. നാരായണൻ തന്നെ ഒരു കണക്കു പറഞ്ഞു. അദ്ദേഹത്തിന്റെ പള്ളിക്കൂടത്തിൽ 29 പേരെ നിയമിച്ചപ്പോൾ 18 പേർ മറ്റു സമുദായത്തിലുള്ളവരായിരുന്നു എന്നു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലാണല്ലോ നിയമനം നടത്തുന്നതു്. ഭാവിയിൽ ഈഴവരുടേയും, മുസ്ലീങ്ങളുടേയും, ക്രിസ്ത്യാനികളുടേയും സ്കൂളുകളിൽ എത്ര ഒഴിവുവരുമെന്നു് മനസ്സിലാക്കിയിട്ടു് പറഞ്ഞാൽ എനിക്കും മനസ്സിലാക്കാമായിരുന്നു. വെറുതേ ഒരു കണക്കു പറഞ്ഞാൽ എങ്ങിനെയാണു് മനസ്സിലാക്കുക?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഇതു വളരെ വ്യക്തമല്ലേ? 11000 സ്കൂളുകളിൽ 7000-വും പ്രൈവറ്റ് സ്കൂളുകളാണെന്നു പറഞ്ഞാൽ ഗവണ്മെന്റു നിയമനങ്ങളുടെ ഇരട്ടിയോ അതിൽ അധികമോ നിയമനം അവിടെ ഉണ്ടാകുമല്ലോ?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതിനു കണക്കു വല്ലതും ഉണ്ടോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എന്തിനു് കണക്കു്? 7000 പ്രൈവറ്റ് സ്കൂളുകൾ നമുടെ രാജ്യത്തുണ്ടു്. ഗവണ്മെന്റു സ്കൂളുകൾ 4000-മേ ഉള്ളു. 50 ശതമാനം റിസർവേഷൻ അനുസരിച്ചു് നിയമിക്കേണ്ടിയിരിക്കുന്നു.

ശ്രീ. കെ കെ. വിശ്വനാഥൻ: സർക്കാർസ്കൂളുകളിൽ പലതിലും പ്രൈവറ്റ സ്കൂളുകളിൽ ഉള്ളതിനേക്കാൾ കൂടുതൽ ഡിവിഷനും അദ്ധ്യാപകന്മാരും ഉണ്ടെന്നറിയാമോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതു വളരെ തെറ്റാണു്. അങ്ങിനെ നിയമനം കിട്ടുമെങ്കിൽ എന്തിനു റിസർവേഷനെപ്പറ്റി മറ്റു വിധത്തിൽ സംസാരിക്കുന്നു? റിസർവേഷൻ വേണ്ടെന്നു തുറന്നു പറഞ്ഞേക്കുക. അവിടെയാണു് കുഴപ്പം. ശ്രീ. കെ. ആർ. നാരായണനു് രണ്ടു് നിലപാടുണ്ടു്. ഒന്നു് സമുദായനേതാവെന്നുള്ള നിലപാടു്. അതിന്റെ കാശിൽ ഈ അസംബ്ലി മന്ദിരത്തിൽ വന്നിറങ്ങിയിട്ടു് ഇതു പറയുമ്പോൾ ശ്രീ. കെ. ആർ. നാരായണനോടു് ഒന്നു ചോദിക്കാനുണ്ടു്, ഞങ്ങളുടെ ആത്മാർത്ഥത കുറച്ചു് മോശമാണെന്നുവെച്ചുകൊള്ളുക. ശ്രീ. കെ. ആർ. നാരായണന്റെ ആത്മാർത്ഥതയിൽ എത്രമാത്രം പരമാർത്ഥമുണ്ടെന്നു അഡ്ജസ്റ്റ്മെന്റിനു ചലനം കൊടുത്തപ്പോൾ ഞങ്ങൾക്കു അറിയേണ്ടിയിരിയ്ക്കുന്നു.

ശ്രീ. കെ. ആർ. നാരായണൻ: പിന്നോക്കസമുദായക്കാർക്കു് യാതൊരു കുറവും വരാതെ കാലപ്പഴക്കി അപ്പം നീണ്ടാലും നൽകണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അങ്ങിനെ വളച്ചുപറയാതെ പറയണം.

ശ്രീ. കെ. ആർ. നാരായണൻ: അതിൽ യാതൊരു വളവുമില്ല, കുഴപ്പമില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ പുറം ഇപ്പോൾ തള്ളിക്കളഞ്ഞു് ശ്രീ. പി. ടി. ചാക്കോയുടെ ഭേദഗതി സ്വീകരിച്ചാൽ പിന്നോക്കസമുദായ

LIBRARY ARCHIVES Kerala Legislative Assembly

ക്കാക്കു കിട്ടേണ്ട 100 ശതമാനം ആനുകൂല്യങ്ങളും കിട്ടുമെന്നു ശ്രീ. കെ. ആർ. നാരായണൻ വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ കിട്ടാൻവേണ്ടി ഞാൻ ഇരിക്കുകയാണു.

ശ്രീ. കെ. ആർ. നാരായണൻ: ഞാൻ പ്രസംഗിച്ചുകൊണ്ടു നിൽക്കുകയല്ലല്ലോ ഉത്തരം പറയാൻ.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതിനകത്തു തുങ്ങിനിൽക്കുകയും വേണം ഞങ്ങളെക്കൊണ്ടു വഹിപ്പിക്കുകയും വേണം. നാം കൊച്ചുപിള്ളാരല്ലല്ലോ? അങ്ങിനെ കൊച്ചുപിള്ളാരെ ബോധ്യപ്പെടുത്താനുള്ള വാദഗതികൾ കൊണ്ടുവരരുതെന്നാണു് എനിക്കു വിനയപൂർവ്വം അറിയിക്കാനുള്ളതു്. ഈ ഗൗരവം തള്ളിക്കളഞ്ഞാൽ ഇന്നു പിന്നോക്കസമുദായക്കാർക്കു് ന്യായമായി കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ മെച്ചപ്പെടുന്ന സ്കൂളുകളിലേയ്ക്കു് വ്യാപിപ്പിക്കണമെന്നുള്ള അഭിപ്രായം തള്ളിക്കളയുന്നതിനു തുല്യമാണു്. ഈ ഗൗരവം അതേപടി അംഗീകരിച്ചില്ലെങ്കിൽ ആനുകൂല്യം കിട്ടുകയില്ല. ശ്രീ. പി. ടി. ചാക്കോയുടെ ഭേദഗതിക്കു് അണ്ടർസ്റ്റാൻഡിംഗ് ചെയ്യുകയാണെങ്കിലും അതു റിസർവേഷനെ തോപ്പിക്കുന്നതാണു്. ശ്രീ. കെ. ആർ. നാരായണനും, വിശ്വനാഥനും ഈ കാര്യത്തെപ്പറ്റി വളരെ ഗാഢമായി ആലോചിക്കണം. മുസ്ലിംലീഗിന്റെ വ്യക്തമായ നയം പറഞ്ഞിട്ടില്ല. എല്ലാവരും ഒളിച്ചുകളിയാണു് നടത്തുന്നതു്. വ്യക്തമായി കാര്യങ്ങളും ഈവരും പറഞ്ഞു് ഇതു സംബന്ധിച്ചു് ഒരു തീരുമാനം എടുക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

ശ്രീ. ആർ. പ്രകാശം: പിന്നോക്കസമുദായത്തെക്കുറിച്ചു് സംസാരിക്കാൻ ശ്രീ. കെ. ആർ. നാരായണൻ അർഹതയുള്ള ആളാണെന്നു പറഞ്ഞതു് എന്തുകൊണ്ടാണു്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അദ്ദേഹം എസ്. എൻ. ഡി. പി. യോഗത്തിൽനിന്നു് ഒന്നോരണ്ടോ ശമ്പളവും വാങ്ങി യോഗത്തിന്റെ കാറിൽ കയറി നടന്നിട്ടാണു് ഈ ഇടപാടു് ഇവിടെ കാണിക്കുന്നതു്.

ശ്രീ. കെ. ആർ. നാരായണൻ: എസ്. എൻ. ഡി. പി. യോഗത്തിന്റെ ശമ്പളം വാങ്ങുന്നില്ല. കാറു് എസ്. എൻ. ഡി. പി. യോഗത്തിന്റെ വകയാണെന്നുള്ളതു് നേരാണു്.

[Mr. Speaker in the Chair]

ശ്രീ. സി. ജി. സദാശിവൻ: പ്രതിപക്ഷനേതാവിനോടു ഞാൻ ഒരു ചോദ്യം ചോദിച്ചു. കൂടുതൽ ചോദ്യം ചോദിക്കാൻ എന്നെ അനുവദിച്ചില്ല. വളരെ അധികം മാനേജരന്മാരുടെ അധികാരങ്ങളെ പരിമിതപ്പെടുത്തുന്ന എന്നായിരുന്നു വാദം. പബ്ലിക്കു് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും മാനേജരന്മാർക്കു് നിയമിക്കാനുള്ള അവകാശം നൽകുന്നുണ്ടു്, കോൺഗ്രസ്സു് പാർട്ടിയുടെ നേതാവു് ചില കാര്യങ്ങളും പറഞ്ഞുകൊണ്ടാണു് ഞാൻ അതിനെപ്പറ്റി കൂടുതലായി ആലോചിക്കാനിടയായതു്. ഒരു മതേതര ഭരണകൂടത്തിൽ എന്നുള്ളതാണു് നമ്മുടെ മുദ്രാവാക്യം. ആ ശ്രേഷ്ഠത്തിലുള്ള വിദ്യാഭ്യാസത്തെപ്പറ്റിയാണു് ഭരണം ആകെ ചിന്തിക്കുന്നതു് പഠിപ്പിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചിടത്തോളം വളരെക്കാലമായി ശവണ്മെന്റാണു് പാഠപദ്ധതികളും തീരുമാനിക്കുന്നതു്. പഠിപ്പിക്കേണ്ട അദ്ധ്യാപകന്മാരുടെ യോഗ്യത നിശ്ചയിക്കേണ്ടതും ശവണ്മെന്റാണു്. ഇപ്പോൾ നിയമനകാര്യത്തിലാണു് സ്പല്പം നിയന്ത്രണങ്ങൾ ഉണ്ടാകുന്നതു്. ശമ്പളം മുഴുവൻ സർക്കാരിൽ നിന്നും കൊടുക്കുന്നതുകൊണ്ടുതന്നെയാണു് ആ നിയന്ത്രണങ്ങൾ വരുന്നതു്. മതപരമായ കാര്യങ്ങൾവച്ചുകൊണ്ടു് എന്റെ കുട്ടിക്കു ഞാൻ ആഗ്രഹിക്കുന്ന രീതിയിൽ മതവിദ്യാഭ്യാസം ലഭിക്കണമെന്നുള്ളതാണു് പ്രധാന കാര്യമെങ്കിൽ സ്കൂൾസമയം തുടങ്ങുന്നതിനു മുമ്പോ നാലുമണിക്കുശേഷമോ മതാദ്ധ്യാപനം നൽകുന്നതിനു ഈ നിയമം എതിരല്ല. അപ്പോൾ അല്ലു് ആ ശ്രേഷ്ഠത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. ജി. സദാശിവൻ]

ആലോചിക്കേണ്ടതാണ്. ഒരു മതേതരരാഷ്ട്രമെന്നുള്ള നിലയിൽ അതിരിയിലുള്ള ഒരു വിദ്യാഭ്യാസം നടത്തേണ്ട തീരും. അല്ലെങ്കിൽ നമ്മുടെ ദേശീയ പുരോഗതിതന്നെ നഷ്ടപ്പെടുമെന്നുള്ളതും അഭിപ്രായൈക്യമുള്ള ഒരു കാര്യമാണ്. മതാദ്ധ്യാസനമാണ് പ്രശ്നമെങ്കിൽ അതിനു പോംവഴിയുണ്ട്. നിയമം യാതൊരു രീതിയിലും മതാദ്ധ്യാസനത്തെ തടയുന്നില്ല. ഇത്രമാത്രം സാധാരണക്കാർക്ക് തെറ്റിദ്ധരണ പറ്റുന്ന രീതിയിൽ മാനേജരന്മാർക്കുള്ള നിയമനാധികാരത്തെപ്പറ്റി പറയുന്നതു് എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇതിനകത്തുള്ള സംവരണം ബന്ധപ്പെട്ട ഒരു കാര്യമാണ്. ആ സംവരണത്തോടുള്ള സമീപനമാണ് പ്രശ്നം. അതിന്റെ ആത്മാർത്ഥതയെപ്പറ്റിയുള്ളതല്ല പ്രശ്നം. അവസ്തുത പ്രതിപക്ഷനേതാവും സമ്മതിക്കുന്നതാണ്. പണ്ട് പിന്നാക്കസമുദായക്കാർക്ക് വഴി നടക്കാനും പള്ളിക്കൂടത്തിൽ പഠിക്കാനും സാധിച്ചിരുന്നില്ല. 111-ലാണ് സംവരണ വ്യവസ്ഥ അനുവദിക്കുന്നതു്. 112-ൽ തിരഞ്ഞെടുപ്പു നടന്നു. 113-ൽ കാൺഗ്രസ് കക്ഷി ഉണ്ടായി. 116-ൽ 606-ൽ ചരം നാടുര ജ്യങ്ങളെ കിടിലം കൊള്ളിക്കത്തക്ക ഒരു സമരവും ഉണ്ടായി. ദേശീയ ഐക്യം മുമ്പോട്ടുകൊണ്ടുപോകാൻ പ്രധാനമന്ത്രിയും അഖിലേന്ത്യാനേതാക്കന്മാരും പറഞ്ഞുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ രാജ്യത്തിന്റെ പല ഭാഗത്തും സാമുദായിക വർഗ്ഗങ്ങളും തലയുയർത്തി നോക്കുന്നുണ്ട്. ദേശീയബോധം വളർത്തിക്കൊണ്ടുപോകേണ്ട അവസരത്തിൽ വർഗ്ഗീയവാദികൾക്കു് അനുകൂലസന്ദർഭം ഉണ്ടാക്കാൻ പാടില്ല. നാമെല്ലാം കൂടി 1111-ൽ സാമുദായികനേതാക്കന്മാരുടേയും മതപുരോഹിതന്മാരുടേയും സ്വാധീനശക്തിയെ കുഴിച്ചുമൂടിയതാണ്. നമുക്കറിയാം സി. പി. രാമസ്വാമിഅയ്യർക്ക് പുരോഹിതന്മാർ മംഗളപത്രം കൊടുത്തിരുന്നു എന്നു്. അടുത്തകാലത്തു അതുകാണാതെപോയി. ഒരുകാര്യം പ്രതിപക്ഷനേതാവു് ആലോചിക്കണം. ദേശാഭിമാനം മനുഷ്യനെ അതിരില്ലാതെ ഉയർത്തും അതിൽനിന്നും വഴുതിപ്പോയാൽ അധഃപതനത്തിനു ഇടയാകും. ചിലപ്പോൾ പ്രതിപക്ഷനേതാവിനു് ജനാധിപത്യത്തിന്റെ ചട്ടക്കൂട്ടിൽ കയറിനിന്നു് പ്രസംഗിക്കാൻ കഴിയും. പക്ഷേ സാമുദായികവാദികളുടേയും മതപുരോഹിതന്മാരുടേയും കാര്യം വരുമ്പോൾ അതിൽനിന്നും ഇടിഞ്ഞു് താഴ്ന്നുപോകുന്നതായി കാണുന്നു. 1113-ൽ കാൺഗ്രസ്സ് ഉണ്ടായപ്പോൾ ഇവിടെ സംവരണത്തിനുവേണ്ടി വാദിച്ചുകൊണ്ടിരിക്കുന്ന എസ്. എൻ. ഡി. പി യോഗവും മറ്റുള്ള സാമുദായികസംഘടനകളുമെല്ലാം കാൺഗ്രസ്സിനു എതിരായിരുന്നു. അതിനെ തോല്പിച്ചുകൊണ്ടു് കാൺഗ്രസ്സ് ഒരു അഖിലേന്ത്യാസംഘടനയായി വളർന്നവന്നു. ഇന്നും അതുപോലെ കാൺഗ്രസ്സ് പാർട്ടിയും കമ്മ്യൂണിസ്റ്റുപാർട്ടിയും രണ്ടറ്റത്തായി നിന്നു് ഈ മന്ത്രത്തു പത്മനാഭയേയും, പള്ളിമേധാവികളേയും ദേശാഭിമാനത്തിന്റെ പേരിൽ എതിർക്കേണ്ടതല്ലേ?

ശ്രീ. പി. ടി ചാക്കോ: നാം ദേശീയ താൽപ്പര്യത്തിനുവേണ്ടി ഒരുമിച്ചു നിൽക്കുന്നതിനും വർഗ്ഗീയവാദികളും അവിടവിടെ തലപൊക്കി കുഴപ്പം ഉണ്ടാക്കാതിരിക്കുന്നതിനും ഞങ്ങളുടെ അഭിപ്രായത്തെ ആദരിച്ചു പറഞ്ഞിട്ടുള്ള ആവശ്യമായ ഭേദഗതികളും നിയമത്തിൽ ചെയ്യണമെന്നുകൂടി മെമ്പർ സമ്മതിക്കുമോ?

ശ്രീ. സി. ജി. സദാശിവൻ: വിദ്യാഭ്യാസ നിയമത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു് ആവശ്യമായ അഡ്ജസ്റ്റുമെന്റു ചെയ്യാമെന്നു് മുഖ്യമന്ത്രി തന്നെ പറഞ്ഞിട്ടുണ്ട്. അതിനുവേണ്ടി വാദിക്കുമ്പോഴും നമ്മുടെ രാജ്യപുരോഗതിക്കു് എതിരായി പടവെട്ടിയിട്ടുള്ള സാമുദായികനേതാക്കന്മാർക്കും മതപുരോഹിതന്മാർക്കും കൂട്ടത്തിൽ തുക്കം കൊടുക്കാതെ അനുഭവത്തെ മുൻനിർത്തി അഭിപ്രായം പറയുകയാണെങ്കിൽ അഡ്ജസ്റ്റുമെന്റിനു സാധ്യത വളരെയുണ്ട്. വാസ്തവത്തിൽ അതുവളരെ അപകടം അവർക്കു വരുത്തുണ്ടോ?

ശ്രീ. പി ടി. ചാക്കോ: വളരെ അധികം അപകടം വരുത്തുണ്ടെന്നു വിശ്വസിക്കുന്ന വളരെ അധികം ആളുകൾ ഈ രാജ്യത്തുണ്ട്. ആ ആളുകളുടെ ഈ രാഷ്ട്രത്തിന്റെ പുരോഗതിയിൽ ഒരുമിച്ചു് കൊണ്ടുപോകണമെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ അവരുടെ അഭിപ്രായങ്ങളെ മാറ്റുന്നതിനു പുറപ്പാടുകൾ ഉണ്ടായേക്കാം. അങ്ങിനെയുള്ള ആളുകളുടെ അഭിപ്രായങ്ങളും അഭിപ്രായങ്ങളാണ്.

ശ്രീ. സി. ജി. സദാശിവൻ: അതുകൊണ്ട് അപകടമുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കണം. ദേശീയപുരോഗതിയുടെ പേരിലാണെങ്കിലും അതിനെപ്പറ്റി ആലോചിക്കണം. പ്രതിപക്ഷനേതാവു പറയുന്നതുപോലെ അത്ര വലിയ തകരാറുകൾ എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. മറ്റാരുകാര്യം പ്രതിപക്ഷനേതാവിന്റെ ആലോചനയിൽപ്പെടുത്തുകയാണ്. സ്കൂളുകളിൽ മതപരമായും, സദാചാരപരമായുമുള്ള കാര്യങ്ങൾ പഠിപ്പിക്കണമെന്നു പറയുമ്പോൾ മറ്റാരു കമ്മ്യൂണിസം വരുന്നതിനുള്ളതാണ് ഉദ്ദേശമെന്നു്. ഞാൻ അപ്പോൾ ഈ രാജ്യത്തിന്റെ കാര്യമല്ല ഇറാലിയിലെ കാര്യം പറഞ്ഞു പോയി. മാർപാപ്പാ വാണരുളുന്ന രാജ്യമാണ് ഇറാലി.

12 Noon

ശ്രീ. പി. ടി. ചാക്കോ: അന്നു് ഞാൻ നിയമസഭയിൽ പറഞ്ഞ അഭിപ്രായം വായിക്കാം. "പക്ഷെ ഗവണ്മെന്റിൽ നിന്നും അങ്ങനെയൊരു മാർഗ്ഗം (കൂടിയാലോചനയുടെ) സ്വീകരിക്കുന്നതിനു തയ്യാറാകുന്നില്ല. കൂടിയാലോചനയുടെ മാർഗ്ഗം ഗവണ്മെന്റു് സ്വീകരിക്കുന്നപക്ഷം എല്ലാവക്കും സ്വീകാര്യമായ ഒരു നടപടി ഗവണ്മെന്റിനു കൈക്കൊള്ളാൻ വിഷമമില്ലെന്നാണു തോന്നുന്നതു്. ഇന്നു് ഈ മാർഗ്ഗം സ്വീകരിക്കുവാൻ ഞാൻ പറയുകയാണു്." അന്നു് ഇതെല്ലാം പറഞ്ഞിട്ടും കൂടിയാലോചനയുടെ ആ മാർഗ്ഗം സ്വീകരിക്കുവാൻ ആരും തയ്യാറായില്ല, പാർട്ടിയും തയ്യാറായില്ല. ഇനിയും ആ മാർഗ്ഗം തുറന്നുകിടക്കുന്നു. പക്ഷെ ഒരു കാര്യമുണ്ടു്. ഇതിൽ ന്യായമായ മാറ്റങ്ങളും വരുത്താൻ കൂടി ഗവണ്മെന്റു തയ്യാറാകേണ്ടതാണു്.

ശ്രീ. സി. ജി. സദാശിവൻ: പക്ഷെ തത്വത്തിലാണു് അഭിപ്രായവ്യത്യാസമുള്ളതു്. റിസർവേഷൻ സ്വീകരിക്കണമെങ്കിൽ എത്രത്തോളം സ്വീകരിക്കാം, എങ്ങനെ സ്വീകരിക്കാം എന്ന കാര്യത്തിലാണു തർക്കം.

സർ, ഞാൻ പറഞ്ഞുവന്നതു് ഇറാലിയിലെ കാര്യമാണു്. അവിടെ മാർപാപ്പാ തിരുമേനി വാണരുളുന്നുണ്ടു്. ക്രിസ്ത്യൻ മതവിശ്വാസികളാണധികവും. ഇവിടത്തെപ്പോലെ അവിടെ നായന്മാരോ അങ്ങനെയുള്ള സമുദായങ്ങളോ ഇല്ല. പക്ഷെ, അവിടെ യൂറോപ്യന്മാരിൽ വളരെയധികം പേർ കമ്മ്യൂണിസ്റ്റുകാരാണു്.

ശ്രീ. പി. ടി. ചാക്കോ: ഇതു രണ്ടു മാസത്തിൽത്തന്നെ, പത്രവിപ്പോർട്ടിൽ കാണുന്നതു ശരിയാണെങ്കിൽ, ഇറാലിയിൽ ആളുകൾ കൂട്ടത്തോടെ കമ്മ്യൂണിസ്റ്റു പാർട്ടിയിൽനിന്നും മാറിപ്പോന്നിരിക്കുകയാണെന്നു കാണാവുന്നതാണു്.

ശ്രീ. സി. ജി. സദാശിവൻ: ഈ പ്രസ്താവനകൊണ്ടുതന്നെ അവിടെ ധാരാളംപേർ കമ്മ്യൂണിസ്റ്റു പാർട്ടിയിലുണ്ടെന്നു വെളിവാകുന്നുണ്ടല്ലോ. അപ്പോൾ അതൊന്നുമല്ല കാര്യം. പ്രായപൂർത്തിവോട്ടവകാശമായാലും ശരി, രാജവാഴ്ചയില്ലാതാക്കുന്നതായാലും ശരി, ജനപക്ഷത്തുനിന്നും ശക്തിയായ പ്രവർത്തനങ്ങളുണ്ടാകുമ്പോൾ, സ്വാധീനതാല്പര്യക്കാർ അതിനെ ശ്രദ്ധിക്കുമെന്നുള്ളതു് സ്വാഭാവികമാണു്. മന്ത്രി പത്മനാഭനും മറ്റും ഈ ഗവണ്മെന്റു പോകണമെന്നുള്ള ഒറ്റ അടിസ്ഥാനത്തിൽ പ്രക്ഷോഭണം തുടങ്ങിയിരിക്കുകയാണു്. അവരുടെ സ്വാധീനശക്തി പുലർത്തുവാൻ അനുവദിക്കപ്പെട്ടാൽ, ഈ രാജ്യത്തു പിന്നെ ഒരു ജനാധിപത്യപാർട്ടിയും, ഒരു രാഷ്ട്രീയപാർട്ടിയും നിലനിൽക്കുവാൻ പോകുന്നില്ല. ആ നിലയിൽ ചിന്താശക്തി പുലർത്തുന്നതായതൊരു നടപടിയും ഗവണ്മെന്റു ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണു് എനിക്കു പറയുവാനുള്ളതും. മന്ത്രിപ്രതികരിക്കുക ഈ രാജ്യത്തു കുറച്ചുകാലി സ്വാധീനശക്തി നിലനിൽക്കുവാൻ പോകുന്നില്ലെന്നാശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. ജി. സദാശിവൻ]

ഭരണപരിഷ്ക്കാരക്കമ്മിറ്റിയുടെ റിപ്പോർട്ട് പുറത്തുവന്നയുടൻതന്നെ, കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞു, എന്തെല്ലാം ശുപാർശകൾ റിപ്പോർട്ടിലുണ്ടായിരുന്നാലുംശരി, സംവരണം കുറേക്കാലത്തേക്ക് നീക്കാൻ പാടില്ല എന്ന്. അത്രസമയം അതെന്നന്നേക്കും ശാശ്വതമായിരിക്കാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ട്. ഒരു കാലയളവുവരെ സംവരണം തുടർന്നുപോകണമെന്നു പറഞ്ഞു. സംവരണപ്രശ്നത്തെ നാം അഭിമുഖീകരിക്കേണ്ടത് ആ ശ്വാസത്തിലാണ്. എല്ലാ സമുദായത്തിലും ഉള്ള പണക്കാർ രാഷ്ട്രത്തിന്റെ മേൽ സ്വാധീനം ചെലുത്തുവാൻ ആഗ്രഹിക്കുന്നവരാണ്. പൂർണ്ണമായ ജനാധിപത്യം പുലർത്തുവാനാഗ്രഹിച്ചുകൊണ്ട് അതിനനുസരണമായ നിയമനിർമ്മാണം നടത്തുമ്പോൾ, ജന്മിയായാലും, മുതലാളിയായാലും, ഈഴവനായാലും നായരായാലും തന്നെ ഞെരുങ്ങാതെയൊക്കുകയില്ല. അങ്ങനെ ഞെരുക്കുമ്പോൾ, എല്ലാ സമുദായത്തിലും ഉള്ള സ്വാപ്തതാവ്യക്തികൾ ഒരുമിച്ചുകൂടും. ഇപ്പോൾ അങ്ങനെ കൂടുന്നുമുണ്ട്. അവർ ഒരുമിച്ചുകൂടി രാജ്യത്തങ്ങോളമിങ്ങോളം സമുദായവിദ്വേഷം കുത്തിയിളക്കി ഈ രാജ്യത്തെ ദേശീയ ഐക്യം താറുമാറാക്കുന്ന നിലയിൽ പ്രവർത്തിച്ചുവരികയാണ്. നാം ഇവിടെ ആലോചിക്കേണ്ടത് ഈ സംവരണപ്രശ്നം എങ്ങനെ അഭിമുഖീകരിക്കണം, അതെങ്ങനെ അവസാനിപ്പിക്കണം എന്നുള്ള കാര്യത്തെപ്പറ്റിയാണ്. അക്കാര്യത്തിൽ എല്ലാവരുംകൂടി ആലോചിച്ച് ഒരു തീരുമാനമുണ്ടാക്കുന്നതു നന്നായിരിക്കും. കമ്മ്യൂണിസ്റ്റ്പാർട്ടി മാത്രം അതു ചെയ്യണമെന്നു പറഞ്ഞില്ല. എല്ലാവരുംകൂടിയാലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണ് അതു്. അതുവരെ ഇക്കാര്യത്തിൽ പുറവും നീതിയെന്നു കമ്മ്യൂണിസ്റ്റ്പാർട്ടിക്ക സത്യസന്ധമായി തോന്നുന്ന ഒരു നിലപാടാണ് ഇന്നു സ്വീകരിച്ചിരിക്കുന്നതെന്നും, അതിനെതിരായികൊണ്ടുവരുന്ന അഭിപ്രായഗതികളെ സ്വീകരിക്കാൻ നിവൃത്തിയില്ലെന്നും, കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഈ നിലപാടിനെ അനുകൂലിക്കുവാനോ, അതിനു പിന്തുണ നൽകുവാനോ, ഇന്നൊരു രാഷ്ട്രീയകക്ഷിയും തയ്യാറായി മുന്നോട്ടു വരുന്നില്ലെന്നും അതു എല്ലാ ജനാധിപത്യതത്വങ്ങൾക്കും എതിരായിട്ടുള്ള ഒരു കാര്യമാണെന്നും കൂടി പറയുവാൻ ഞാനീയവസരത്തിൽ ആഗ്രഹിക്കുന്നു. മന്നത്തു പദ്മനാഭൻ എത്ര ഗർജ്ജിച്ചാലും, പുരോഹിതന്മാർ എത്രതന്നെ മുക്രയിട്ടു ബഹളം കൂട്ടിയാലും, അവരുടെ ഈവക പടയണികളും ഈ രാജ്യത്തെ ദേശീയസമാധാനത്തിനു ഒരു പോറൽപോലും വരുത്തുവാൻ സാധ്യമല്ലെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു. എത്ര സന്നാഹങ്ങളൊരുക്കിയാലുംശരി, എത്ര ക്രിസ്റ്റാഫറന്മാരെ ഇറക്കുമതിചെയ്താലുംശരി, അവർ ഈ രാജ്യത്തു് എന്തക്രമങ്ങളും കാണിച്ചാലുംശരി, അതുകൊണ്ടൊന്നും വിശേഷമില്ല. ഇപ്പോൾ രാജ്യത്തു നടക്കുന്ന അക്രമങ്ങളെപ്പറ്റി എത്രയോ റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു എന്നു നിയമമന്ത്രി പറയുന്നുണ്ട്. ഇവിടത്തെ പ്രതിപക്ഷങ്ങൾ ഈ അക്രമത്തെ നിരുത്സാഹപ്പെടുത്തുവാനും ഇല്ലായ്മചെയ്യുവാനും യാതൊന്നും ചെയ്യാതിരിക്കുന്നിടത്തോളംകാലം ഇത്തരം റിപ്പോർട്ടുകൊണ്ടു നിഷ്പ്രയോജനം കൊണ്ടു ഫലവുമില്ല. അന്ധമായ കമ്മ്യൂണിസ്റ്റ്വിരോധംകൊണ്ടുമാത്രം അവർ ഇതൊക്കെ ചെയ്യുന്നതാണ്. ഫലത്തിൽ അതു ഈ രാജ്യത്തിനപകടകരവുമാണ്. ശ്രീ. കെ. ആർ. നാരായണൻ ഒരു പശ്ചാത്താപപ്രകടനത്തിന്റെരൂപത്തിൽ ആടിന്റെ കഴുത്തിലെ മുലപോലെയാണെന്നും മറ്റും ഇവിടെപറഞ്ഞു. അതു് ഒരുപക്ഷേ ചെയ്ത തെറ്റിനെപ്പറ്റി പശ്ചാത്തപിക്കുന്നതായിരിക്കാം.

ശ്രീ. കെ. ആർ. നാരായണൻ: ആരുചെയ്ത തെറ്റാണെന്നു അറിഞ്ഞാൽകൊള്ളാം.

ശ്രീ സി. ജി. സദാശിവൻ: സ്വയംചെയ്ത തെറ്റ്.

ശ്രീ കെ. ആർ. നാരായണൻ: ആരും സ്വയം തെറ്റു ചെയ്തില്ല. അതേ സമയം കാര്യങ്ങൾ നേരെ ചൊവ്വേ നടത്താതെ വന്നതിലുള്ള തെറ്റാണ്. അതു തെറ്റ് ഞാൻ ചെയ്തതല്ല. ഗവൺമെന്റാണ് ചെയ്തിട്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ജി. സദാശിവൻ: ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യത്തിൽ എടുത്ത അദ്യത്തെ നിലപാടും, അവിടുന്ന് പടിപ്പടിയായി കടന്നുപോന്നിട്ടുള്ള പാരോ വ്യത്യങ്ങളിലും എടുത്ത നിലപാടുകളും, ഇന്ന് എത്തിച്ചേർന്നിട്ടുള്ള നിലപാടും രണ്ടും എന്താണെന്നും ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാമല്ലോ.

ശ്രീ. കെ. ആർ. നാരായണൻ: ഗവണ്മെൻറ് നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യാതിരുന്നതിലും, അതുപോലെ നിയമംകൊണ്ടുള്ള പ്രയോജനങ്ങൾ നടപ്പിൽ വരുത്താതിരുന്നതിലും തെറ്ററിഞ്ഞായിരുന്നു എനിക്കല്ല, ഗവണ്മെൻറിനാണ്.

ശ്രീ. സി. ജി സദാശിവൻ: നിയമവും, ചട്ടങ്ങളും എല്ലാം പാസായിട്ടു വേണമല്ലൊ, നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യാനും, നടപടികളും നടത്താനും എല്ലാം. പക്ഷേ, ശ്രീ. നാരായണന്റെ തലയിൽ ചിലർ കല്ലെടുത്തു ഞങ്ങളുടെയും എറിഞ്ഞതല്ല. നിങ്ങൾ തമ്മിലാണ് അതു നടന്നതു്. അതുകൊണ്ട് ആ നിലപാടുകളെല്ലാം മാറ്റി മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി അതേപടി പാസ്സാക്കണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Mr. Speaker Shri Alexander Parambithara has just now tabled an amendment. You may move the amendment.

Shri Alexander Parambithara: Sir, I move, In Chapter XXI. Rule 8 add as a proviso the following:—

"Provided that candidates who have been certified as fully qualified to become teachers but who have not yet been absorbed into the Sirkar or aided service may not be disqualified for appointment on grounds of the age rules.

രണ്ടിനും ഞാൻ ഒരു ഭേദഗതി അവതരിപ്പിക്കുകയാണ്. വയസ്സ് ക്വിപ്പുപ്പെടുത്തുന്ന ഒരു വകുപ്പാണിതു്. എയിഡഡ് സ്കൂളുകളിൽ സർക്കാർ സ്കൂളുകളിൽ ഉള്ളതുപോലെതന്നെ നിയമനകാലത്തു് വയസ്സ് നടപ്പിൽ വരുത്തിയിരിക്കുകയാണ്. അതു മാറണമെന്നാണ് എൻറെ അഭിപ്രായം. ഇപ്പോൾ വിദ്യാഭ്യാസമന്ത്രി പറഞ്ഞതുപോലെ, ടെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാർ 6000-ത്തോളം ഉണ്ട്. ആറായിരത്തോളം വരുന്ന ഈ ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗം കിട്ടാതെ വിഷമിക്കുകയാണ്. അവരുടെ യോഗ്യതകൾ നോക്കിയാൽ, അവരെ അദ്ധ്യാപകന്മാരായിട്ടല്ലാതെ നിയമിക്കാൻ തരമില്ല. അവരിൽ വളരെപ്പേർ സർക്കാർ ഉദ്യോഗത്തിനായി ക്വിപ്പുതപ്പെടുത്തിയിട്ടുള്ള വയസ്സു് കഴിഞ്ഞുപോയവരായിരിക്കും. അതു് അവരുടെ കുറ്റംകൊണ്ടല്ല. ഈ ആറായിരംപേരിൽ മൂവായിരത്തോളംപേർക്കും ഇക്കാരണത്താൽ ഒരിക്കലും ജോലികിട്ടാൻ സാധ്യമല്ലാതായിപ്പോകും. അവർക്ക് എക്സംപ്ഷൻ കൊടുക്കണമെന്നാണ് എൻറെ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്.

Mr. Speaker: Shri Bhargavan, I can give you some time if you want. When the Leader of the Opposition was called upon to speak, my idea was that the debate would be over by his speech. But afterwards, some other members were allowed to speak. If you are so very particular to speak you can take 15 to 20 minutes.

ശ്രീ. കെ. ഭാർഗ്ഗവൻ: സർ, ഇവിടെ ഗവണ്മെൻറ് ഭാഗത്തുനിന്നും അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയെ പരാമർശിച്ചു് മറ്റു പല കാര്യങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. മാർക്കോസ്]

പ്രതിപക്ഷങ്ങളും സംസാരിക്കുകയുണ്ടായി. ആ കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പറയാൻ ഈ അവസരത്തിൽ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ പ്രതിപക്ഷനേതാവ് കമ്മ്യൂണിസ്റ്റ് പാർട്ടി രാജ്യക്ഷേമത്തെക്കരുതി മറ്റു പാർട്ടികളുമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. പ്രതിപക്ഷങ്ങളിൽനിന്നുണ്ടാകുന്ന ന്യായമായ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും, മൗലികമായ തത്വങ്ങളെ ബലികഴിക്കാതെ യോജിക്കാവുന്ന കാര്യങ്ങളിൽ എല്ലാം യോജിക്കുന്നതിനും കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം അങ്ങനെ യോജിക്കാതിരിക്കുന്ന ഒരു മനോഭാവം ഇല്ലെന്ന് ഉറപ്പിച്ചുപറയാം. വിദ്യാഭ്യാസനിയമത്തിൽ 11-ാംവകുപ്പ് ഉൾപ്പെടുത്തിയപ്പോഴും, അതിനുവേണ്ടി ചട്ടങ്ങൾ നിർമ്മിച്ചപ്പോഴും ഞങ്ങൾക്കുണ്ടായിരുന്ന ഉദ്ദേശം രണ്ടാണ്. ഒരുപ്രവാറ സ്കൂളുകളിലെ മാനേജ്മെന്റുകൾക്ക് സ്കൂളിന്റെ നടത്തിപ്പിലും അദ്ധ്യാപകന്മാരുടെ നിയമനങ്ങളിലും അനിയന്ത്രിതമായ അവകാശാധികാരങ്ങൾ ഉണ്ടാകാൻ പാടില്ലാ എന്നുള്ളതാണ് ഒന്ന്. ഈ രാജ്യത്തെ മുതലെടുപ്പിൽ മുന്നിലൊന്നായി വരുന്ന ഒരു സംഖ്യ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നുണ്ട്. അതിൽ വലിയൊരു സംഖ്യ ഒരുപ്രവാറ സ്കൂളുകളിലെ ആവശ്യത്തിനുവേണ്ടി ചിലവാക്കുന്നതാണ്. ഒരുപ്രവാറ സ്കൂളുകളിലെ മെയിന്റനൻസ് ഉൾപ്പെടെ വലിയൊരു സംഖ്യ ഒരുപ്രവാറ വിദ്യാലയങ്ങൾക്കുവേണ്ടി ചെലവാക്കുന്നുണ്ട്. അതുകൊണ്ട് ഒരുപ്രവാറ സ്കൂൾ അദ്ധ്യാപകന്മാരുടെ നിയമനകാര്യത്തിൽ ഗവണ്മെന്റിനു ഒരു നിയന്ത്രണം ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണ്. ഈ തത്വം അല്പാല്പമായിട്ടെങ്കിലും, എല്ലാ കാലങ്ങളിലും ഉണ്ടായിരുന്ന ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ളതുമാകുന്നു.

രണ്ടാമതായത്, ഗവണ്മെന്റ് മുതലെടുപ്പിൽനിന്ന് ഇതിലേയ്ക്ക് ഭീമമായ ഒരു സംഖ്യ ചിലവാക്കുന്നതുകൊണ്ട് ഈ രാജ്യത്ത് പിന്നോക്കസമുദായങ്ങൾക്ക് പബ്ലിക് മേഖലകളിൽ ലഭിക്കുന്ന ആനുകൂല്യം ഒരുപ്രവാറ വിദ്യാലയങ്ങളിലും ലഭിക്കണം എന്നുള്ളതാണ്. ഈ രണ്ടുകാര്യങ്ങളും ഉൾക്കൊള്ളിച്ചുചേത്തിട്ടുള്ളതാണ് ഈ 11-ാംവകുപ്പ്. ഇവിടെ ഹാജരാക്കപ്പെട്ട റൂളിലും അതാണ് ഉദ്ദേശിച്ചിരിക്കുന്നതു്. ഈ ഉദ്ദേശം നിറവേറ്റിക്കിട്ടുവാൻ പര്യാപ്തമായ ക്രിയാത്മകമായ ഏതെല്ലാം കാര്യങ്ങളാണ് ഈ റൂളിൽ ഉൾപ്പെടുത്തിക്കാൻ കഴിയുമോ അവ ഉൾപ്പെടുത്തിക്കിട്ടുവാൻ ഞങ്ങളും തയ്യാറാണ്. അദ്ധ്യാപകരുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം അനിയന്ത്രിതമായ അവകാശം മാനേജ്മെന്റിനു ഉണ്ടായിരിക്കേണ്ടതായ തത്വം ഞങ്ങളും അംഗീകരിക്കുന്നില്ല. അവരുടെമേൽ, അല്ലെങ്കിൽ അവരുടെ നിയമനത്തിന്റെ കാര്യത്തിൽ ഗവണ്മെന്റിനു് ഏതുതോതിലും നിയന്ത്രണാധികാരം ഉണ്ടായിരിക്കണം. അഥവാ നിയന്ത്രണം തന്നെ വേണ്ടയോ, എന്നതിനെപ്പറ്റി കാൺഗ്രസ് പാർട്ടിയും, മറ്റു പ്രതിപക്ഷങ്ങളും അവരുടെ അഭിപ്രായങ്ങളും ഇന്നു പറഞ്ഞാൽ കൊള്ളാം. ഗവണ്മെന്റ് കോരിക്കണക്കിനു തുക ഒരുപ്രവാറ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളത്തിനും മറ്റുമായി ചെലവാക്കിക്കൊണ്ടിരിക്കുമ്പോൾ, ഒരുപ്രവാറ വിദ്യാലയങ്ങളുടെമേൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ആവശ്യമാണെങ്കിൽ അതു് എത്രത്തോളം വേണം. അല്പാല്പമായി ആ നിയന്ത്രണം വരുത്തിയാൽമതിയോ, എന്നുള്ളകാര്യത്തെപ്പറ്റി പ്രതിപക്ഷങ്ങളുടെ അഭിപ്രായം എന്താണെന്നും ഇന്നുപറഞ്ഞാൽ കൊള്ളാം.

രണ്ടാമതു്, ശ്രീ. കെ. ആർ. നാരായണൻ ഇപ്പോൾ ഈ സഭയിൽ ഉന്നയിച്ചിരിക്കുന്ന തത്വമനുസരിച്ച്, എല്ലാ കാമ്പിലെഹഡ് ഹാൻഡ്സിനെയും ചേർത്തു് ഒരു ലിസ്റ്റ് തയ്യാറാക്കുകയും, ആ ലിസ്റ്റിൽനിന്നും ഇഷ്ടമുള്ളവരെ മാനേജ്മെന്റ് നിയമിക്കുകയും ചെയ്താൽ സംവരണതത്വം പാലിക്കപ്പെടുമോ എന്നുള്ളതാണ്. ഈ പദ്ധതിയനുസരിച്ച് അദ്ധ്യാപക നിയമനം നടത്തിയാൽ എല്ലാ അവശസമുദായക്കാർക്കും പ്രാതിനിധ്യം കിട്ടുകയില്ല. അവിടെ ലിസ്റ്റുണ്ടാക്കുന്നതു തത്വം പാലിക്കപ്പെടുകയില്ല. രണ്ടാമതു് അങ്ങനെ തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽ അവശവിഭാഗമല്ലാത്തവരിൽനിന്നുമായിരിക്കും കൂടുതലായി ചേരുകയും കാലക്രമേണ പിന്നോക്കവിഭാഗത്തിൽപ്പെട്ട ചില സമുദായങ്ങളിൽ നിന്നും ലഭിക്കുന്ന കാൻഡിഡേറ്റ്സ് വളരെ വളരെ

LIBRARY ARCHIVES Kerala Legislative Assembly

കുറവായിരിക്കും. അങ്ങനെ പിന്നോക്കസമുദായക്കാർ കുറവും, മുന്നോക്ക സമുദായക്കാർ കൂടുതലും ആയിവരുന്ന ഒരുലിസ്റ്റിൽനിന്നും നിയമനങ്ങൾ നടത്തുമ്പോൾ സ്വാഭാവികമായും, പിന്നോക്കസമുദായക്കാർക്ക് കിട്ടേണ്ട ഗുണം കിട്ടുകയില്ല. ഈ കുറവ് രാഷ്ട്രീയമായ ഒരു അഡ്ജസ്റ്റ്മെൻറിനുവേണ്ടി വകവച്ചുകൊടുക്കുവാൻ തയാറാണെന്നു് ശ്രീ. നാരായണൻറെ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഈ നിയമസഭയിലെ പ്രതിപക്ഷകക്ഷികൾ അതെങ്ങനെ അങ്ങനെ വച്ചുകൊടുക്കുവാൻ തയാറാണെന്നു് പറഞ്ഞാൽ ശരിയാണെൻറു് ഗൗരവതരമായി അതേപ്പറ്റി ആലോചിക്കണം. അതുകൊണ്ടു് രണ്ടു കാര്യങ്ങളാണു് പ്രധാനമായി അറിയേണ്ടിയിരിക്കുന്നതു്. ഒന്നാമതു്, അദ്ധ്യാപകന്മാരുടെ നിയമനത്തിൽ അനിയന്ത്രിതമായ അവകാശം മാനേജ്മെൻറിനു് കൊടുക്കുവാൻ സാദ്ധ്യമല്ലെങ്കിൽ എത്രത്തോളം നിയന്ത്രിക്കാം? രണ്ടാമതു്, ഇവിടെ ഉന്നയിക്കപ്പെട്ട നിർദ്ദേശപ്രകാരം പ്രൈവറ്റ വിദ്യാലയങ്ങളിലേയ്ക്കു നിയമനങ്ങൾ നടത്തിയാൽ, അതുകൊണ്ടു് പിന്നോക്കസമുദായങ്ങൾക്കുണ്ടാകാവുന്ന ദോഷഫലങ്ങൾ അനുഭവിക്കേണ്ടതാണു്, എന്നാണോ അഭിപ്രായം? ശ്രീ. കെ. ആർ. നാരായണൻ ഉൾപ്പടെയുള്ള പ്രതിപക്ഷങ്ങൾക്കു് അതാണു് അഭിപ്രായമെങ്കിൽ അതേപ്പറ്റി ശരിയെൻറു് ആലോചിക്കേണ്ടതാണു്.

ഭൈവവിശ്വാസമുള്ള അദ്ധ്യാപകന്മാരെവേണം തങ്ങളുടെ സ്കൂളുകളിൽ നിയമിക്കപ്പെടുവാൻ എന്നു് മാനേജ്മെൻറുകൾ ആഗ്രഹിക്കുന്നുണ്ടെന്നു് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു് പറയുകയുണ്ടായി. അതിനെപ്പറ്റി എനിക്കും ചിലതൊക്കെ പറയുവാനുണ്ടെങ്കിലും, ഞാൻ അതിലേക്കു കടക്കുന്നില്ല. ഇന്ന മതവിശ്വാസമുള്ളവരായിരിക്കണം തങ്ങളുടെ സ്കൂളുകളിൽ നിയമിക്കപ്പെടുവാനെന്നു് മാനേജ്മെൻറു് ശഠിക്കുന്നതും, അതു് നടിയാണെന്നു് വാദിക്കുന്നതും സങ്കടകരമാണു്. പ്രതിപക്ഷനേതാവിൻറെ ഈ യുക്തി അല്പംകൂടി വലിച്ചുനീട്ടിയാൽ ഈ രാജ്യത്തു് മതവിശ്വാസിയായ യാതൊരദ്ധ്യാപകനേയും ചിലടത്തു് നിയമിക്കുവാൻ സാദ്ധ്യമല്ലെന്നവരും. ഒരു കാസ്മോപോളിറ്റൻ സ്കൂളിൽ ഒരു പ്രത്യേകമതവിശ്വാസിയോ, അല്ലെങ്കിൽ ഭൈവവിശ്വാസിയോ ആയ ഒരു അദ്ധ്യാപകനെ എങ്ങനെ നിയമിക്കും? അതുകൊണ്ടു് അത്തരം വാദഗതികളെല്ലാം കുറെ കടന്നകൈയ്യാണു് എന്നുമാത്രം പറഞ്ഞുകൊള്ളട്ടെ. ചിലപ്പോൾ വാദങ്ങൾ ഇല്ലാതെവരുമ്പോൾ ഇങ്ങനെയൊക്കെ പറയും. ആ വാദങ്ങൾക്കൊന്നും വലിയ കഴമ്പില്ല.

ഞാൻ മുമ്പു് ഉന്നയിച്ച വാദങ്ങൾ പ്രതിപക്ഷങ്ങൾ അംഗീകരിക്കുന്നുണ്ടോ എന്നും, അവർക്കെന്താണു് ഇക്കാര്യത്തിൽ പറയാനുള്ളതെന്നു് ഇനിയും പറയാൻ അവർ ആഗ്രഹിക്കുന്നുണ്ടോ എന്നും അറിയാൻ എനിക്കാഗ്രഹമുണ്ടു്.

Shri R. Raghava Menon: Sir, I cannot criticise my colleagues very seriously. Some times we go a little beyond.

Mr. Speaker: Improvements are proposed to be made regarding the acoustics of the Hall. The Chief Engineer has been consulted and as a result it is proposed to have a mike for each desk, and to remove the fans and I have asked the chief Engineer about the advisability of making the hall air conditioned. That is the comprehensive idea of improvement of audibility. Till then we must accommodate with the present arrangement. Mr. Raghava Menon has been allowed to speak from a position from which he could be heard.

Shri R. Raghava Menon: The question before us, Sir, is a part of a wide question. The Education Bill is much contested

LIBRARY ARCHIVES Kerala Legislative Assembly

[Shri R. Raghava Menon]

and still the public are agitating against it. I need not or rather should not enter into the merits of that. The Education Bill has been passed with the consent of the supreme court; that is true. But why are these managers who run schools efficiently in the state not treated well and their privileges and authority very largely encroached upon? Now I refer to that because we are now discussing the rules framed to enforce that act. Hence it becomes necessary for us to advert to some of i s provisions It cannot be denied that Education is one of the most important subjects and any Government that is functioning—I am not criticising the party in power, I am only speaking about a principle which is generally accepted—must not interfere with matters which are not meant for the time being but which are meant for the future also. And, as such the Government when they introduce a legislation should take into account the needs of the whole country. So we must have in our view a comprehensive legislation which do not give room for any section to complain. The benefit of the legislation should not be confined to a portion of the people. At least it must be a satisfactory to a majority of the people. Nor should it affect the existing interests that are responsible for propagating education and bringing a level of efficiency in the State. But unfortunately our Education Act affects those interests. Now private managements are running the majority of schools in the State. They are not allowed the freedom that they were enjoying hitherto.

Sir, we are preparing our children to be future citizens who are responsible for shaping the destiny of our country in future and for that we are spending 1/3 of our revenue. Even now it is not too late. As the Leader of the opposition said we can consider about the rules and the Act itself. When people are dissatisfied there is no disgrace in changing it. In administration there is no question of prestige or finality. So, I doubt very much that the Education Rules have not very much respected the principles of parliamentary Government.

ശ്രീ. ആർ പ്രകാശം: എന്താണ് സർ, ഇപ്പറയുന്നതെന്ന അദ്ദേഹത്തോട് ചോദിച്ചു് ഒന്നു പറഞ്ഞുതന്നാൽ കൊള്ളാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: നിയമനിർമ്മാണത്തിന്റെ പൊതുതത്വങ്ങളെപ്പറ്റി പ്രതിപാദിക്കുകയാണെന്നു തോന്നുന്നു. അതു കുറച്ചുകൂടി വിശദമാക്കി പറഞ്ഞാൽ കൊള്ളാം.

Shri R. Raghava Menon: Two of my Hon: Colleagues just now considered it as a very simple thing. No doubt no party disagrees with the question that it can be reconsidered. We have to give reservation compatible with the practical working of the institution. We want to give reservation for the appointment of teachers by private managers. The private manager's right is not to be interfered with. Let us not quarrel with the principle of reservation. It must be a question of the community's economic ability to pay. Till that is achieved we can't say that we shall not give reservation. I suppose the leader of the opposition will also agree to this view.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: മാനേജരന്മാർക്ക് പരിപൂർണ്ണമായി പണ്ടത്തെ മാതിരിതന്നെ സ്വാതന്ത്ര്യം അനുവദിക്കണമെന്നാണോ?

ശ്രീ. ആർ. രാഘവമേനോൻ. എന്നല്ല.

Mr. Speaker: Order, Order. Mr. Raghava Menon, you can continue next day. The House will now adjourn to meet again at 8 A. M. on Saturday the 23rd May 1959.

The Assembly adjourned at 12-30 p.m. to meet again at 8 A.M. on Saturday, the 23rd May 1959.

LIBRARY ARCHIVES Kerala Legislative Assembly